Date of Publication: 9 മാർച്ച് 2019
വോള്യം 17/ലക്കം 2 / വില 20/-
ISSN 2319 - 9741

അന്വേഷി പ്രസിദ്ധീകരണം

# സംഘടിത



# ദലിത് സ്ത്രീവാദം



ചിത്രം കടപ്പാട്: **ഇന്റർനെറ്റ്**

# സംഘടിത


**സംഘടിത/ മാർച്ച് 2019/വോള്യം 17/ലക്കം 2**



അധിനിവേശത്തിന്റെ കോളനിയിടങ്ങൾ 6
**മായാ പ്രമോദ്**

പൊതുബോധങ്ങളോടുള്ള ദലിത് കലഹങ്ങൾ 10
**ധന്യ രാമൻ**

ആദിവാസിസ്ത്രീ കേരളത്തിൽ - ചില ചിന്തകൾ 13
**ജാനകി ജെയിൻ**

വടയമ്പാടി ജാതിമതിൽ സമരം 15

വേഷങ്ങളുടെ ജാതിയടയാളങ്ങൾ 16
**ധന്യ മാധവ്**

ദലിത്ക്രൈസ്തവ സ്ത്രീ മുന്നേറ്റങ്ങൾ 19
**സോണിമ ജേക്കബ്ബ്**

പ്രത്യക്ഷാരക്ഷാദൈവസഭയും സ്ത്രീപദവികളും 23
**റസീന റോയ്**

ട്രാൻസ്ജെൻഡർ ദലിത് ജീവിതം 25
**വിജയരാജമല്ലിക**

ശബരിമല കയറിയ ദലിത് സ്ത്രീകൾ 27

നിർണ്ണായകമായ ഈ തെരഞ്ഞെടുപ്പ് 29
പെൺപക്ഷം/**കെ അജിത**

സ്ലേറ്റ് 30
കവിത/**അൽക്കാ ഉണ്ണികൃഷ്ണൻ**

പോരാട്ടവഴികളിലൂടെ 34

കാട്ടുനായ്ക്കർ വിഭാഗങ്ങളുടെ ജീവിതവും കാടും 36
**ചിത്ര നിലമ്പൂർ**

സ്ത്രീയെന്ന വ്യക്തി 38
വാസ്തവം/**ഡോ. ജാൻസി ജോസ്**

ഇന്ത്യൻ ഭരണഘടന: പുനർവായിക്കപ്പെടേണ്ട മാനിഫെസ്റ്റോ 39
**വിനീത വിജയൻ**

പ്രളയാനന്തര ജീവിതത്തിന്റെ നേർക്കാഴ്ചകൾ 43
**മൃദുലാദേവി ശശിധരൻ**

പോരാട്ടങ്ങളുടെ ഊർജ്ജശക്തി - ദാക്ഷായണി വേലായുധൻ 45

സുബർക്കത്തിലെ ഹൂറി 46
കഥ/**ഷബ്ന മറിയ**

മലയാള ദലിത്കവിതയിലെ ഭാഷാരാഷ്ട്രീയം 53
**സതി അങ്കമാലി**

അംബേദ്കർ സ്റ്റുഡൻസ് അസോസിയേഷൻ ദലിത് ഹർത്താൽ 55
കാഴ്ച്ചപ്പാടുകൾ/**ലിൻസി തങ്കപ്പൻ, മൃദുലാദേവി ശശിധരൻ**

പെൺപോരാട്ടത്തിന്റെ തായ്‌വഴികൾ 56
വഴിത്താരകൾ/**ജാനകി**

യുദ്ധം 59
കവിത/**എയില ബൗദ്ധ്**

അന്താരാഷ്ട്ര സ്ത്രീദിനം 60
അന്വേഷി റിപ്പോർട്ട്

ലുലുവും നാനയും ഹി ജിയാൻകുയിയും 61
ശാസ്ത്രം/**സീമാ ശ്രീലയം**




**ഫോട്ടോ ഫീച്ചർ : വ്യക്തികൾ, വഴികാട്ടികൾ**


**എഡിറ്റർ:**ഡോ. ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ:**കെ.അജിത **എക്സി.എഡിറ്റർ :** ഡോ. ജാൻസി ജോസ്, **ഗസ്റ്റ് എഡിറ്റർ:** മൃദുലാദേവി ശശിധരൻ, **പത്രാധിപസമിതി**: രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, അഡ്വ.കെ.കെ.പ്രീത, ഡോ. ഷീബ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, സോണിയ ജോർജ്. **എക്സിക്യൂട്ടീവ് കമ്മിറ്റി** : അമീറ വി.യു, ഡോ.ഷർമ്മിള.ആർ, ഗാർഗി ഹരിതകം, ഡോ.മുത്തുലക്ഷ്മി കെ., ഡോ. മിനി പ്രസാദ്, ശ്രീജിത **ഉപദേശകസമിതി** : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ**ലേഔട്ട് & കവർ** : ശാലിനി.പി.എം., **വെബ്സൈറ്റ്** : വസന്ത പി. **പ്രിന്റിംഗ്** : ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com
Federal Bank, A/c.No. 14130100072122, IFSC: FDRL0001413

# മുഖപ്രസംഗം



ഷീബ കെ.എം.

ഫുൽവാമയിലെ ഭീകരസ്ഫോടനങ്ങളുടേയും തിരിച്ചുള്ള 'രാജ്യവീര്യ' പ്രത്യാക്രമണങ്ങളുടേയും ആഘാതത്താൽ തകർന്ന ദേശമനഃസ്സാക്ഷി വിവേകത്താൽ ചോദിക്കുന്നൊരു ചോദ്യമുണ്ട് – യുദ്ധം കൊണ്ട് ആർക്കാണ് നേട്ടം? പരസ്പര സംഭാഷണങ്ങൾക്കോ സന്ധികൾക്കോ വഴിയൊരുങ്ങുന്നതിനും മുമ്പ് ധൃതിപ്പെട്ടുണ്ടാവുന്ന പടയൊരുക്കങ്ങൾക്ക് ദേശസുരക്ഷയെന്ന ന്യായീകരണം വിശ്വാസയോഗ്യമാണോ? സംഘർഷങ്ങളിൽ കൊഴിഞ്ഞു പോകുന്ന ജീവനുകൾ, തകരുന്ന കുടുംബങ്ങൾ – ഈ വിലയൊക്കെ അവശ്യം ഒടുക്കേണ്ടതു തന്നെയോ?

1989–ൽ ദക്ഷിണേഷ്യയിലെ സ്ത്രീവാദിക്കൂട്ടായ്മ 'സൗത്ത് ഏഷ്യൻ ഫെമിനിസ്റ്റ് ഡിക്ലറേഷൻ' എന്ന പേരിൽ ഒരു പ്രഖ്യാപനം പ്രസിദ്ധീകരിക്കുകയുണ്ടായി. മുപ്പത് കൊല്ലം മുമ്പേ തന്നെ നാമിപ്പോൾ ജീവിക്കുന്ന കാലത്തെ മുന്നിൽ കണ്ട ആ രേഖയിൽ ഇങ്ങനെ പറയുന്നു: 'രാജ്യതാൽപര്യങ്ങൾക്കു വേണ്ടി എന്ന ന്യായീകരണങ്ങളിൽ ആയുധശേഖരങ്ങൾ വർദ്ധിപ്പിക്കുന്നത് ഓരോ രാജ്യത്തും പതിവായിരിക്കുന്നു. സ്വന്തം രാജ്യത്തിന്റെ അഖണ്ഡത കാത്തു സൂക്ഷിക്കാൻ മറ്റൊരു രാജ്യത്തെ അല്ലെങ്കിൽ മതവിഭാഗത്തിലെ ജനങ്ങളെ കൊല്ലുകയും അപമാനിക്കുകയും ഭീഷണിപ്പെടുത്തുകയുമൊക്കെ ചെയ്യുന്നത് സാധ്യവും അംഗീകരിക്കപ്പെട്ടതുമായ പ്രവണതയായിരിക്കുന്നു... സമൂഹത്തിന്റെ സൈനികവൽക്കരണം നമ്മുടെ ജീവിതത്തെ അതിക്രമപൂർണ്ണമാക്കുന്നു. സ്ത്രീകളെ സംബന്ധിച്ച് ഈ അവസ്ഥ കുടുംബത്തിനകത്തും 'രാജ്യം കാക്കുന്ന' വരിൽ നിന്നുമുള്ള വർദ്ധിത അതിക്രമത്തിന് അനുമതി നൽകുന്ന ഒന്നാവുന്നു. സൈനികസംഘർഷാവസ്ഥകളിൽ സാധാരണ ജീവിതം താറുമാറാകുമ്പോൾ കുടുംബം നിലനിർത്താനുള്ള സ്ത്രീകളുടെ സ്വതവേയുള്ള തത്രപ്പാടുകൾ കൂടുതൽ ഭാരിച്ചതാകുന്നു' – ഇങ്ങനെ തുടരുന്ന ഈ പ്രഖ്യാപനം ദക്ഷിണേഷ്യൻ മേഖലയെ യുദ്ധവിമുക്തമാക്കണമെന്ന ഗൗരവമേറിയ ആവശ്യം ശക്തമായി ഉന്നയിക്കുകയുണ്ടായി. യുദ്ധവെറി കൊണ്ടും ഏറ്റുമുട്ടൽ കൊണ്ടും ഏറ്റവും ദുരിതമനുഭവിക്കുന്നവർ സ്ത്രീകളാണെന്ന തിരിച്ചറിവിന് അടിവരയിടുകയായിരുന്നു ഈ രേഖ. ആനുകാലിക രാഷട്രീയപരിസരങ്ങളിൽ ഏറെ പ്രസക്തിയുള്ള ഈ പ്രഖ്യാപനം ദേശരാഷ്ട്ര അതിർത്തികൾക്കപ്പുറം സ്ത്രീസാഹോദര്യത്തിന്റെ മുൻകൈയിൽ പുലരേണ്ടുന്ന സമാധാനത്തിന്റെ കൂടി ആഹ്വാനമാവുകയാണിപ്പോൾ.

തെരഞ്ഞെടുപ്പ് കാലം അടുത്തുവരുന്നു. രാഷ്ട്രീയ മണ്ഡലത്തിൽ സാഹചര്യങ്ങൾക്കനുസൃതമായി അഴിച്ചുപണികൾ നടക്കുന്നുണ്ട്. വലിയ പ്രഖ്യാപനങ്ങളും അസാധാരണ കൈകോർക്കലുകളും അധികാരം പങ്കുവെയ്ക്കലുകളുമൊക്കെ തകൃതിയായി നടക്കുകയും ചെയ്യുന്നു. കേരളത്തിൽ സ്ഥാനാർത്ഥി പട്ടികകളും പ്രഖ്യാപിക്കപ്പെട്ടു തുടങ്ങി. വോട്ടിനും സാമൂഹ്യമാറ്റത്തിനും അണിചേരാൻ വേണ്ടിയിട്ട് മാത്രമല്ലാതെ നേതൃസ്ഥാനങ്ങളിലേക്കുള്ള പരിഗണനയിൽ സ്ത്രീകളോട് ജനാധിപത്യമര്യാദകൾ പാലിക്കാൻ നമ്മുടെ രാഷ്ട്രീയ പാർട്ടികൾക്ക് ഇനിയും കഴിയാത്തതെന്താണ്? രാഷ്ട്രീയം ഇപ്പോഴും പുരുഷന്റെ കുത്തകയായി നിലനിർത്തുന്നതെന്തുകൊണ്ടാണ്? ഓരോ വോട്ടിന്റെ കൂടെ ഈയൊരു ചോദ്യവും കൂടി കൂട്ടിച്ചേർക്കപ്പെടേണ്ടതുണ്ട് ഈയവസരത്തിൽ. അതോടൊപ്പം സ്ത്രീകൾ രാഷ്ട്രീയ ബദലുകൾ കൂടി ആലോചിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു എന്നും പറയേണ്ടിയിരിക്കുന്നു.

പരീക്ഷാകാലമായതോടെ ഉദ്യോഗസ്ഥകൾ കൂട്ടയവധികളിലേക്ക് പ്രവേശിക്കുകയോ താൽക്കാലിക സ്ഥലംമാറ്റം വാങ്ങുകയോ ചെയ്യുന്നതായി കാണുന്നു. പരസ്യങ്ങളിൽ പ്രചരിപ്പിക്കും പോലെ രാത്രി ഉറക്കമിളച്ചും പോഷകാഹാരങ്ങൾ പാകം ചെയ്തുകൊടുത്തും ക്ഷമയോടെ കുട്ടികളുടെ പരീക്ഷാപരീക്ഷണങ്ങൾക്ക് തുണയാവുന്ന ഉത്തരവാദിത്വങ്ങളിലാണ് സ്ത്രീകൾ. റസിഡന്റ്സ് അസ്സോസ്സിയേഷനുകൾ ഈ പ്രവണതകൾക്ക് ആക്കം കൂട്ടി അമ്മമാർക്ക് ഇക്കാര്യത്തിൽ വൈദഗ്ദ്ധ്യം നൽകാൻ ശ്രമിക്കുന്നു. കുട്ടികളുടെ പഠനമുൾപ്പടെയുള്ള അനേകം കാര്യങ്ങളിൽ കുടുംബം ഒരു കൂട്ടുത്തരവാദിത്വ ഇടമാണെന്ന് സ്ഥാപിച്ചെടുക്കാൻ ഒരു നൂറ്റാണ്ടെങ്കിലും അണുകുടുംബ പരിസരങ്ങളിൽ ജീവിച്ച നാം മലയാളികൾക്ക് കഴിയാത്തതെന്താണ്? പുരോഗമന ചിന്തയും നവോത്ഥാന മൂല്യബോധങ്ങളും അനുഭവവേദ്യം കൂടി ആകേണ്ടതില്ലേ?

രണ്ടു നൂറ്റാണ്ടോളം എത്തി നിൽക്കുന്ന സ്ത്രീവാദ ജ്ഞാനപരിസരങ്ങൾക്കൊരു ചരിത്രമുണ്ട്. ഉദാരതാവാദപരിസരങ്ങളിൽ നിന്ന് തുടങ്ങി അവകാശ /സമത്വ ചർച്ചകളിലൂടെയും പിന്നീട് പല കൈവഴികളിലൂടെയും സഞ്ചരിച്ച സമര ചരിത്രം. 1960 കളുടെ രണ്ടാം തരംഗ സ്ത്രീവാദകാലത്ത് വർണ്ണവിവേചനം അനുഭവിക്കുന്ന സ്ത്രീകൾ സ്ത്രീവാദത്തിന്റെ വർണ്ണാന്ധതയെക്കുറിച്ചും വെളുത്ത, സ്ത്രീപുരുഷ ലൈംഗികമാനക പ്രകാരമായ പക്ഷപാതിത്വങ്ങളെക്കുറിച്ചും കാതലായ വിമർശനകളുന്നയിച്ചു. സ്വവർഗ്ഗാനുരാഗികളും ഈ വിമർശനത്തിൽ പങ്കു ചേർന്നു.പല തലങ്ങളിലുമുള്ള അടിച്ചമർത്തലുകളും അതിക്രമങ്ങളും സ്ത്രീവാദങ്ങളുടെ പരിഗണനയിലേക്ക് പ്രവേശിപ്പിക്കാൻ ഈ ഇടപെടലുകൾ സഹായകമായി.ഇന്ത്യയിൽ ജാതിഹിംസയുടെ യാഥാർത്ഥ്യത്തെ ഉൾക്കൊള്ളാതെ സ്ത്രീവാദത്തിന് ഇന്ന് ജനാധിപത്യവൽക്കരണത്തെക്കുറിച്ച് സംസാരിക്കുക അസാധ്യമായിരിക്കുന്നു. കേരളീയ സാമൂഹ്യതയിൽ സജീവമായ പോരാട്ടധാരയായ ദലിത് സ്ത്രീവാദത്തെ അവതരിപ്പിക്കുകയാണ് മൃദുലാദേവി ശശിധരൻ അതിഥി പത്രാധിപയായ ഈ ലക്കം സംഘടിത. അന്താരാഷ്ട്ര വനിതാദിനം ഉൾക്കൊള്ളുന്ന മാർച്ച് മാസത്തിൽ സ്ത്രീവാദത്തിന്റെ ഇനിയും ശക്തമായി ഏറ്റെടുക്കേണ്ട ദൗത്യങ്ങളെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തൽ കൂടിയാവട്ടെ ഈ ലക്കത്തിലെ ചർച്ചകൾ എന്നാഗ്രഹിക്കുന്നു.

## അതിഥിപത്രാധിപക്കുറിപ്പ്



**മൃദുലാദേവി ശശിധരൻ**

# ജനാധിപത്യപരമാകേണ്ട രാഷ്ട്രീയഭാവനകൾ

**കാ**ശ്മീർ മുതൽ കന്യാകുമാരി വരെയുള്ള ഭൂഭാഗത്തിൽ അധിവസിക്കുന്ന ഇന്ത്യൻ ജനത ആശയങ്ങൾ, രാഷ്ട്രീയ മുൻഗണന, ജ്ഞാനബോധങ്ങൾ, ഭക്ഷണരീതികൾ, ശീലങ്ങൾ, വിശ്വാസങ്ങൾ ഇവയിലൊക്കെ വൈവിധ്യങ്ങൾ പുലർത്തുന്നു. അംബേദ്കർ പ്രാതിനിധ്യജനാധിപത്യം എന്ന ആശയം ഭരണഘടനയിൽ എഴുതിച്ചേർത്തപ്പോൾ ഇനി വരുന്ന തെരഞ്ഞെടുപ്പുകളിൽ ബഹുസ്വരതയുടെ രാഷ്ട്രീയം പ്രാവർത്തികമാകുമെന്നു പ്രതീക്ഷിച്ചുകാണും. എന്നാൽ സാമൂഹികജനാധിപത്യം ഭരണഘടനയിൽ മാത്രമൊതുങ്ങുകയും മധ്യവർത്തി സമൂഹം അധികാരം കൈയ്യാളുകയും ചെയ്തുപോന്നു. ദലിതുകൾ, ആദിവാസികൾ, പിന്നാക്കവിഭാഗങ്ങൾ, ലൈംഗികന്യൂനപക്ഷങ്ങൾ, ട്രാൻസ് സമൂഹങ്ങൾ, സ്ത്രീകൾ, കുട്ടികൾ, മത്സ്യത്തൊഴിലാളികൾ, തോട്ടം തൊഴിലാളികൾ, വൃദ്ധർ,ഭിന്നശേഷിക്കാർ എന്നിങ്ങനെ അനവധി വിഭാഗങ്ങൾ അരികുവൽക്കരിക്കപ്പെട്ടു പോയ ഒരു വ്യവസ്ഥയാണ് ഇപ്പോഴും ഇന്ത്യയുടേത്. അതിനാൽത്തന്നെ സാമൂഹികനീതി ജാത്യവസ്ഥയുടെയും അരികവസ്ഥയുടെയും അളവുകോലുകൾ കൊണ്ടാണ് അളക്കപ്പെടേണ്ടതും. എല്ലാ ലോകരാജ്യങ്ങളെയും പോലെ ഇന്ത്യയും സ്ത്രീകൾക്കു ലഭിക്കേണ്ട അവകാശങ്ങളെക്കാൾ, സ്ത്രീ ചെയ്യേണ്ട കടമകളെപ്പറ്റി ഉദ്ബോധിപ്പിച്ചു കൊണ്ടേയിരുന്നു. പാഠ്യപദ്ധതികൾ, സിനിമ, നാടകം, മാധ്യമങ്ങൾ, മതം, നിയമം ഇവയൊക്കെയും എങ്ങനെ ഒരു കുടുംബം ഇണക്കത്തോടെ നയിച്ചു കൊണ്ടുപോകാം എന്ന പഠിപ്പിക്കലുകൾ സ്ത്രീയുടെ മേൽ പ്രയോഗിച്ചു കൊണ്ടിരുന്നു. ഇത്തരം നിർമ്മിതികളിൽ നിന്നും കുതറിയാണ് വലിയൊരു സ്ത്രീസമൂഹം ലിംഗസമത്വത്തിനു വേണ്ടി വാദിക്കാൻ തുടങ്ങിയത്. പൂന്തോട്ടം ഒരുക്കിയും, ഭക്ഷണവിഭവങ്ങൾ ഒരുക്കിയും, കുട്ടികളെ പഠനത്തിനൊരുക്കിയും, പങ്കാളിയെ ജോലിക്കയച്ചും സ്വന്തം ജോലിസ്ഥലത്തേയ്ക്ക് കുതിച്ച് വൈകിട്ടു തിരിച്ചെത്തുന്ന മധ്യവർഗ്ഗ സ്ത്രീകൾ പുരുഷനോടൊപ്പം നിൽക്കാനുള്ള സ്ത്രീയുടെ തുല്യതയ്ക്കായി വാദിച്ചു. അങ്ങനെ സ്ത്രീവാദത്തിന്റെ പുതിയ സ്വരങ്ങൾ നവലിബറൽ ആശയങ്ങളായി മാറി. അവിടെയും ജാതി, മതം, വർണ്ണം, വംശം എന്നിവയിൽ അധിഷ്ഠിതമായ സ്ത്രീവേദനകളും, ട്രാൻസ് അവകാശങ്ങളും മറയ്ക്കപ്പെട്ടു. ട്രാൻസ് എന്ന കുടക്കീഴിലെ വൈവിധ്യ ലൈംഗികതകൾ പൊതുബോധത്തിന്റെ നീതിബോധത്തിനു ചേരുന്നവയായിരുന്നില്ല. മധ്യവർഗ്ഗ സ്ത്രീ വാദത്തിനുമപ്പുറം, സ്ത്രീപുരുഷ ദ്വന്ദ്വത്തിനുമപ്പുറം ജാതിവിവേചനങ്ങളുടെ, ലിംഗവിവേചനങ്ങളുടെ അനുഭവങ്ങൾ മാറിയ കാലം കേട്ടുതുടങ്ങിയിട്ടുണ്ട്. അസവർണ്ണ സ്ത്രീവാദം കേവല ലിംഗാസമത്വത്തിനുമപ്പുറം, ജാതിയുടെ കൂടെ പേരിലുള്ള തരം തിരിച്ച അസമത്വങ്ങളെക്കുറിച്ച് പറഞ്ഞുക്കൊണ്ടിരിക്കുന്നു. ഈ ശബ്ദങ്ങൾ ചേർത്താണ് ദലിത് ഫെമിനിസ്റ്റ് പതിപ്പ് തയ്യാർ ചെയ്യപ്പെട്ടത്. ബൗദ്ധ ആശയങ്ങളും, പ്രത്യക്ഷ രക്ഷാ ദൈവസഭയുടെ പരികല്പനകളും, പരിവർത്തിത ക്രൈസ്തവ സഭയുടെ കീഴിലുള്ളവർ അനുഭവിക്കുന്ന വിവേചനങ്ങളും, ട്രാൻസ് ജീവിതങ്ങളിലെ ജാതി പരിസരവും, ആദിവാസി സ്ത്രീവാദങ്ങൾ നവ ജനാധിപത്യ സാധ്യതകളായി മുഴങ്ങേണ്ട ശബ്ദങ്ങളും, ദലിത് മുസ്ലിം ഐക്യവും ഇതെല്ലാം ദലിത് സാംസ്കാരിക സമൂഹത്തിൽ ഏതെല്ലാം രീതിയിലാവണം എന്നൊക്കെ പറയാൻ കരുത്തുള്ള ദലിത് സ്ത്രീവാദം ഇന്നിന്റെ രാഷ്ട്രീയത്തിൽ അടയാളപ്പെടുന്നുണ്ട്. അത്തരം ബഹുസ്വരമായ ആശയങ്ങൾ പുതിയ ലക്കത്തിൽ പരമാവധി ഉൾപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. വെള്ളപ്പൊക്കവും, വിശ്വാസപ്രതിസന്ധികളും അസവർണ്ണ ജീവിതങ്ങൾ എങ്ങനെ അതിജീവിച്ചു എന്നുകൂടി കേരളം അറിയണം. സ്വാതന്ത്ര്യം ഒരു സാമൂഹ്യവിഭവമായി തന്നെ ലഭ്യമാകണമെന്നാവശ്യപ്പെട്ട് ഇവർ മുന്നോട്ടുവയ്ക്കുന്ന മുദ്രാവാക്യങ്ങൾ, ഉയർത്തുന്ന രാഷ്ട്രീയം, ഉടമകളല്ലെങ്കിലും അടിമയാകാൻ വഴങ്ങാത്ത ഇച്ഛാശക്തി ഇവയൊക്കെ ചേർത്തു വായിക്കുമ്പോഴേ ഇൻഡ്യയുടെ രാഷ്ട്രീയഭാവനകൾ ജനാധിപത്യപരമാകൂ.





# അധിനിവേശത്തിന്റെ 'കോ

**മായാ പ്രമോദ്**
പ്രക്ഷോഭക,
ഇരിങ്ങാലക്കുട ക്രൈസ്റ്റ്
കോളേജിൽ ഗവേഷക

**കേ**രളത്തിലെ ഭൂരഹിതരായ മുഴുവൻ ദലിത്-ആദിവാസി, പിന്നാക്ക വിഭാഗങ്ങൾക്കും ഭൂമി നൽകുമെന്നുള്ള പ്രഖ്യാപനത്തിന് ആറു പതിറ്റാണ്ടു ചരിത്രമാണു പറയാൻ ഉള്ളത്. ആ പ്രഖ്യാപനത്തിലൂടെ ഇവിടുത്തെ മുഖ്യധാര രാഷ്ട്രീയ പാർട്ടികൾ കക്ഷിരാഷ്ട്രീയ ഭേദമില്ലാതെ ദലിതനും – ആദിവാസിക്കുമായി പ്രത്യേക കോളനികളും, പുറമ്പോക്കുകളും സാമൂഹ്യ അടുക്കളയുമാണ് നിർമ്മിച്ചു നൽകിയത്. ഇതിന്റെ പശ്ചാത്തലത്തിൽ ഭൂമിയുടെ അന്യാധീനപ്പെടലുകളും കൃഷിയുടെയും, സാമൂഹ്യ സംസ്ക്കാരിക ഭാഷപരമായ എല്ലാ അധിനിവേശങ്ങളും ഏറ്റവും കൂടുതൽ അനുഭവിക്കേണ്ടി വരുന്ന ഒരു ജനതയാണ് ദലിത് – ആദിവാസികൾ പ്രത്യേകിച്ചും ദലിത് – ആദിവാസി സ്ത്രീകൾ. ഇതിന്റെ അടിസ്ഥാനത്തിൽ ദലിത് ആദിവാസി ഭൂമികളുടെയും, വികസനനയങ്ങളുടെയും ഒരു പുനർവായന നമുക്കാവശ്യമാണ്.

ജാതിയെ ആധുനികവൽക്കരിച്ചു കൊണ്ട് ആദ്യം ബ്രാഹ്മണിസം കടന്നു വരികയും പിന്നീട് അത് കോളോണിയൽ മോഡേണിറ്റിയിലൂടെ കൈയേറ്റമായും കുടിയേറ്റവുമായും പരിശുദ്ധവൽകരിക്കപ്പെടുകയും ചെയ്തു. അങ്ങിനെ വന്നവർ ദലിത് ആദിവാസി ഭൂമി അന്യാധീനപ്പെടുത്തി കൊണ്ട് ഭൂമിയുടെ അവകാശികളെ തങ്ങളുടെ മണ്ണിൽ നിന്നും പുറത്താക്കി കൊണ്ട് കോളനികളിൽ എത്തിച്ചു. അവിടെ നിന്നും ഗവൺമെന്റും

അധികാരികളും വനാവകാശ നിയമപ്രകാരം സാമൂഹ്യ ബഹിഷ്ക്കരണത്തിലേക്കും അവരുടെ ജീവിതം പറിച്ചു നട്ടു. കുടിയേറ്റം ഒരിക്കലും ദാരിദ്ര്യം കൊണ്ടുണ്ടായ ഒന്നായിരുന്നില്ല. മറിച്ച് സംഘടിതവും ആസൂത്രിതവുമായ ഇടപെടലിലൂടെ കുരിശിന്റെ സ്ഥാപനവും അതിന്റെ അത്യന്തിക ലക്ഷ്യം ആയിരുന്നു. ഇത്തരം കുടിയേറ്റങ്ങളുടെ അരികുവൽകൃത ജീവിതങ്ങൾ സാമൂഹ്യ ജീവിതത്തിൽ പിൻതള്ളപ്പെട്ടുപോയി. പണിയർ, കുറുമർ, അടിയർ, കുറിച്യർ മുതലായ വിഭാഗങ്ങൾക്ക് അവരുടെ ഭൂമിയുടെ അവകാശം തെളിയിക്കുന്നതിനുള്ള രേഖകൾ ഒന്നും തന്നെയില്ലായിരുന്നു. അതുകൊണ്ട് തന്നെ ആ ഭൂമികൾ അന്യാധീനപ്പെടുകയോ കൈയ്യേറ്റം ചെയ്യപ്പെടുകയോ ആണ് ഉണ്ടായത്. ഇക്കാര്യത്തിൽ വിപ്ലവ പാർട്ടിയും ഗാന്ധിയൻമാരുമെല്ലാം ആദിവാസി കോളനികളിലെ വികസന പ്രവർത്തനങ്ങളുടെ ബിനാമി ഏർപ്പാടുകളിലൂടെയും നിർമാണ പ്രവർത്തനങ്ങളുടെ പേരിൽ ലക്ഷങ്ങളും കോടികളുമായി ഫണ്ടുകൾ അടിച്ചു മാറ്റി ആറര പതിറ്റാണ്ടായി ദലിതനെയും ആദിവാസിയേയും പറ്റിച്ചുകൊണ്ടിരിക്കുന്നു. ഇതിലൂടെ അവർ ആദിവാസി സമൂഹത്തിന്റെ സാമൂഹ്യമായും സാമ്പത്തികമായും സാംസ്കാരികമായുമുള്ള

# 'കോളനി'യിടങ്ങൾ

മൂലധന സമാഹരണത്തിനുള്ള സാധ്യതകളെ തന്നെ ഇല്ലാതാക്കി കൊണ്ട്, ഒരു ജനതയെ വംശനാശം ചെയ്തു കൊണ്ട് സാമൂഹ്യ ബഹിഷ്കരണത്തിൽ എത്തിച്ചു.1925ൽ ഉണ്ടായ നടപ്പാകാത്ത ആദിവാസി ഭൂമി സംരക്ഷണ നിയമം തന്നെ അര നൂറ്റാണ്ടോളം പറഞ്ഞു പറ്റിച്ചു, എന്നിട്ടും കൃഷിയോഗ്യമായ ഭൂമി പകരം നൽകാനോ മാറി മാറി വന്ന ഗവൺമെന്റിനു കഴിഞ്ഞില്ല. ഇതിൽ നിന്നും വയനാടും, അട്ടപ്പാടിയും, ഇടുക്കിയുമൊന്നും വിഭിന്നമല്ലായിരുന്നു. നിലവിലെ പട്ടിക ജാതി വിഭാഗങ്ങളുടെ (2008ലെ പട്ടികജാതി വിഭാഗങ്ങളുടെ അടിസ്ഥാന വിവരശേഖരണാർത്ഥം) ജനസംഖ്യ എന്നത് ഗവൺമെന്റ് കണക്കു പ്രകാരം കേരളത്തിൽ ദലിത് കോളനികൾ 26198 ആണ്. ഭൂരഹിതർ ഏകദേശം അഞ്ചരലക്ഷത്തോളം വരും. പട്ടികവർഗ്ഗ സമുദായങ്ങൾ 36 എണ്ണവും അതിൽ തന്നെ അഞ്ച് പ്രത്യേക ദുർബല വിഭാഗങ്ങളുമുണ്ട്. 432,967 ലക്ഷമാണ്, കുടുംബങ്ങളുടെ മൊത്തം കണക്ക് 1,08,650, ഇതിൽ തന്നെ 17156 കുടുംബങ്ങൾ 671 സെറ്റിൽമെന്റുകളിലായി ജീവിക്കുന്നു. പുറത്തു വരാത്ത കണക്കു പ്രകാരം ഇതിന്റെ ഇരട്ടിയാണ് ജനസംഖ്യ, കുടുംബ, സെറ്റിൽമെന്റു കണക്കുകൾ.

കേരളത്തിന്റെ ആധുനികാനന്തര ലോകത്ത് നമ്മൾ സാമൂഹ്യമായും, സംസ്ക്കാരികമായും നേടുന്ന വിദ്യാഭ്യാസവും അതിലൂടെ നേടുന്ന അറിവുമാണ് നമ്മൾ ഇന്നു കാണുന്ന വികസനത്തിന്റെ കേന്ദ്ര ബിന്ദു. എന്നാൽ സംസ്ക്കാരികമായും, സാമൂഹ്യമായും ഒരു ജനതയെ പുറന്തള്ളുന്ന നയങ്ങളാണ് ഇന്നത്തെ ഗവൺമെന്റ് സ്വീകരിക്കുന്നത്. 1993 ലെ കേരളത്തിലെ പട്ടിക

**കോളനികളിലെ ഓരോ സ്ത്രീ ജീവിതവും തങ്ങളുടെ മക്കളെ പഠിപ്പിക്കാൻ വാർക്കപ്പണികൾ തൊട്ട് വീട്ടുജോലികൾ വരെ എടുക്കുന്നു. ഓരോ കുഞ്ഞു ബാല്യവും സ്ക്കൂൾ കാലങ്ങളിലെ വൈകുന്നേര കളികൾ അമ്മമാർ ജോലി ചെയ്യുന്ന വീടുകളുടെ പിന്നാമ്പുറങ്ങളിൽ തന്നെയായിരുന്നു. അവർ കൊടുക്കുന്ന ഓരോ തുണികളിലേയും നിറം മങ്ങാത്ത തുണികൾ തിരഞ്ഞ് മാറ്റി പെട്ടിയിൽ വെക്കും നിധിപോലെ. കടബാധ്യതകൾക്ക് നടുവിൽ ജനിച്ചും ജീവിച്ചും ജനിപ്പിച്ചും മരിച്ചും കടക്കാരായി മരിച്ചു മണ്ണടിയുന്ന നിഷ്കളങ്ക ജീവിതങ്ങൾ ആണ് ഓരോ സ്ത്രീ ജീവിതങ്ങളും. കിട്ടുന്ന വരുമാന പരിധിക്കുള്ളിൽ ജീവിത പ്രാരബ്ദ്ധങ്ങൾ നിൽക്കുന്നില്ല.**

**രൂത്ത് മനോരമയുടെ "മർദ്ദിത രിൽ മർദ്ദിതർ ദലിത് സ്ത്രീകൾ" ആണെന്നുള്ളത് ഇവിടെ കൂട്ടി വായിക്കപ്പെടേണ്ടതാണ്. ഒരു ദലിത് സ്ത്രീക്ക് ഒരേ സമയം. നേരിടേണ്ടി വരുന്നത് ദലിത് സമൂഹത്തിന്റ ആൺകോയ്മ യേയും സവർണ്ണ സമൂഹത്തിന്റ ഹൈന്ദവതയേയും ആണ്. അതിലുപരി സമൂഹം അവളെ ഓർമിപ്പിച്ചു കൊണ്ടിരിക്കുന്നു 'നീ സ്ത്രീയാണ് നീ ദലിതാണ്" എന്ന്. അടിസ്ഥാനപരമായി സാമൂഹിക വ്യവസ്ഥിതിയെ മാറ്റി മറിച്ചു കൊണ്ട്, അസമത്വ ത്തെയും അതിനു ചേർന്ന് പ്രവർത്തിക്കുന്ന ബ്രാഹ്മണ പ്രത്യയശാസ്ത്രത്തിനും ജാതി വ്യവസ്ഥക്കും ബദലായി പ്രവർ ത്തിച്ചു കൊണ്ടാണ് ദലിത് സത്രീ വാദം ഇവിടെ ശക്തമായ ഇട മായി മാറിയത്.**

വർഗ സാക്ഷരത നിരക്ക് 57.22 ശതമാനമാണ്. 93ൽ നിന്ന് 2018ൽ എത്തി നിൽക്കുമ്പോൾ അട്ടപ്പാടി, അഗളിയിലെ 180 ഓളം കുടുംബങ്ങൾ ഉള്ള കള്ളക്കര ഊരിൽ ഡിഗ്രി വിദ്യാഭ്യാസം ചെയ്യുന്നത് രണ്ടേ രണ്ടു പേർ. തൊട്ടടുത്ത മറ്റു ഊരുകളുടെ അവസ്ഥയും വിഭിന്നമല്ല. ഗവൺമെന്റ് നടപ്പാക്കുന്നു എന്ന് അവകാശവാദം ഉന്നയിക്കുന്ന, വികസന നയങ്ങളായ വിവാഹ ധനസഹായം,


രൂത്ത് മനോരമ

സ്റ്റൈപ്പന്റ്, ലംസംഗ്രാന്റ് എന്നിവ +1, +2 പഠിക്കുന്ന കുട്ടിക്ക് കിട്ടുന്നോ എന്ന കാര്യം പോലും പലർക്കും അറിയില്ല. എന്നാൽ ഒന്ന് അവിടെയുണ്ട് ദാരിദ്ര്യവും, പിന്നാക്കവസ്ഥയും അനുഭവിക്കുന്ന ആദിവാസിയെ മുന്നോട്ട് നയിക്കാൻ 'സാമൂഹ്യ അടുക്കളയിൽ 'ഒരു നേരത്തേ ഭക്ഷണത്തിനായി വരി നിൽക്കുന്ന ആ ആദിവാസി സ്ത്രീകൾ. അവരാണ് ഗവൺമെന്റിന്റെ വികസന നയത്തിന്റെ സാമൂഹിക അസമത്വം പേറുന്നവർ. ആയതിനാൽ ഇടതുപക്ഷ ഗവൺമെന്റ് മുന്നാക്കക്കാരിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നു എന്നത് കൊണ്ട് മാത്രം അവർക്കായി പ്രഖ്യാപിച്ച മുന്നാക്ക സംവരണം 10% ഈ ജനങ്ങൾക്കും അവകാശപ്പെടാം, അതുമല്ലായെങ്കിൽ ഇത്തരം സാമൂഹ്യ അടുക്കളകൾ അവർക്കായി 'മുന്നാക്കക്കാരിലെ പിന്നാക്ക' കോളനി സൃഷ്ടിച്ചു കൊണ്ട് നൽകാം. അതിലൂടെ ആട്, കോഴി വളർത്തൽ, കക്കൂസ്, ഓട്ടോറിക്ഷ വികസനം നൽകി കൊണ്ട് ഈ പിന്നാക്കക്കാരെ മുൻപിൽ എത്തിക്കാം. ജനാധിപത്യ മനോഭാവമുള്ള ഒരു രാജ്യത്ത് തീർച്ചയായും അതാണ് വേണ്ടത്.

എൺപതുകൾ തൊട്ടു 2018 വരെ ഇവിടെ ഉയർന്നു വന്ന പുതിയ ഒരോ ഭൂ മുന്നേറ്റങ്ങളും (ദലിത്, ആദിവാസി, മത്സ്യ തൊഴിലാളി, തോട്ടം

തൊഴിലാളി, മറ്റ് പിന്നാക്ക വിഭാഗങ്ങൾ) നമ്മോട് പറയുന്നത് ഭൂമി കേവലം ആവാസവ്യവസ്ഥ നില നിർത്താനുള്ള ഉപാധി മാത്രമല്ലായെന്നുള്ളതാണ്. ഭൂമി രാഷ്ട്രീയമാണ്, അധികാരമാണ്, അതിജീവന മാണ്. എല്ലാത്തിലുമുപരി ഇതിലേക്കെല്ലാം എത്താ നുള്ള വിഭവമാണ്. ഭൂമി എന്ന വിഭവാധികാരത്തിന്റ എല്ലാ സാമൂഹ്യ ബഹിഷ്കരണവും പേറുന്നത് ഒരുപക്ഷേ പുരുഷൻമാരേക്കാൾ സ്ത്രീകളാണ്. കോളനികളിലെ ഓരോ സ്ത്രീ ജീവിതവും തങ്ങളുടെ മക്കളെ പഠിപ്പിക്കാൻ വാർക്കപ്പണികൾ തൊട്ട് വീട്ടുജോലികൾ വരെ എടുക്കുന്നു. ഓരോ കുഞ്ഞു ബാല്യവും സ്ക്കൂൾ കാലങ്ങളിലെ വൈകുന്നേര കളികൾ അമ്മമാർ ജോലി ചെയ്യുന്ന വീടുകളുടെ പിന്നാമ്പുറങ്ങളിൽ തന്നെയായിരുന്നു. അവർ കൊടുക്കുന്ന ഓരോ തുണികളിലേയും നിറം മങ്ങാത്ത തുണികൾ തിരഞ്ഞ് മാറ്റി പെട്ടിയിൽ വെക്കും നിധിപോലെ. കടബാധ്യതകൾക്ക് നടു വിൽ ജനിച്ചും ജീവിച്ചും ജനിപ്പിച്ചും മരിച്ചും കടക്കാരായി മരിച്ചു മണ്ണടിയുന്ന നിഷ്കളങ്ക ജീവിതങ്ങൾ ആണ് ഓരോ സ്ത്രീ ജീവിതങ്ങളും. കിട്ടുന്ന വരുമാന പരിധിക്കുള്ളിൽ ജീവിത പ്രാര ബ്ദ്ധങ്ങൾ നിൽക്കുന്നില്ല. കാണുമ്പോൾ ചെറിയ പലിശ ഇടപാടുകളിൽ തുടങ്ങുന്ന പണം വാങ്ങലു കൾ മൈക്രോഫിനാൻസുകളെ കോളനികളിലേക്ക് എത്തിക്കുകയും ചെയ്യുന്നു. ദിവസ വരുമാനത്തിന്റെ പകുതി മുക്കാലും പോകുന്നത് ഈ മൈക്രോഫി നാൻസിലേക്കാണ്.

കോളനികളിൽ ജീവിക്കുന്ന ഓരോ കുട്ടി യും പ്രത്യേകിച്ച് അച്ഛൻ ഇല്ലാത്ത ഓരോ വീടും ഇങ്ങനെയാവാം നിറങ്ങളെ പുണരുന്നത്.

കോളനികളിലുണ്ടാവുന്ന പ്രധാന പ്രശ്നം എന്നത് മരണം, വിവാഹം ഇവയുണ്ടായാൽ അവർ നേരിടുന്ന സ്ഥലപരിമിതി തന്നെയാണ്. മരണം ഉണ്ടായാൽ അടുക്കള പൊളിച്ചും, രണ്ടു വീടിന്റെ ഇടചേർന്നുള്ള സ്ഥലത്തും വരെ മൃത ദേഹം അടക്കം ചെയ്യേണ്ട സാഹചര്യം നേരി ടുന്നവരാണ് കേരളത്തിലെ ഓരോ കോളനിയി ലേയും മനുഷ്യർ. ഒരേ സമയം തന്നെ സാമൂഹി കവും സാംസ്കാരികവുമായ നീതി നിഷേധം നേരിട്ടു കൊണ്ടാണ് ഓരോ ദലിത് കോളനി ജീവിതങ്ങളും ജീവിക്കുന്നത്. മാത്രമല്ല, ഏതാണ്ട് കോളനിക്കുള്ളിൽ തന്നെ അങ്ങോട്ടും ഇങ്ങോട്ടും നടന്നിരുന്ന വിവാഹങ്ങൾ ഇപ്പോൾ പുറത്തേക്ക് മറ്റ് കോളനികളിൽ നിന്നും ആയിട്ടുണ്ട്. രൂത്ത് മനോ രമയുടെ "മർദ്ദിതരിൽ മർദ്ദിതർ ദലിത് സ്ത്രികൾ" ആണെന്നുള്ളത് ഇവിടെ കൂട്ടി വായിക്കപ്പെടേണ്ട താണ്. ഒരു ദലിത് സ്ത്രീക്ക് ഒരേ സമയം. നേരി ടേണ്ടി വരുന്നത് ദലിത് സമൂഹത്തിന്റ ആൺ കോയ്മയേയും. സവർണ്ണ സമൂഹത്തിന്റ ഹൈന്ദവ തയേയും ആണ്. അതിലുപരി സമൂഹം അവളെ ഓർമിപ്പിച്ചു കൊണ്ടിരിക്കുന്നു 'നീ സ്ത്രീയാണ് നീ ദലിതാണ്' എന്ന്. അടിസ്ഥാനപരമായി സാമൂഹിക വ്യവസ്ഥിതിയേ മാറ്റിമറിച്ചു കൊണ്ട്, അസമത്വ ത്തെയും അതിനു ചേർന്ന് പ്രവർത്തിക്കുന്ന ബ്രാഹ്മണ പ്രത്യയശാസ്ത്രത്തിനും ജാതി വ്യവ സ്ഥക്കും ബദലായി പ്രവർത്തിച്ചു കൊണ്ടാണ് ദലിത് സത്രീ വാദം ഇവിടെ ശക്തമായ ഇടമായി മാറിയത്. ലോകത്തിലെ, ഇന്ത്യയിലെ ദലിത് സ്ത്രീകളുടെ ചിത്രം ചൂഷണത്തിന്റേയും വിവേച നത്തിന്റേയും പടിയും കടന്ന് ബഹുദൂരം മുന്നോട്ട് വന്ന് സ്വത്വബോധത്തോടെ സംസാരിച്ചുകൊണ്ട് തങ്ങളുടെ പ്രവർത്തനമേഖലയിൽ സജീവമായ ധാരാളം ദലിത് സ്ത്രീ ശബ്ദങ്ങൾ ഉണ്ട് എന്നതാണ്. ജാതിയുടേയും വംശവെറിയുടേയും സ്വത്വ പ്രതി സന്ധിയെ പ്രതിരോധിക്കുന്ന പോലെ തന്നെ ജാതിയേയും ലിംഗാവസ്ഥയേയും ബന്ധപ്പെടുത്തി ഇന്ന് ദലിത് സ്ത്രീകൾ സാമൂഹിക, സംസ്കാരിക മൂലധനത്തെയും, ഭൂമിയുടേയും സമ്പത്തിന്റേയും ജോലിയുടേയും മേലുള്ള അധികാരമൂലധന ത്തിനായി സംസാരിച്ചുകൊണ്ട് അധികാരം നേടുന്നു. വിവാഹം കൊണ്ട് തീർന്നു പോകേണ്ട തല്ല ഒരു സ്ത്രീയുടെ സ്വപ്നങ്ങളും, സഞ്ചാര സ്വാതന്ത്ര്യവും, വ്യക്തിത്വവും. അങ്ങിനെയുള്ള ഒരു ബഹുസ്വരതയുടെ രാഷ്ട്രീയത്തെ വിഭാവനം ചെയ്യാനും പ്രാവർത്തികമാക്കുവാനും ദലിത് സ്ത്രീവാദങ്ങൾ ശക്തമാണ് എന്നതാണ് പ്രധാനം. ഈ വ്യക്തികളേയും ചരിത്രത്തെയും മറന്നു കഴിഞ്ഞാൽ നമ്മൾ അപൂർണ്ണമാണ്. ഓരോരുത്ത രെയും ഓർത്തുകൊണ്ട്, അരികുവൽകരണത്തിന്റെ പാതയിൽ അതിജീവനം നടത്തി ശക്തമായ പ്രതിനിധാനമായി മാറിയ ഓരോ സ്ത്രീകളും. എന്തു തന്നെയായാലും സ്വാതന്ത്ര്യത്തിന്റെ എഴുപതു വർഷങ്ങൾക്ക് ഇപ്പുറവും ദലിതരെ കണ്ടെത്താൻ മുഖ്യധാര സമൂഹം എത്തേണ്ടത് കോളനികളിൽ തന്നെയാണ്.

***കുറിപ്പുകൾ***


1. രൂത്ത് മനോരമ, മർദ്ദിതരിൽ മർദ്ദിതർ 1
2. Gopal Guru, Dalit Women talk differently (1995) EPW
3. മീരാ വേലായുധൻ, (2014) പുതുവഴി, ദലിത് പഠനങ്ങൾ
4. മുകുന്ദൻ പെരുവട്ടൂർ, കേരള ഭൂപരിഷ്ക്കരണ നിയമം: മാർക്സിസ്റ്റുകൾ തൊഴിലാളികളെ വഞ്ചിച്ച ചരിത്രം


■



**ധന്യ രാമൻ**
പ്രക്ഷോഭക,
സാമൂഹ്യ പ്രവർത്തക

# പൊതുബോധങ്ങളോടുള്ള ദലിത് കലഹങ്ങൾ

ഇത്രകാലം ഞാൻ കരുതിയത് സ്ത്രീകളുടെ പ്രശ്നങ്ങൾ പുരുഷ അധികാരത്തിൽ തുടങ്ങി അവിടെ തന്നെ ഒടുങ്ങുന്ന ഒന്നെന്നാണ്.

നിരന്തര സമരങ്ങളിലൂടെ ദീർഘകാലമായി മുൻപോട്ടേക്കു മാത്രം പോകുന്ന നമ്മൾ വിജയങ്ങളെ മറച്ചു വയ്ക്കാതെ അത് പുതു തലമുറയിലേക്കു കൂടി പകർന്നു നൽകുന്നതിൽ ജാഗ്രത പാലിക്കേണ്ടതുണ്ട്.

അതല്ല വിധേയത്വം സംസ്ക്കാരത്തിന്റെ ഭാഗമായി സ്ത്രീകൾ മുൻപോട്ടു കൊണ്ടു പോകേണ്ട ഒന്നാണ് എന്ന് ഒരു വിഭാഗം സ്ത്രീകൾ ചിന്തിക്കുകയും അത് പ്രാവർത്തികമാക്കാൻ തെരുവിലേയ്ക്ക് ഇറങ്ങുകയും ചെയ്യുമ്പോഴാണ് 150 വർഷം മുൻപ് പെണ്ണുങ്ങൾ പൊതുഇടങ്ങളിൽ പരസ്യമായി തുടങ്ങി വച്ച വിപ്ലവസമരങ്ങളെ നമുക്ക് ഓർമിപ്പിക്കേണ്ടി വരുന്നത്. ചരിത്രത്തിൽ ഇടം പിടിക്കേണ്ടവരായിട്ടും അറിയപ്പെടാതെ പോയ നിരവധി സ്ത്രീ ജീവിതങ്ങൾ ഇവിടെ മറഞ്ഞില്ലാതെ പോയി എന്ന് അടയാളപ്പെടുത്താൻ കൂടി ഇത്തരം ഓർമകളുടെ അയവിറക്കലുകൾക്കു സാധിക്കുന്നു എന്നതാണ് ഏറെ സന്തോഷം.

ഞാൻ അശുദ്ധയാണ് എന്ന് ഉറക്കെ പറഞ്ഞുകൊണ്ട് ആചാരങ്ങളിലേക്കു മടങ്ങൂ എന്ന് ആഹ്വാനം ചെയ്യുന്നവരോട് എനിക്ക് പറയാനുള്ളത് ഞാൻ നിലകൊള്ളുന്നതും, ശബ്ദമുയർത്തുന്നതും ബലാൽസംഗത്തിനും അതിക്രൂര കൂട്ട മാനഭംഗത്തിനും ഇരയാക്കപ്പെട്ടവരുടെ അതിജീവിക്കാനുള്ള അല്ലെങ്കിൽ സാമൂഹ്യ സുരക്ഷ നേടുവാനുള്ള തീവ്ര ശ്രമങ്ങളിലാണ്. അതിനാൽ തന്നെ ആചാരം സംരക്ഷിക്കുന്നതിനേക്കാൾ ശക്തമായി ത്തന്നെ നീതിക്കായാണ് വാദിക്കുന്നതെന്ന ബോധ്യം നന്നായിട്ടുണ്ട്.

മുൻ കാലങ്ങളിൽ അപമാനിക്കപ്പെടുന്നവർ ഷെൽട്ടർ ഹോമുകളിലോ വീടിനുള്ളിലോ കഴിച്ചു കൂട്ടേണ്ടി വന്നിരുന്നു. ഒരു പെൺകുട്ടി പതിമൂന്നു വയസ്സിൽ റേപ്പ് ചെയ്യപ്പെട്ടു പതിനേഴു വർഷങ്ങൾക്കിപ്പുറവും അവൾ അടച്ചിട്ട മുറിയിൽ കഴിയുകയാണ്. ഒരേ പോയിന്റിൽ നോക്കി കാഴ്ച ശക്തി തന്നെ ഇല്ലാതായി. ഒരു പക്ഷെ അന്ന് മുതലേ സമൂഹത്തിൽ നിന്ന് ശക്തമായ മാനസിക മടങ്ങി വരവിനു കൃത്യമായ പിന്തുണ ലഭിച്ചിരുന്നെങ്കിൽ ആ കുട്ടിയും അതിജീവിച്ചേനെ.

തുല്യതയോടെ ദൃശ്യത നേടി ജീവിക്കേണ്ടവൾ തന്നെയാണ് ഒരോ പെണ്ണും. അത്തരത്തിൽ ദൃശ്യതയിലേയ്ക്ക് സ്ത്രീ ജീവിതങ്ങളെ മടക്കിക്കൊണ്ടുവരാനുള്ള തീവ്ര ശ്രമങ്ങൾക്കിടയിൽ ഉണ്ടായ ഒരനുഭവം വായനക്കാരുമായി പങ്കുവെയ്ക്കുന്നു.



മൂന്നു വർഷം മുൻപായിരുന്നു പ്രസ്തുത സംഭവം. തിരുവനന്തപുരം നഗരത്തിൽ വീട്ടു ജോലിചെയ്യുന്ന അമ്മയും അവരുടെ എട്ടാം ക്ലാസ് വിദ്യാർത്ഥിനി ആയ മകളും 2000 രൂപ വരുന്ന വാടക വീട്ടിൽ താമസിച്ചു വരികയായിരുന്നു. ഒരു ദിവസം പെൺകുഞ്ഞു മാത്രം വീട്ടിലുള്ള ദിവസം ഒരാൾ കുടിവെള്ളം ചോദിച്ചു വന്നു. ദീർഘ കാലത്തെ നിരീക്ഷണത്തിനു ശേഷമാവാം കുട്ടി ഒറ്റയ്ക്കാണെന്നു മനസ്സിലാക്കിയുള്ള വെള്ളം ചോദിക്കൽ. വെള്ളമെടുത്തു തിരികെ വന്ന കുഞ്ഞിന്റെ മുഖം പിടിച്ചു ഭിത്തിയിൽ ഉരച്ചു മുറിവുണ്ടാക്കി ബോധം കെടുത്തിയശേഷം ക്രൂരമായി കുട്ടിയെ ബലാത്സംഗം ചെയ്തു.

മൂന്നരക്ക് അമ്മ മടങ്ങി വരുമ്പോൾ കാണുന്ന കാഴ്ച്ച പെൺകുഞ്ഞു രക്തത്തിൽ കുളിച്ചു ബോധമില്ലാതെ കിടക്കുന്നതായിരുന്നു. ആ അമ്മ ഉടനെ തന്നെ കുഞ്ഞിനെ മെഡിക്കൽ കോളേജിൽ കൊണ്ടുവന്നു. പോക്സോ നിയമ പ്രകാരം കേസ് രജിസ്റ്റർ ചെയ്തു. പക്ഷെ പ്രതിയെ പിടിക്കാൻ ചെന്നപ്പോഴേയ്ക്കും അയാൾ ആത്മഹത്യ ചെയ്തിരുന്നു. കുഞ്ഞു മൂന്നു മാസത്തോളം ഭയങ്കര മൗനി ആയിരുന്നു. പിന്നീട് എന്തെങ്കിലും ടെസ്റ്റ് നടത്താനോ, ഹോസ്പിറ്റലിൽ പോകുവാനോ എന്തെങ്കിലും ചോദിക്കുന്നതിന് മറുപടിയോ അവൾ തന്നിരുന്നില്ല. പിന്നീടാണ് കുട്ടി ഗർഭിണി ആയി എന്ന കാര്യം മനസിലാകുന്നത്. ഒന്നും ചെയ്യാൻ പറ്റാത്ത ഒരു സാഹചര്യത്തിലായിപ്പോയി ആ കുട്ടി. പിന്നീട് ആ കുട്ടി മെഡിക്കൽ കോളേജ് എസ്.എ.ടിയിൽ പോയി പ്രസവിക്കുകയും ആ കുഞ്ഞു മരിച്ചു പോവുകയും ചെയ്തു. ഇങ്ങനെ ഒരു ഘട്ടത്തിലാണ് അവളെ നമ്മുടെ കൈയിലേക്ക് കിട്ടുന്നത്. അപ്പോൾ കൃത്യമായിട്ടുള്ള മൈൻഡ് പവർ ട്രെയിനിങ് തന്നെയാണവൾക്കു കൊടുത്തത്. അവൾക്കൊന്നും സംഭവിച്ചിട്ടില്ല എന്നുള്ളതും അവൾ ഈ സമൂഹത്തിന്റെ ഭാഗമാണെന്നുള്ളതും ഇനി ഒരുപാടു ജീവിതം ബാക്കി ഉണ്ട് എന്നുള്ളതും അവൾക്കു അവളോടും അമ്മയോടും സമൂഹത്തിനോടും ഉത്തരവാദിത്വം പുലർത്തേണ്ട വ്യക്തിയാണ് അവളെന്നും അവളൊരു പൂർണ്ണ വ്യക്തിയാണ് എന്നു നമ്മൾ അംഗീകരിച്ചു എന്നും ബോധ്യപ്പെടുത്തി നിരന്തര കൗൺസിലിംഗിനു വിധേയയാക്കി അവളെ ജീവിതത്തിലേക്ക് മടക്കി കൊണ്ടുവന്നു. ഒരു ഒന്നര വർഷം പഠിത്തം മുടങ്ങി അവൾ വീടിനുള്ളിലായിപ്പോയിരുന്നു. ഇപ്പോൾ അവൾ വീണ്ടും പത്താം ക്ലാസ്സ് എക്സാം എഴുതുകയാണ്. അതുപോലെ തന്നെ ചിത്രരചന, ഡാൻസ് തുടങ്ങിയ കഴിവുകളും വളർത്തിയെടുക്കുകയാണ്. ഒരു ഐ എ എസ് കാരി ആകാൻ ആണ് അവൾ ആഗ്രഹിക്കുന്നത്. പറഞ്ഞു വന്നത് കൃത്യമായ സാന്ത്വനം സമൂഹം നൽകിയാൽ തളർന്നു വീണിടത്തുനിന്നു തളിർത്തു മരമാകാനും, തണലേകാനും കഴിയുന്ന കരുത്തു സ്ത്രീയ്ക്കുണ്ടെന്നുള്ളതാണ്.

അക്രമങ്ങൾ പെരുകി വരുന്ന കാലത്ത് അത് മാനസികം ആണെങ്കിലും, ശാരീരികമാണെങ്കിലും പൊതു സമൂഹത്തിൽ കൂടിയോ സൈബർ ഇടങ്ങളിൽ കൂടിയോ ഒരു സ്ത്രീ എല്ലായ്പ്പോഴും ആക്രമിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. പത്തു വർഷം മുൻപ് സൈബർ ഇടങ്ങളിൽ 30% കേസുകൾ ആണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് എങ്കിൽ ഇന്നത് 65%മായി ഉയർന്നിട്ടുണ്ട്. മാനസികമായും ശാരീരികമായും അപമാനിക്കപ്പെടുന്ന ഒരു പെണ്ണിന് ഉറച്ച പിന്തുണയുമായി പൊതു സമൂഹം കൂടെ ഉണ്ടാവുകയാണെങ്കിൽ ഏതു സാഹചര്യവും നേരിടാൻ അവൾക്കു കഴിയും എന്നത് നാം ഇപ്പോൾ പഠിച്ചു കൊണ്ടിരിക്കുകയാണ്.അത്തരം ഒരു കാലഘട്ടത്തിൽ ആണ് ഇതിനെ ഒക്കെ മറികടന്നു കൊണ്ട്

**കൃത്യമായി നിരീക്ഷിച്ചാൽ എന്നും, എപ്പോഴും സമൂഹത്തിന്റെ പൊതു ബോധത്തോടു കലഹിച്ചവരാണ് ഇവിടെ എക്കാലവും മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുള്ളത്. അത്തരം മാറ്റങ്ങൾ ആദ്യം ഉൾക്കൊള്ളുന്നില്ല എങ്കിലും പിന്നീട് സ്വീകാര്യമാവുന്നുണ്ട്. ആശയങ്ങൾ സ്വീകാര്യ മാക്കുവാൻ വേണ്ടി അസ്വീകാര്യ ചുറ്റുപാടുകളിൽ നിലയുറപ്പിച്ചു പൊരുതുന്നവരാണ് ദലിത് സ്ത്രീകൾ. കാരണം അവർ ഒരേ സമയം ആണധികാരത്തോടും, ജാത്യധികാരത്തോടും പോരാടുന്നവരാണ്. അവരുടെ ഒച്ചകൾ കൂടി ലോകം കേൾക്കുമ്പോഴാണ് യഥാർത്ഥത്തിലുള്ള മർദ്ദിത ശബ്ദങ്ങൾ മുഖ്യധാരയിൽ എത്തുന്നത്.**

സ്ത്രീകളുടെ പുതിയ ഒരു കൂട്ടായ്മ പഴയ ആചാരങ്ങളിലേക്ക് മടങ്ങി പോകണം എന്നു പറഞ്ഞു കടന്നു വന്നത്. അപ്പോൾ അന്നത്തെക്കാളും അതിക്രമം കൂടിയതു കൊണ്ട് തന്നെ ഓരോ പെണ്ണും ആ വലിയ കൂട്ടായ്മയോട് ഇഴുകി ചേർന്നു ഇരിക്കണം. ഇല്ലാ എങ്കിൽ നമ്മൾ ഒറ്റപ്പെട്ടു പോവുകയും, സമൂഹത്തെ വഴിതെറ്റിക്കുന്ന സ്ത്രീഗണത്തിൽ പെട്ടവളായി മുദ്ര കുത്തി മാറ്റിനിർത്തുകയും ചെയ്യും. ഈ ഒറ്റപ്പെടലിനെ ഒരു അവസരം ആയി മിക്കവരും കാണുന്നുണ്ട്.

ആചാരങ്ങളെ തിരികെ കൊണ്ടുവരാൻ നാമജപങ്ങളുമായി ഇത്രയേറെ സ്ത്രീകളുടെ കൂട്ടായ്മ തെരുവിൽ ഇറങ്ങുന്നുണ്ടല്ലോ. അതേ സമയം ഒരു റേപ്പ് നടന്നാലോ അതിക്രമം നടന്നാലോ അല്ലെങ്കിൽ സമൂഹത്തിലെ മറ്റു അനാചാരങ്ങൾക്കെതിരെയോ ഈ കൂട്ടർ എന്തുകൊണ്ടാണ് പ്രതിഷേധവുമായി ഇറങ്ങാത്തതെന്നു വലിയൊരു പേടിയോടെ തന്നെ നമ്മൾ ചിന്തിക്കണം. കാരണം നമ്മൾ എപ്പോഴും കരുതിയിരുന്നത് ഇവിടെ എപ്പോഴും പ്രശ്നങ്ങൾക്കു കാരണം പുരുഷന്മാർ ആണെന്നാണ്. യഥാർത്ഥത്തിൽ സ്ത്രീയുടെ ശത്രുവായി സ്ത്രീ തന്നെ മുന്നോട്ട് വന്നത് ഏറെ ഗൗരവത്തോടെ നാം കാണേണ്ടതുണ്ട്. ഒരുകൂട്ടം സ്ത്രീകൾ ഇവിടെ സമൂഹത്തിനു എതിരായി, സ്ത്രീകൾക്കെതിരായി തന്നെ പ്രവർത്തിച്ചു വരുന്നുണ്ട്. ഇത്തരം സ്ത്രീകളുടെ കൂട്ടങ്ങളെ നാം ചെറുക്കേണ്ടതുണ്ട്. അതുകൊണ്ടാണ് നവോത്ഥാന കാലഘട്ടത്തെ വീണ്ടും ഓർമിപ്പിച്ചു കൊണ്ട് നമുക്കെല്ലാവർക്കും തന്നെ വീണ്ടും വീണ്ടും ചരിത്രം എങ്ങനെ ആവർത്തിക്കപ്പെടണം നാളെ എങ്ങനെ ആവണം എന്നു പുതിയ തലമുറയോടും കൂടി നിരന്തരം പറഞ്ഞു കൊണ്ടേ ഇരിക്കേണ്ടി വരുന്നത്..

എല്ലാ മതങ്ങളും തന്നെ സ്ത്രീകളുടെ സ്വാതന്ത്ര്യത്തിനോ, അവരുടെ അവകാശങ്ങൾക്കോ എതിർ നിന്നതായാണ് നമ്മൾ കണ്ടു വന്നിട്ടുള്ളത്. കാരണം 1950ൽ ഡോ. ജവഹർ ലാൽ നെഹ്റു, ഡോ ബി.ആർ. അംബേദ്കർ തുടങ്ങിയവർ ഹിന്ദു കോഡ് ബിൽ എഴുതാൻ ഉണ്ടായ സാഹചര്യം നമുക്ക് ഓർമയുണ്ടായിരിക്കും. സ്ത്രീകൾക്ക് ഏറ്റവും കൂടുതൽ അവകാശ സ്വാതന്ത്ര്യങ്ങൾ നിയമത്തിൽ ഉൾപ്പെടുത്തിയപ്പോൾ അന്ന് ഹിന്ദു മഹാ സഭ അടക്കമുള്ള സഭകൾ അതിനെ എതിർത്തുകൊണ്ട്, ആ സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം തന്നെ വാദിച്ചു ഇല്ലാതാക്കുകയാണ് ചെയ്തത്.

കൃത്യമായി നിരീക്ഷിച്ചാൽ എന്നും, എപ്പോഴും സമൂഹത്തിന്റെ പൊതുബോധത്തോടു കലഹിച്ചവരാണ് ഇവിടെ എക്കാലവും മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുള്ളത്. അത്തരം മാറ്റങ്ങൾ ആദ്യം ഉൾക്കൊള്ളുന്നില്ല എങ്കിലും പിന്നീട് സ്വീകാര്യമാവുന്നുണ്ട്. ആശയങ്ങൾ സ്വീകാര്യമാക്കുവാൻ വേണ്ടി അസ്വീകാര്യ ചുറ്റുപാടുകളിൽ നിലയുറപ്പിച്ചു പൊരുതുന്നവരാണ് ദലിത് സ്ത്രീകൾ. കാരണം അവർ ഒരേ സമയം ആണധികാരത്തോടും, ജാത്യധികാരത്തോടും പോരാടുന്നവരാണ്. അവരുടെ ഒച്ചകൾ കൂടി ലോകം കേൾക്കുമ്പോഴാണ് യഥാർത്ഥത്തിലുള്ള മർദ്ദിത ശബ്ദങ്ങൾ മുഖ്യധാരയിൽ എത്തുന്നത്.

■



**ജാനകി ജെയിൻ**
ഗവേഷക വിദ്യാർത്ഥി, സെൻട്രൽ
യൂണിവേഴ്സിറ്റി, കേരള

# ആദിവാസിസ്ത്രീ കേരളത്തിൽ - ചില ചിന്തകൾ

അടിമജീവിതത്തിന്റെ ഇന്നലെകളിലേയ്ക്ക്, കറുത്തവർഗക്കാരായ അമ്മമാരുടെ 'പൂന്തോട്ടങ്ങളെ' തിരഞ്ഞു പോകുന്നുണ്ട്, ആലീസ് വാക്കർ'. ആ പഴയ കാലങ്ങളിൽ, ആത്മാവിൽ കലയുടെ, സൃഷ്ടിയുടെ തിളക്കം പേറി ജീവിച്ച, കറുത്ത പെൺശരീരങ്ങളുടെ, രക്തമുറഞ്ഞുപോകുന്ന ചരിത്രം വാക്കർ പങ്കുവെയ്ക്കുന്നു. എഴുത്തിന്റെയോ വായനയുടെയോ തുറവുകളില്ലാതിരുന്ന, അമ്മമാർ. അടിമപ്പണിയുടെ, ലൈംഗികാതിക്രമങ്ങളുടെ, ഗർഭധാരണത്തിന്റെ, പ്രസവത്തിന്റെ... എല്ലാം അടയാളങ്ങളായി തകർന്ന ശരീരങ്ങളായി മാത്രം നിലനിന്ന അമ്മമാർ. അവരുടെ ഭ്രാന്തുകളെ, സൃഷ്ടിപരതയുടെ പൂന്തോട്ടങ്ങളെ വീണ്ടെടുക്കുമ്പോൾ, ആലീസ് വാക്കർ, 'വുമണിസം' womanism എന്ന അവരുടെ തന്നെ ആശയത്തിന്റെ ഏറ്റവും ശക്തമായ വക്താവായിത്തീരുന്നു. ഡിഗ്രി ക്ലാസിൽ, ആലീസ് വാക്കറുടെ ലേഖനം പഠിക്കുമ്പോൾ ഞാനെന്റെ അമ്മമാരെക്കുറിച്ചു മാത്രമായിരുന്നു ചിന്തിച്ചത്. ഒപ്പമിരുന്ന് വായിച്ചവർക്കെല്ലാം ചർച്ച ചെയ്യാൻ ഹൃദയത്തിൽ തൊടുന്ന ഒരു വിഷയമായും എനിക്കു മാത്രം തീരാത്ത അസ്വസ്ഥതകൾ ആരോ ചുരണ്ടി വച്ച ഒരു ഭീമൻ ഭിത്തിയായും സുന്ദരമായ തലക്കെട്ടുള്ള ആ ലേഖനം. കാലം കുറച്ചധികം മുമ്പോട്ടു പോയാലും ചുവരിലെഴുതപ്പെട്ട അസ്വസ്ഥതകൾ മായുന്നില്ല. കാടിനുള്ളിൽ ഏതോ ആദിവന്യതകളുടെ താളമായും നാടിന്റെ തിമിർപ്പുകളിൽ അസാധാരണമായ ആദ്യ ജ്ഞാനങ്ങളുടെ സങ്കേതമായും നിലകൊള്ളുന്ന നമ്മുടെ ആദിവാസി സ്ത്രീത്വം. ഈ അമ്മമാരുടെ പൂന്തോട്ടങ്ങൾ തിരഞ്ഞുപോകാൻ ഇവിടെയാരുമുണ്ടായിരുന്നില്ല, എന്നതാണ് സത്യം. പൊടിഞ്ഞു തുടങ്ങിയ എല്ലുകളായെങ്കിലും പെറുക്കിക്കൂട്ടാൻ, ചരിത്രവും സംസ്കാരവും അടയാളപ്പെടുത്താൻ, ആദിവാസിപ്പെണ്ണിന് ഇന്നും അന്വേഷകരില്ല. ഉള്ളതെല്ലാം, ഈ നാടിന്റെ പൊതുബോധ്യങ്ങളിൽ ചില വലിയവർ ചേർന്നുണ്ടാക്കിയെടുത്ത ചിത്രങ്ങളാണ്. അപരിഷ്കൃതമായ, പ്രാചീനമായ വേഷഭൂഷാദികളോടെ പാതി മറച്ച ശരീരവും ദൈന്യതയാർന്ന മുഖവുമായി നിൽക്കുന്ന ആദിവാസി സ്ത്രീയുടെ ചിത്രങ്ങൾ അന്വേഷിച്ച് ആരാധിച്ച് പിന്നോട്ടുപോയി ചരിത്രം വീണ്ടെടുത്തുകൊണ്ടുവരാൻ, അന്യർക്കല്ല, അവകാശികൾക്കാണു കഴിയേണ്ടത്. എന്നിട്ടും, ഇരുട്ടിന്റെ ഈ ഭൂമികയിൽ നിന്നും മായ്ച്ച്, സത്യത്തിന്റെ തെളിച്ചത്തിൽ മറ്റൊന്നു വരയ്ക്കാൻ, ഇവിടെ തുടർച്ചകളുണ്ടാകുന്നില്ല. നമ്മുടെ ആലീസ് വാക്കർമാർ നിശ്ശബ്ദരും അദൃശ്യതയിലൊളിക്കുന്നവരുമായി പോകുന്നതെന്തുകൊണ്ടാണ്? കേരളത്തിൽ, ആദിവാസി സ്ത്രീത്വത്തിന്റെ ശക്തമായ പ്രതിനിധാനങ്ങൾ ഇന്നുമില്ലാതെ പോകുന്നതെന്തുകൊണ്ടാണ്?



അടിച്ചമർത്തപ്പെട്ടവരുടെ ഉന്നമനത്തെക്കുറിച്ചുള്ള ചർച്ചകളിൽ ഏറ്റവുമധികം പ്രാധാന്യം നൽകി വരുന്നത്, അത്തരം വിഭാഗങ്ങളുടെ ക്ഷേമം

**ആലീസ് വാക്കറുടെ വാക്കുകളിൽ അമ്മമാരുടെ പൂന്തോട്ടങ്ങൾ തിരഞ്ഞുള്ള യാത്രയിൽ അവർ സ്വയം കണ്ടെത്തുകയായിരുന്നു. ഒരു പക്ഷേ, ഇന്ന്, വിജനമായ ഒരു നാൽക്കവല മാത്രമായിരിക്കാം, നാം പ്രതീക്ഷിക്കുന്ന ഈ ആദിവാസി സ്ത്രീയിടം. നാളെ, അനേക ശബ്ദങ്ങൾ കൂടിച്ചേർന്ന് അതൊരു മഹാ ആരവമായിത്തീരേണ്ടതുണ്ട്. കേരളത്തിന്റെ പൊതുവെളിപാടുകളിൽ മറ്റാരെങ്കിലും കൈയ്യാളുന്ന ശബ്ദമായല്ല. സ്വയപ്രാപ്തിയുള്ള ഒരു വലിയ സമൂഹമായി "കാട്ടുപെണ്ണുങ്ങൾ" കടന്നുവരേണ്ടതുണ്ട്.**

(well-being) വികസനം (development) എന്നീ ഘടകങ്ങൾക്കാണ്. ആദിവാസി ക്ഷേമ വികസന പ്രവർത്തനങ്ങൾക്കായി ചിലവഴിക്കുന്ന തുക, ആവിഷ്ക്കരിക്കുന്ന പദ്ധതികൾ എന്നതിലെല്ലാം, നാം, ഒരു സമൂഹമെന്ന നിലയിലും സർക്കാർ തലത്തിലും അത്ര പിന്നിലുമല്ല. എന്നിട്ടും, എവിടെയാണ്, മുൻപ് സൂചിപ്പിച്ച ഈ അദൃശ്യത (invisibility) കടന്നുവരുന്നത്? ക്ഷേമവികസന പ്രവർത്തനങ്ങൾ ഉദ്ദേശിച്ച ഫലപ്രാപ്തിയിലെത്താതെ പോകുന്നതും ആദിവാസി ഇന്നും ഏറ്റവും താഴെത്തട്ടിൽ തുടരുന്നതും എന്തുകൊണ്ടാണ്? "ആദിവാസി സ്ത്രീ" എന്ന വിഭാഗത്തിലൂന്നി, ഈ ചോദ്യങ്ങളുയരുമ്പോൾ, കടന്നുവരുന്ന ചില ചിന്തകൾ ആ വിഭാഗത്തിന്റെ നിർവാഹകശേഷി (agency)യുമായി ബന്ധപ്പെട്ടതാണ്. ആദിവാസി എന്ന ഒരു വലിയ വിഭാഗീകരണത്തിൽ, ആദിവാസി സ്ത്രീയുടെ റോൾ പലപ്പോഴും അവഗണിക്കപ്പെടുന്നു. സാമൂഹിക ക്രമത്തിന്റെയും ജീവിതശൈലിയുടെയുമെല്ലാം കാര്യത്തിൽ ആദിവാസി സമൂഹത്തെ മറ്റു സമൂഹങ്ങളുമായി തുലനം ചെയ്തു വിലയിരുത്തുന്നതിന്റെ ഒരു വലിയ പ്രശ്നം നമ്മുടെ പ്രായോഗിക-സൈദ്ധാന്തിക വശങ്ങളിലുണ്ട്. ആദിവാസി സംസ്കാരത്തിൽ സ്ത്രീയുടെ സ്ഥാനം മറ്റു സമൂഹങ്ങളിൽ നിന്നു വ്യത്യസ്തവും സങ്കീർണ്ണവുമായതിനാൽത്തന്നെ, ആ വിഭാഗത്തിന്റെ ഉന്നമനത്തിൽ ആദിവാസി സ്ത്രീയ്ക്ക് ഒരു വലിയ പങ്ക് വഹിക്കാൻ സാധിക്കണം. ആദിവാസി സ്ത്രീകളാണ് ഏറ്റവുമധികം ചൂഷണം ചെയ്യപ്പെടുന്നത് എന്ന വസ്തുത ഇവിടെ വിസ്മരിക്കുന്നില്ല. നമ്മുടെ പൊതുബോധത്തിലാഴ്ന്നു കിടക്കുന്ന, "കാട്ടുപെണ്ണ്" സങ്കൽപങ്ങൾ ആദിവാസി സ്ത്രീ ശരീരത്തെയും വിഭാവനം ചെയ്യുന്നത് ലൈംഗികതയുമായി ബന്ധപ്പെട്ടാണെന്നതും മറക്കുന്നില്ല. അതുകൊണ്ടാക്കെത്തന്നെയാണ് ആദിവാസിപ്പെണ്ണുങ്ങൾ എന്ന കരുത്തരായ ഒരു വിഭാഗത്തിന്റെ സ്വത്വവും (identity) നിലനിൽപ്പും വീണ്ടുവിചാരങ്ങൾക്കു വിധേയമായിത്തീരേണ്ടത്. വികസനത്തെ സ്വാതന്ത്ര്യമായി നിർവ്വഹിച്ചു കൊണ്ടെഴുതിയ പുസ്തകത്തിൽ[2] അമർത്യ സെൻ സ്ത്രീയുടെ നിർവ്വഹണശേഷിയെയും സാമൂഹ്യമാറ്റത്തെയും കുറിച്ച് സൂചിപ്പിക്കുന്നത്, ഇവിടെയും പ്രസക്തമാണ്. അവകാശങ്ങൾ സംരക്ഷിക്കേണ്ടതും ക്ഷേമ-വികസന പ്രവർത്തനങ്ങളുമെല്ലാം നിലനിൽക്കുമ്പോൾത്തന്നെ, സ്ത്രീയുടെ ഏജൻസി അത്രയധികം പ്രധാനമാണെന്ന് അദ്ദേഹം ഓർമ്മിപ്പിക്കുന്നു. സ്വന്തമായി കാര്യങ്ങൾ നടത്തിയെടുക്കാനുള്ള അവസരം - ആദിവാസി സ്ത്രീയ്ക്കു വേണ്ട ഏജൻസി അതുതന്നെയാണ്.


ആലീസ് വാക്കർ

സ്വന്തം ചരിത്രം അവർ സ്വയം പറയട്ടെ. ഇടനിലക്കാരും ലാഭം തിരഞ്ഞു പോകുന്നവരും ഇനിയെങ്കിലും മാറി നിൽക്കട്ടെ. അങ്ങനെ, അനേകം കഥ പറച്ചിലുകൾ ചേർന്ന്, ആദിവാസി എന്താണെന്ന പൊതുധാരണകൾ തിരുത്തിയെടുക്കട്ടെ. ഒരൊറ്റ ലെൻസിലൂടെ മാത്രം നിങ്ങൾ കണ്ടു ശീലിച്ച കാഴ്ചയല്ല, തലമുറകളുടെ അവസാനിക്കാത്ത ചരിത്രസമ്പത്താണ്, വൈവിധ്യമാണ് ആദിവാസി സ്ത്രീയെന്ന്, ലോകമറിയട്ടെ.

ആലീസ് വാക്കറുടെ വാക്കുകളിൽ അമ്മമാരുടെ പൂന്തോട്ടങ്ങൾ തിരഞ്ഞുള്ള യാത്രയിൽ അവർ സ്വയം കണ്ടെത്തുകയായിരുന്നു. ഒരു പക്ഷേ, ഇന്ന്, വിജനമായ ഒരു നാൽക്കവല മാത്രമായിരിക്കാം, നാം പ്രതീക്ഷിക്കുന്ന ഈ ആദിവാസി സ്ത്രീയിടം. നാളെ, അനേക ശബ്ദങ്ങൾ കൂടിച്ചേർന്ന് അതൊരു മഹാ ആരവമായിത്തീരേണ്ടതുണ്ട്. കേരളത്തിന്റെ പൊതുവെളിപാടുകളിൽ മറ്റാരെങ്കിലും കൈയ്യാളുന്ന ശബ്ദമായല്ല. സ്വയപ്രാപ്തിയുള്ള ഒരു വലിയ സമൂഹമായി "കാട്ടുപെണ്ണുങ്ങൾ" കടന്നുവരേണ്ടതുണ്ട്.

***റഫറൻസ്***

1. ആലീസ് വാക്കർ - "ഇൻ സേർച്ച് ഓഫ് അവർ മദേഴ്സ് ഗാർഡൻസ്" (1983)

2. അമർത്യ സെൻ - ഡെവലപ്മെന്റ് അസ് ഫ്രീഡം - "വിമൻസ് ഏജൻസി ആൻഡ് സോഷ്യൽ ചെയ്ഞ്ച് (1999)

■

# വടയമ്പാടി
# ജാതിമതിൽ സമരം



**കേ**രളത്തിലെ ശക്തമായ ദലിത് സ്ത്രീ മുന്നേറ്റങ്ങളിൽ ഒന്നായിരുന്നു വടയമ്പാടി ജാതി മതിൽ സമരം. 1967 ൽ ഇ എം എസ് മന്ത്രി സഭ യുടെ കാലത്തു അനുവദിക്കപ്പെട്ട മൂന്നു പട്ടിക ജാതി ക്കോളനിയാൽ ചുറ്റപ്പെട്ടു കിടന്ന പൊതു മൈതാനം എൻ എസ് എസ് സ്വകാര്യ ഭൂമി ആണെന്ന് അവകാശപ്പെട്ടു മതിൽ കെട്ടിയതു കോളനി നിവാസികൾ അംബേദ്കർ ജയന്തിയിൽ പൊളിച്ചു കളഞ്ഞതിൻ മേൽ നടന്ന സംഘർഷം രൂക്ഷം ആവുകയാണ് ഉണ്ടായത്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള സാധാരണ പ്രവർത്തകരും, ആക്ടിവിസ്റ്റുകളും, സംസ്കാരിക പ്രവർത്തകരും വടയംപാടിയിലെ ത്തുകയും അറസ്റ്റിൽ ആവുകയും ചെയ്തു. പങ്കെടുത്ത എല്ലാവർക്കും എതിരെ ഇപ്പോൾ കേസ് നടന്നു കൊണ്ടിരിക്കുന്നു. തുടക്കം മുതൽ മാവോ ബന്ധം ആരോപിക്കപ്പെട്ട സമരത്തെ പോലീസ് സ്റ്റേഷനിൽ അംബേദ്കറുടെ പടം ജയ് ഭിം വിളിച്ചു ഉയർത്തി പ്രതിരോധിക്കുവാൻ ആക്ടിവിസ്റ്റു കൾക്കു കഴിഞ്ഞു. പല പ്രമുഖ ദലിത് ധൈഷണിക വ്യക്തിത്വങ്ങളും ഈ സമരത്തെ ഇനിയും വേണ്ട വിധത്തിൽ ഉൾക്കൊണ്ടിട്ടില്ല. ആയതിനാൽ അവർ വടയമ്പാടി സമര മുഖത്തെപ്പറ്റി അർത്ഥ ഗർഭമായി മൗനം സൂക്ഷിക്കുന്നു. അപ്പോഴും അവിടെ ഉയർന്ന സ്ത്രീ ശബ്ദം വായിക്കപ്പെടാതെ പോകരുത്.





**ധന്യ മാധവ്**
ആയുര്‍വ്വേദ ഡോക്ടര്‍

# വേഷങ്ങളുടെ ജാതിയടയാളങ്ങള്‍

നമുക്ക് കളക്ടര്‍ വാസുകിയില്‍ നിന്ന് തുടങ്ങാം. ചുരുങ്ങിയ കാലയളവില്‍ ഏറ്റവും മികച്ച പ്രവര്‍ത്തനങ്ങളോടെ ശ്രദ്ധിക്കപ്പെട്ട ഐ എ എസ് ഓഫീസര്‍. പുത് എന്ന നരകത്തില്‍ നിന്നും മാതാപിതാക്കളെ ത്രാണനംചെയ്യുന്നവന്‍-രക്ഷിക്കുന്നവന്‍-പുത്രന്‍ എന്നാകുമ്പോള്‍ മരണശേഷം അന്ത്യക്രിയകള്‍ക്കു പുത്രന് മാത്രം അവകാശം നല്‍കുന്ന ഹിന്ദുമത വിധികളെ തകര്‍ത്തുകൊണ്ട് സ്വമാതാപിതാക്കളുടെ മരണാനന്തര കര്‍മങ്ങള്‍ നടത്തിക്കൊണ്ട് പെണ്‍ സമൂഹത്തിനന്തസ്സായി നിന്നവള്‍. പക്ഷെ എന്നിട്ടും ഏറ്റവുമൊടുവില്‍ ശ്രീമതി വാസുകി മുന്നോട്ടു വച്ച re use അഥവാ വസ്ത്രങ്ങളുടെ പുനരുപയോഗത്തെ നിഷേധിച്ചു എഴുതേണ്ടി വന്നതിനു പിന്നിലെ രാഷ്ട്രീയ പരിശോധനയാണ് ഞാന്‍ ഉള്‍പ്പെടുന്ന ദളിത് സമൂഹം മുന്നോട്ടു വയ്ക്കുന്നത്.



മഹാനായ ബാബ സാഹേബ് അംബേദ്കര്‍ ഞാനദ്ദേഹത്തെ modernist reformer എന്ന് കാണാനാഗ്രഹിക്കുന്നു. തന്റെ സമൂഹം ഉടുതുണിക്ക് മറുതുണി ഇല്ലാതെ കഴിയുമ്പോളും അദ്ദേഹം ഏറ്റവും modern വസ്ത്രങ്ങള്‍ ധരിച്ചിരുന്നു. തന്റെ അനുയായികളോടും ഏറ്റവും വൃത്തിയായി വസ്ത്രം ധരിക്കാന്‍ അദ്ദേഹം ഉദ്ഘോഷിച്ചു. കാരണം പുതിയ വസ്ത്രങ്ങള്‍ വാങ്ങിക്കുമ്പോള്‍ പോലും അത് ചെളിയില്‍ മുക്കി അഴുക്കോടെ ധരിക്കാന്‍ വിധിക്കപ്പെട്ട സമൂഹമായിരുന്നു ഇന്ത്യയിലെ ദളിത് ജീവിതങ്ങള്‍. അതോടൊപ്പം തന്നെ കൂട്ടി വായിക്കപ്പെടേണ്ട വ്യക്തിത്വമാണ് പൊയ്കയില്‍ കുമാര ഗുരുദേവന്‍. അദ്ദേഹത്തിന്റെ അനുശാസനങ്ങളില്‍ പ്രഥമ പ്രാധാന്യം നല്‍കിയിരുന്ന വസ്തുത അലക്കി വെളുപ്പിച്ച വസ്ത്രങ്ങള്‍ ധരിക്കണം എന്നായിരുന്നു. കേരളത്തില്‍ നിലനിന്നിരുന്ന സാഹചര്യത്തില്‍ വസ്ത്രത്തിനു തന്നെ അയോഗ്യത കല്‍പി

ച്ചിരുന്ന ഒരു വിഭാഗത്തിനോട് നിങ്ങൾ അലക്കി വെളുപ്പിച്ച വസ്ത്രം ധരിക്കണം എന്നത് ഒരു നിയമമായി ഉദ്ഘോഷിക്കുന്നത് പോലും വസ്ത്രത്തിന്റെ വ്യക്തമായ രാഷ്ട്രീയമാണ്. ഇന്നും അദ്ദേഹം സ്ഥാപിച്ച പ്രത്യക്ഷരക്ഷദൈവസഭ പിന്തുടരുന്നത് അതെ ശാസനങ്ങളാണ്. സമൂഹത്തിൽ നിന്ന് പിന്തള്ളപ്പെട്ടവന് വസ്ത്രങ്ങൾ ഒരു പരിധി വരെയെങ്കിലും നൽകിയ സാമൂഹിക സ്വീകാര്യത തള്ളിക്കളയാൻ കഴിയുന്നതല്ല.

നമുക്ക് ഇനി ഇന്നിലേക്ക് മടങ്ങി വരാം. വസ്ത്രങ്ങൾ ഉപയോഗിക്കാൻ അയോഗ്യത കല്പിച്ചിരുന്ന കാലഘട്ടത്തിൽ നിന്ന് അതുടുക്കാനുള്ള അവകാശങ്ങൾ ലഭിച്ചപ്പോഴും പുതിയതൊന്ന് ലഭിക്കാൻ അതികഠിനമായി പ്രയത്നിക്കേണ്ടി വന്ന ഒരു തലമുറയാണ് ഞങ്ങൾക്ക് മുൻപിൽ കടന്നു പോകുന്നത്. ആകെയുണ്ടായിരുന്ന ഒരേ ഒരു uniform ക്ലാസ്സിലും, അതെ uniform തന്നെ കല്യാണങ്ങൾക്കും ബാക്കി

സ്വാഭാവികമായും പിന്നാക്കാവസ്ഥയിൽ ഉള്ള കുട്ടികളുള്ളതിനാൽ checking ഉള്ള സമയങ്ങളിലൊഴികെ ഏറെ കുറെ മറ്റു വസ്ത്രങ്ങളും ധരിക്കാൻ കുട്ടികളെ അനുവദിച്ചിരുന്നു. ഞാൻ സംസാരിച്ചു എന്ന് പറഞ്ഞ കുട്ടി പഠനം നിർത്താനുള്ള കാരണം ഇതേ re use ആണെന്ന് പറഞ്ഞാൽ തെറ്റ് അല്ല. അവന്റെ അമ്മ പണിയെടുക്കുന്ന വീട്ടിലെ കുട്ടിയും ഇവനും ഒരേ സ്കൂളിൽ പഠനം തുടരുകയും സാമ്പത്തികമായി നല്ല അവസ്ഥയിലുള്ള കുട്ടിയുടെ മാതാപിതാക്കൾ അവരുടെ പഴയ തുണികൾ വീട്ടുജോലിക്ക് നിന്ന സ്ത്രീക്ക് നൽകുകയും ചെയ്തു. പിറ്റേന്ന് അതിട്ടു ക്ലാസ്സിൽ വന്ന ആദിവാസി കുട്ടിയെ വളരെ നിർദ്ദോഷം എന്ന് തോന്നും വിധം വസ്ത്രത്തിന്റെ യഥാർത്ഥ ഉടമസ്ഥൻ കളിയാക്കുകയും അതെ തുടർന്ന് നേരിട്ട അപമാനം സഹിക്കാൻ കഴിയാതെ മിടുക്കനായ ആദിവാസി വിദ്യാർത്ഥി പഠനമവസാനിപ്പിക്കുകയും ചെയ്തു.



ആഘോഷങ്ങൾക്ക് പങ്കെടുക്കുമ്പോഴും ഉപയോഗിക്കേണ്ടി വന്നിരുന്നു എന്ന് അമ്മയടക്കമുള്ള തലമുറ പറഞ്ഞു കേട്ട അറിവുകളാണ്. തൊട്ടടുത്ത, ജാതിയിലും സാമ്പത്തികവുമായ ഉയർന്ന വീടുകളിലെ കുട്ടികളുടെ പഴയതും നിറം മങ്ങിയതുമായ വസ്ത്രങ്ങളാണ് പിന്നീടുണ്ടായിരുന്ന ആശ്രയം. കുട്ടികൾ എന്ത് കൊണ്ട് പഠനം ഉപേക്ഷിക്കുന്നു എന്നറിയാൻ നടത്തിയ യാത്രകളിൽ ഒരു ആദിവാസി കുട്ടി പറഞ്ഞ കാര്യം ഇന്നും ഓർമയിലുണ്ട്, താരതമ്യേന സ്കൂളുകളുടെ എണ്ണം കുറഞ്ഞ ആ പ്രദേശത്ത് എല്ലാ വിഭാഗത്തിലും പെട്ട കുട്ടികളുടെ വിദ്യാഭ്യാസം നടന്നിരുന്നത് സമീപത്തുള്ള ഗവൺമെന്റ് സ്കൂളിൽ ആയിരുന്നു.

രണ്ടു വർഷം മാത്രം മുൻപ് നടന്ന ഈ അനുഭവത്തെ കുറിച്ച് പറയുമ്പോളും ഇന്ന് സോഷ്യൽ മീഡിയയിൽ കടന്നു പോയ പോസ്റ്റിലേക്ക് ഒരെത്തിനോട്ടം വേണ്ടതാണ് എന്ന് തോന്നുന്നു. മികച്ച ഒരെഴുത്തുകാരിയും, എഡിറ്ററും ഒക്കെയായ ഒരു സ്ത്രീ ദളിത്സംരക്ഷകയെന്നോ ഉദാരമതിയെന്നോ തെളിയിക്കാനുള്ള വ്യഗ്രതയിലാകാം ഒരു ദളിത് സ്ത്രീ നൽകിയ സാരി ഉടുക്കുന്നതിനെക്കുറിച്ചു വിപ്ലവാത്മകമായ പോസ്റ്റ് ഇട്ടിരുന്നു. അയിത്ത സെറ്റ് സാരി എന്ന് സർക്കാസമായി ഉപയോഗിക്കുന്നിടത്തും ആ സാരി നൽകിയ സ്ത്രീയുടെ കരുണയെക്കാൾ അതുടുക്കാൻ അവർ കാണിക്കുന്ന വലിയ മനസ്സാണ് എടുത്ത് വായിക്കുന്നത്.



ഒരു privileged ആയിട്ടുള്ള വ്യക്തി ധരിക്കുന്ന വസ്ത്രത്തെ കുറിച്ച് യാതൊന്നും ആരെയും ബോധിപ്പിക്കേണ്ടി വരില്ല എന്നാൽ ഒരു unprivileged ആയിട്ടുള്ള വ്യക്തി ധരിക്കുന്ന വസ്ത്രത്തെ പോലും മറ്റൊ രാൾക്ക് മുൻപിൽ ബോധി പ്പിക്കേണ്ടി വരും. ഉദാഹരണം ഇങ്ങനെ എടുക്കാം കലക്ടർ വാസുകി ധരിക്കുന്ന സാരിയുടെ വിലയോ പഴമയോ മെറ്റീരി യലോ ക്വാളിറ്റിയോ ഒരാളും അളക്കാൻ നിൽക്കില്ല.

എന്നാൽ ഒരു സാധാരണ അടിച്ചു വരുന്ന, തൊഴിലുറപ്പിനു പോകുന്ന, വീട്ടു ജോലിക്കു പോകുന്ന സ്ത്രീ പുതിയ ഒരു കോട്ടൺ സാരി ഭംഗിയിൽ ധരിച്ചാൽ പോലും അത് ആര് കൊടുത്തു എന്നായിരിക്കും ആദ്യത്തെ ചോദ്യം, അല്ലെങ്കിൽ അതിനു 300 രൂപയിൽ താഴെ ആയിരിക്കും വില എന്നായിരിക്കും. രണ്ടാമത്തെ നിഗമനം, പിന്നെയും കടന്നാൽ ഓ അത്ര നിലവാരമുള്ള തുണിയല്ല എന്നും. ഇതാണ് അനുഭവങ്ങളിൽ നിന്ന് സംസാരിക്കുന്ന പലരു ടെയും അഭിപ്രായം. മിക്കവാറും സ്വന്തം വ്യക്തി ത്വത്തെ സൂക്ഷിക്കാൻ വസ്ത്രം പുതിയതേ ധരിക്കൂ എന്ന് തീരുമാനിച്ചതാണ് അല്ലെങ്കിൽ പഴയ തെങ്കിലും സ്വന്തം ഡ്രസ്സ് തന്നെ വേണം എന്നെങ്കിലും അവർക്കു നിർബന്ധമുണ്ട്.

ഏറെക്കുറെ പലരും ഇപ്പോഴടുത്താണ് പുതിയ വസ്ത്രങ്ങൾ ധരിച്ചു തുടങ്ങുന്നത് തന്നെ. കാരണം re use അവരെ സംബന്ധിച്ചിടത്തോളം പണ്ടേ പിന്തുടർന്ന വെറുക്കപ്പെട്ട ആചാരം പോലെയും പലപ്പോഴും അപമാനിക്കപ്പെട്ട അവസ്ഥയുമാണ്. ഈ ആർട്ടിക്കിൾ തയ്യാറാക്കാൻ ഞാൻ സംസാരിച്ചത് രണ്ടു സംസ്ഥാനങ്ങളിലെ സാധാരണക്കാരോടാണ് മഹാരാഷ്ട്രയും കേരളവും, രണ്ടിടത്തും ദളിത് ജീവിതങ്ങളുടെ അവസ്ഥയിൽ വലിയ മാറ്റങ്ങൾ ഒന്നും തന്നെയില്ലെന്നും മറുപടികൾ സൂചിപ്പിക്കുന്നുണ്ടായിരുന്നു.

വസ്ത്രത്തിനു വ്യക്തമായ ഒരു രാഷ്ട്രീയ മുണ്ട്, അത് കൊണ്ട് തന്നെയാണ് ബാബ സാഹേബ് അംബേദ്കർ ഉദ്ബോധിപ്പിച്ചത്, വൃത്തിയുള്ള വസ്ത്രം ധരിക്കുക. ഇല്ലെങ്കിൽ ഒരു സമൂഹത്തിൽ നിന്നാണ് ബഹിഷ്കരണം നേരിടേണ്ടി വരിക.

അത് തന്നെയാണ് തുടക്കം മുതൽ പറ യുന്ന വിയോജിപ്പുകൾ ഉടലെടുക്കുന്നതിന്റെ കാരണവും. സ്വമേധയാ തിരഞ്ഞെടുക്കുന്ന നില പാടുകളെ പോലും ഗതികേട് കൊണ്ട് തിരഞ്ഞെടു ത്തത് എന്ന രീതിയിലാണ് പലപ്പോഴും പൊതു സമൂഹം കാണുന്നത്. രജിസ്റ്റർ വിവാഹം ആണ് താല്പര്യം എന്ന് തിരഞ്ഞെടുക്കുന്ന സവർണ സ്ത്രീയുടെ നിലപാടുകളെ വിപ്ലവമായും, ചിലവ് ചുരുക്കലായും വാഴ്ത്തപ്പെടുമ്പോൾ രജിസ്റ്റർ വിവാഹം തിരഞ്ഞെടുക്കുന്ന ദളിത് പെൺകുട്ടി അവളുടെ വീട്ടുകാരുടെ ഗതികേട് കൊണ്ട് രജിസ്റ്റർ വിവാഹം ചെയ്യിച്ചു എന്ന് വായിക്കാ നാണ് സമൂഹത്തിന് ഇഷ്ടം.

ഏതാനും മാസങ്ങൾക്കു മുമ്പ് മുടിയിൽ കളർ ചെയ്ത ഇരു നിറമുള്ള ഞാൻ ഒരു സമര വീഥിയിൽ ഇരിക്കുമ്പോ രാഷ്ട്രീയ നേതാക്കളടക്കം മൈക്കിലൂടെ വിളിച്ചു പറഞ്ഞത് കുളിക്കാതെ കുറെ ജന്മങ്ങൾ സമരത്തിന് വന്നിട്ടുണ്ട് എന്നാണ്. ഇതേ പൊതുബോധം ആണ് മുടി നീട്ടി വളർ ത്തിയ വിനായകൻ കഞ്ചാവടിക്കാരൻ ആകു ന്നതും കൊല്ലപ്പെടുന്നതിലേക്കും വഴി വച്ചത്. കറുത്ത നിറമുള്ള, ദളിത് ജീവിതങ്ങളോടുള്ള സമൂഹത്തിന്റെ പൊതുബോധത്തിൽ പഴകിയ വസ്ത്രങ്ങൾ ഗതികേട് കൊണ്ട് ഞങ്ങൾക്കിടേണ്ടി വന്നതാണ്. അതിനെ ഒരിക്കലും ഞങ്ങളുടെ നിലപാടുകളോട് ചേർത്ത് വായിക്കാൻ കഴിയാ ത്തിടത്തോളം re use എന്ന tagline ഒരല്പം അസ്വസ്ഥയോടെയാണ് നോക്കിക്കാണുന്നത്.

■



**സോണിമ ജേക്കബ്ബ്**
ഗവേഷക,
മഹാത്മാഗാന്ധി സർവ്വകലാശാല

# ദളിത്ക്രൈസ്തവ സ്ത്രീ മുന്നേറ്റങ്ങൾ

**മത വിശ്വാസങ്ങൾക്കുള്ളിൽ നിന്നുള്ള സ്ത്രീ ശബ്ദങ്ങൾ എതിർശബ്ദങ്ങളുടെ രൂപപ്പെടലുകളിൽ എത്തുമ്പോൾ കേരള സമൂഹത്തിന്റെ കപട "നവോത്ഥാന" വാദങ്ങളെ അത് തകർത്തു കളയുന്ന കാഴ്ചകൾ ആണ് നാമിപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്.**

**ഈ** ലേഖനം ദളിത് ക്രൈസ്തവ സ്ത്രീ[1] രാഷ്ട്രീയത്തെ ചർച്ച ചെയ്യാൻ ആഗ്രഹിക്കുന്ന ഒന്നാണ്. 1970കളിലും, 80കളിലുമായി രൂപപ്പെട്ട ദളിത് രാഷ്ട്രീയത്തിന്റേയും പലതരത്തിലുള്ള സ്ത്രീപക്ഷ രാഷ്ട്രീയങ്ങളുടേയും സാധ്യതകളും അസാധ്യതകളും വിമർശനാത്മക ബോധത്തിലൂന്നി രൂപപ്പെട്ടു വന്ന ദളിത്സ്ത്രീ രാഷ്ട്രീയം തുറന്നു തന്ന മനസ്സിലാക്കലുകളിലാണ് ഈ ലേഖനം എഴുതപ്പെടുന്നത്. 'ദളിത്' 'ക്രൈസ്തവ' 'സ്ത്രീ' എന്നീ മൂന്നു നിലകളിലുള്ള സ്വത്വങ്ങൾ അല്ലെങ്കിൽ അടയാളപ്പെടുത്തലുകൾ സമയം, ഇടം, സന്ദർഭം എന്നീ അവസ്ഥകളിൽ അതിന്റെ വ്യത്യസ്ഥതകളിൽ വർത്തിക്കുന്നതാണെന്ന ബോധ്യപ്പെടലുകളുടെ ആവശ്യകത കൂടി ഈ ലേഖനത്തിലൂടെ ഓർമ്മപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു.

**'ക്രിസ്തുമതം-സ്ത്രീ'**

ഏതൊരു മതത്തിന്റേയും പുരുഷാധികാര ഘടനകളോടുള്ള പ്രശ്നം പോലെ തന്നെ ക്രിസ്തുമതത്തിലെ പുരുഷാധികാര ഘടനകൾ പല രീതിയിലുള്ള ഫെമിനിസ്റ്റ് വിശകലനങ്ങൾക്കും വിമർശനങ്ങൾക്കും വിധേയമായിട്ടുള്ളതാണ്. "സ്ത്രീ" (any women) ക്രിസ്തുമതത്തിന്റെ ഘടനകളിലൂടെ ചിത്രീകരിക്കുമ്പോൾ "പൈശാചികതയുടെ ഉറവിടം", "ബുദ്ധിമുട്ടുകൾ അനുഭവിക്കാൻ ജനിച്ചവർ", "പരിശുദ്ധിയും വിശ്വാസവും കാത്തു സൂക്ഷിക്കേണ്ടവർ", "നല്ല സ്ത്രീ മോശം സ്ത്രീ ദ്വന്ദ്വങ്ങൾ", "മാതൃത്വത്തിന്റേയും കന്യകാത്വത്തിന്റേയും പുകഴ്ത്തലുകൾ" എന്നീ നിലകളിലുള്ള പൊതു sterotypes കൾ വളരെ വ്യക്തതയോടെയും Legitimise ചെയ്യപ്പെട്ട അവസ്ഥകളിലും കാട്ടിത്തരുന്ന ഒന്നാണ്. ഇത്തരത്തിലുള്ള sterotypes കളെ ഉല്പാദിപ്പിച്ചും പുനരുല്പാദിപ്പിച്ചും കൊണ്ടിരിക്കുന്ന ഒരു മതം ജാതിവ്യവസ്ഥയുടേയും ലിംഗപദവിയുടേയും അങ്ങേയറ്റം തീവ്രമായ അവസ്ഥകളിൽ നിൽക്കുന്ന സ്ത്രീകളുടെ സാമൂഹിക ജീവിതങ്ങളെ എങ്ങനെ രൂപപ്പെടുത്തി എന്നു ചിന്തിക്കുമ്പോഴാണ് പുതിയ കാഴ്ചകൾ രൂപപ്പെടുന്നത്, പ്രത്യേകിച്ച് ജാതിയുടെ വിശേഷാധികാരം "സവർണ്ണ" സ്ത്രീയ്ക്ക് "നല്ല സ്ത്രീ" എന്ന പരിവേഷം നൽകുമ്പോൾ "ചതി", "അത്യാഗ്രഹി", "കുടിലത", "മലിനത", "സംസ്ക്കാര ശൂന്യ", "പിശാച്", "കുടുംബം തകർക്കുന്നവൾ",



"കലഹിക്കുന്ന", "അസൂയ", "വ്യഭിചാരിണി", "നാശം" എന്നീ പദങ്ങൾ നൽകുന്ന image കളിലും പര്യായപദങ്ങളിലും വിവരിക്കപ്പെട്ടുകൊണ്ടും/വിവരിച്ചു കൊണ്ടിരിക്കുന്നതുമായ ദളിത് സ്ത്രീ ജീവിതങ്ങളിൽ[2].

**കേരളത്തിലെ ദളിത്സ്ത്രീ മതപരിവർത്തനങ്ങൾ**

കേരളത്തിലെ പ്രത്യേകിച്ച് മദ്ധ്യതിരുവിതാംകൂർ ബന്ധപ്പെട്ടു ഉണ്ടായ ദളിത് ക്രിസ്ത്യൻ മുന്നേറ്റ ചരിത്രത്തിന്റെ ഏടുകൾ ഒരുപക്ഷേ തീർത്തും വേറിട്ട ഒരു സാമൂഹിക കാഴ്ചപ്പാടാണ് നമുക്കുണ്ടാക്കിത്തരുന്നത്. പുരുഷാധികാരത്തിന്റെ ഘടനയിൽ വളരെ വലിയ രീതിയിൽ രൂപപ്പെട്ടു വന്ന ഒരു മതം അടിമത്വമനുഭവിക്കുന്ന മനുഷ്യരിലേക്ക് എത്തുമ്പോൾ ആ മതത്തെ തങ്ങളുടെ അടിമത്വാനുഭവങ്ങളിൽ നിന്ന് പുറത്തു കടക്കുവാനുള്ള മാർഗ്ഗമായും ക്രിസ്തുവിലുള്ള വിശ്വാസത്തിൽ അടിസ്ഥാനപ്പെടുത്തിയ ഒരു വിശ്വാസ ജീവിതക്രമത്തെ രൂപപ്പെടുത്തുവാനും ശ്രമിക്കുന്നതിന്റെ ചരിത്രം നമുക്കു ലഭ്യമാണ്.

"1840കളുടെ അവസാനത്തോടെ CMS മിഷണറി എഴുത്തുകുത്തുകളിൽ വിപുലമായ വിവരശേഖരണം അടിമജാതികളെക്കുറിച്ച്; പ്രത്യേകിച്ച് പുലയർ, പറയർ, കുറവർ, വിവരങ്ങൾ ലഭ്യമാകുന്നുണ്ട്. രണ്ട് കാരണങ്ങൾ ആണ് ഇതിനായി പറയുവാനുള്ളത്. ഒന്ന് CMS മിഷണറിമാരെ ഔദ്യോഗികമായി ത്തന്നെ അടിമജാതികൾക്കിടയിൽ പ്രവർത്തിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ളതുകൊണ്ടും രണ്ടാമതായി മദ്രാസ് Corresponding Secretaryയും വൈദികനുമായ T.G. Ragland പ്രാദേശിക മിഷനറി പ്രവർത്തനങ്ങൾക്ക് ചുമതല വഹിച്ചിരുന്ന George Mathan അടിമകൾക്കിടയിൽ പ്രവർത്തിക്കണമെന്നും ആഗ്രഹിച്ചു. ഇതിനു കാരണമായി പറയുന്നത് ഒരു പുലയ അടിമയെ പോത്തിനൊപ്പം നുകം വെച്ച് പാടത്ത് ഉഴാനുപയോഗിക്കുന്ന കാഴ്ച കണ്ട് Ragland നടുങ്ങിപ്പോകുന്ന സാഹചര്യത്തെ ആണ്[3]"എന്ന് തന്റെ ചരിത്ര ഗവേഷണത്തിലൂടെ സനൽ മോഹൻ നമുക്കു വിവരിച്ചു തരുന്നു.

ദളിത് സ്ത്രീകളുടെ ഒറ്റപ്പെട്ടതും പൊതുവായതുമായ മതപരിവർത്തനം മിഷനറി എഴുത്തുകളിൽ നമുക്കു കാണുവാൻ സാധിക്കും. അടിമജാതികളുടെ ഇടയിലെ "ലിംഗപദവി" എന്നതിനെക്കുറിച്ച് ഞാനിവിടെ ചർച്ച ചെയ്യുന്നില്ല. 'അടിമത്വം' എന്ന dehumanising പ്രശ്നത്തിനുള്ളിൽ ആൺ–പെൺ[4] വ്യത്യാസങ്ങൾ ഒരു വിഷയമായി എടുക്കേണ്ടതില്ല എന്ന വാദങ്ങൾ നിലനിൽക്കേ ഈ വിഷയം കൂടുതൽ പഠനത്തിനു വിധേയമാക്കേണ്ടതു തന്നെയാണ് (വിവരശേഖരണത്തിന്റെ പരിമിതികളിൽ നിന്നുകൊണ്ടു തന്നെ) എന്നാണ് ഞാൻ കരുതുന്നത്. കാരണം 'കേരളത്തിന്റെ' ആണധികാര ഘടനകളുടെ ചരിത്ര നിർമ്മിതിയെ കൂടുതൽ വ്യക്തതയോടെ കാണുന്നതിനുള്ള വിവരങ്ങൾ അതിലൂടെ ലഭ്യമാകും എന്നു തന്നെ ഞാൻ കരുതുന്നു.

മിഷനറി രേഖകളിൽ രണ്ട് ഒറ്റപ്പെട്ട ദളിത് സ്ത്രീ മതപരിവർത്തന സംഭവങ്ങൾ വിവരിക്കുന്നുണ്ട്. ഈ സംഭവങ്ങൾ ഒരു കൂട്ടായ മതപരിവർത്തനത്തിന് മുൻപ് സംഭവിച്ചതായാണ് രേഖപ്പെടുത്തുന്നത്. അതിൽ ഒന്ന് 'കാളി' എന്ന പെൺകുട്ടിയുടേതാണ്. 'കാളി' ഒരു ഷിപ്പിലെ

ക്രിസ്തുമതം 'സ്ത്രീയെ' പുരുഷനു യോജിച്ച രീതിയിൽ വിശ്വാസമുള്ള കുടുംബസ്ഥയായ ഒരു 'ഭാര്യ' സങ്കല്പമായി സമുദായത്തിന്റെ നിലനിൽപ്പിന് എന്ന Notionൽ എത്തിക്കുന്നത് ഒരു വിധത്തിലുള്ള സാധ്യതകളെയോ choicesനെയോ മുൻനിർത്തിയല്ല. പകരം ഉത്തരവാദിത്വം എന്ന നിലയിലാണ്. ഇവിടെ ജാതിയുടേയും മതത്തിന്റേയും ലിംഗപദവിയുടേയും ഏറ്റവും മോശമായ oppressive nature ലേക്ക് ഈ സ്ത്രീ ജീവിതങ്ങൾ focus ചെയ്യപ്പെടുകയാണ് ഉണ്ടായത്.

ക്യാപ്റ്റൻ അടിമയായി വാങ്ങിയ പെൺകുട്ടി ആയിരുന്നു. ഏതു വിധത്തിലോ അവൾ അയാളുടെ കൈയിൽ നിന്നും രക്ഷപ്പെട്ട് കൊച്ചിയിലെ മിഷൻ compoundൽ എത്തുകയും ആംഗ്ലിക്കൻ മിഷനറി ആയിരുന്ന Risdalesന്റേയും അദ്ദേഹത്തിന്റെ കുടുംബത്തിന്റേയും മുൻപിൽ അവരുടെ കൂടെ നിൽക്കുന്നതിനായി വാശി പിടിക്കുകയും ഒടുവിൽ മതപരിവർത്തനം നടത്തി വിശ്വാസത്തിൽ ജീവിച്ചു. രണ്ടാമത്തെ സംഭവം തൃശൂരിലെ (Trichur) ഒരു പുലയ അടിമ സ്ത്രീ കുറുമ്പ ഇരുപത്തഞ്ച് ഈഴവ പുരുഷന്മാർക്കൊപ്പം മതപരിവർത്തനം നടത്തുകയും 'Ruth' എന്ന പേര് സ്വീകരിക്കുകയും ചെയ്തതാണ്[5].

ലൂസിയുടേയും രൂത്തിന്റേയും അതുപോലെതന്നെ പല വിധത്തിലൂടെ മതപരിവർത്തനം നടത്തുന്നതിലൂടെ ക്രിസ്തുമതം സ്വീകരിച്ച ദളിത് സ്ത്രീകളുടെ 'മുന്നേറ്റങ്ങൾ' ഒരു സാമുദായിക മുന്നേറ്റത്തിൽ അവരുടേതായ സംഭാവനയായി വായിക്കപ്പെടേണ്ടതാണ്. സാമൂഹിക മുന്നേറ്റം എന്നു പറയുമ്പോൾ പ്രധാനമായും കുടുംബം, വിദ്യാഭ്യാസം, ജോലി എന്നതിലൂടെ പേര്, അഭിമാനം, ബഹുമാനം, അംഗീകാരം തുടങ്ങിയവ നേടിയെടുക്കുന്ന മുന്നേറ്റങ്ങൾ ആണ് ഉണ്ടാകുന്നത്. ഇതിൽ പ്രധാനമായും അടിമ ജാതികളുടെ 'കുടുംബം' എന്ന സങ്കല്പത്തെ സാധ്യമാക്കുന്നതിനും അതിലൂടെ ഒരു സാമൂഹിക പദവിയെ രൂപപ്പെടുത്തുന്നതിനുമായി സ്ത്രീകളുടേയും പുരുഷന്റേയും ഒരുമിച്ചുള്ള 'Act' നു സഹായകമാകുന്ന ഒരു മാധ്യമം ആയി ക്രിസ്തുമതം ഇതിൽ പ്രവർത്തിക്കുന്നതായി കാണുവാൻ സാധിക്കും.

**വിയോജിപ്പുകൾ/പ്രശ്നങ്ങൾ**

മുകളിൽ സൂചിപ്പിച്ചതുപോലെ കുടുംബം എന്ന സ്ഥാപനത്തിന്റെ രൂപപ്പെടൽ ഒരു സാമുദായിക മുന്നേറ്റത്തിന്റെ വളരെ പ്രാധാന്യമർഹിക്കുന്ന വിഷയമാകുമ്പോൾ തന്നെ കുടുംബഘടനകൾ നിർമ്മിച്ചുകൊണ്ടിരിക്കുന്ന ആണധികാരത്തെ ക്രിസ്തുമതം കൂടുതൽ ഉറപ്പിക്കുന്നതായി കാണുവാൻ കഴിയും. അതിലൂടെ ഒരു "വിശ്വാസിയും" "ബഹുമാന്യയും" ആയ 'സ്ത്രീ'യുടെ നിർമ്മിതി ഉണ്ടാക്കപ്പെടുകയാണുണ്ടായത്. 1918കളിൽ ട്രാവൻകൂറിന്റേയും കൊച്ചിയുടേയും CMS ബിഷപ്പ് ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും ഒരുപോലെയുള്ള വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ച് എഴുതുന്നതിൽ പറയുന്നത് "നമുക്ക് outcaste ആളുകളുടെ അറിവില്ലായ്മയുടേയും അധഃപതനത്തിന്റേയും അവസ്ഥകളിൽ നിന്ന് നിലവാരമുള്ള ക്രിസ്തീയ സ്ത്രീത്വത്തെ ഉയർത്തിക്കൊണ്ടുവരണം. നമുക്ക് വിദ്യാഭ്യാസമുള്ള outcaste പുരുഷന്മാർക്കുവേണ്ടി യോജിച്ച രീതിയിലുള്ള ഭാര്യമാരെ നൽകേണ്ടത് ആവശ്യമാണ്[6]. കൂടാതെ പെൺകുട്ടികളെ പഠിപ്പിക്കുന്നതിനും കൂടി ആയി കൂടുതൽ പെൺ ടീച്ചർമാരുടെ ആവശ്യകതയെപ്പറ്റിക്കൂടി അദ്ദേഹം പറയുന്നു. Church ആഗ്രഹിക്കുന്ന domesticity യുടെ വ്യാഖ്യാനം ഇതിൽ നിന്നു ലഭിക്കുന്നുവെന്നും, സമുദായത്തിന്റെ നിലനിൽപ്പ് 'വിദ്യാഭ്യാസം' ഉള്ള സ്ത്രീകളിലൂടെ ആണ് എന്നുമുള്ള വ്യാഖ്യാനങ്ങൾ ഇതിനോടനുബന്ധിച്ച് ഉണ്ടാകുന്നതും സനൽമോഹൻ വിവരിക്കുന്നു.

ക്രിസ്തുമതം 'സ്ത്രീയെ' പുരുഷനു യോജിച്ച രീതിയിൽ വിശ്വാസമുള്ള കുടുംബസ്ഥയായ ഒരു 'ഭാര്യ' സങ്കല്പമായി സമുദായത്തിന്റെ നിലനിൽപ്പിന് എന്ന Notionൽ എത്തിക്കുന്നത് ഒരു വിധത്തിലുള്ള സാധ്യതകളെയോ choiceനെയോ മുൻനിർത്തിയല്ല. പകരം ഉത്തരവാദിത്വം എന്ന നിലയിലാണ്. ഇവിടെ ജാതിയുടേയും മതത്തിന്റേയും ലിംഗപദവിയുടേയും ഏറ്റവും മോശമായ oppressive nature ലേക്ക് ഈ സ്ത്രീ ജീവിതങ്ങൾ focus ചെയ്യപ്പെടുകയാണ് ഉണ്ടായത്.

ക്രിസ്തുമതം സ്വീകരിച്ച മറ്റു ദളിത് സമുദായങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ മനസ്സിലാക്കു

മ്പോൾ കൂടുതൽ വ്യക്തതയോടെ ഇത്തരത്തിലുള്ള ക്രിസ്തീയ ദളിത് സ്ത്രീ വ്യത്യസ്ത നിർമ്മിതികൾ നമുക്ക് മനസ്സിലാകും. Chad Bauman Chattisgarhലെ Satnami dalit christian ഗ്രൂപ്പിൽ നടത്തിയ പഠനത്തിൽ പറയുന്നത് "സത്നാമികൾ മിഷനറിമാർ മുന്നോട്ടുവെച്ച feminityയുടെയോ domesticityയുടെയോ ചിന്തകൾ അതേപടി സ്വീകരിക്കുന്നതിനു പകരം സമൂഹത്തിലെ വരേണ്യ ഹിന്ദു ജാതികളുടേയും കൂടി Notion ആയി കരുതപ്പെടുന്ന "ബഹുമാന്യസ്ത്രീത്വം" എന്ന ആശയത്തെ സാംശീകരിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്നതായും കാണാം[7]. 'ബഹുമാന്യത' എന്ന പദം കുറച്ചുകൂടി വിശദമാക്കിയാൽ ഒന്ന്, അത് 'വര്യേണ' സ്ത്രീകൾക്ക് ജാതിയുടെ വിശേഷാധികാരത്തിലൂടെ ലഭ്യമാകുന്നത് (ഒരു ദളിത് സ്ത്രീയുമായുള്ള താരതമ്യത്തിൽ) ആണ് എന്ന് ലളിതമായി പറയാം. രണ്ട് Eliza Kent നാടാർ ക്രിസ്ത്യൻ സ്ത്രീകൾക്കിടയിൽ നടത്തിയ പഠനത്തിലൂടെ പറയുന്നത് 'പാശ്ചാത്യവും ഇന്ത്യയിലെ വരേണ്യവുമായ വിശേഷാധികാരമുള്ള സ്ത്രീകളുടെ 'അടച്ചുകെട്ടലുകളിലെ' ജീവിതം സഞ്ചാര സ്വാതന്ത്ര്യത്തിനു മുകളിലും, 'അടക്കവും ഒതുക്കവും' ഐച്ഛികതക്കു മുകളിലും, സ്വന്തം ഇഷ്ടങ്ങൾക്കു മുകളിൽ സ്വയം തിരസ്ക്കരിക്കൽ പോലുള്ളവ ഉണ്ടാകുന്നതും ഇത്തരം 'ബഹുമാന്യ സ്ത്രീ' സങ്കല്പത്തിന്റെ ഉൾച്ചേർക്കലുകൾ ആണ്[8].

ഈ വിധത്തിലുള്ള 'സ്ത്രീ' നിർമ്മിതികൾ ഒരു ചരിത്ര വസ്തുതയായി മാത്രം ഒതുങ്ങുന്നിടത്തല്ല ദളിത് ക്രിസ്ത്യൻ സ്ത്രീ വിഷയം നമ്മൾ ചർച്ച ചെയ്യുന്നത്. ജാതികൾക്കുള്ളിലേയും മതങ്ങൾക്കുള്ളിലേയും മാറ്റങ്ങളുടേയും ഒഴിവാക്കലുകളുടേയും രൂപങ്ങൾ ചരിത്രപരമായ പ്രതിരോധം തീർത്തുകൊണ്ടിരിക്കുന്ന ദളിത് ക്രിസ്ത്യൻ പ്രസ്ഥാനങ്ങൾ ഉണ്ടായിട്ടുള്ളതും ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ ഒരിടത്ത് 'ലിംഗപദവി' എന്ന വിഷയം മറ്റു പലതരത്തിലുള്ള വേറിട്ട ശബ്ദങ്ങൾ പോലെ ശ്രദ്ധിക്കപ്പെടാതെ പോകുന്ന സ്ഥിതി നമുക്ക് കാണുവാൻ സാധിക്കും. എന്നാൽ ദളിത് സ്ത്രീ എന്ന നിലയിലുള്ള ദളിത് ക്രിസ്ത്യൻ സ്ത്രീകളുടെ നിലപാടുകളും ദളിത്, ദളിത് സ്ത്രീ സാമൂഹിക പ്രസ്ഥാനങ്ങളിലും ഉള്ള അവരുടെ പങ്ക് എടുത്തു പറയേണ്ടത് തന്നെയാണ്. 1997ൽ രൂപപ്പെട്ട Christi Mahila Sangharsh Sanghadana പോലുള്ള പ്രസ്ഥാനങ്ങളുടെ പ്രാധാന്യം ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. അതിനുമപ്പുറം everyday അനുഭവങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള അക്കാദമിക രചനകൾ വളരെ "നിശ്ശബ്ദമായ" ഇത്തരത്തിലുള്ള സ്ത്രീകളുടെ resistanceനെക്കുറിച്ചും പങ്കുകളെക്കുറിച്ചും കൂടുതൽ പ്രാധാന്യത്തോടെ പഠനവിധേയമാകേണ്ടതിന്റെ ആവശ്യകതയും ദളിത് സ്ത്രീ/ദളിത് ക്രിസ്ത്യൻ സ്ത്രീ രാഷ്ട്രീയം മുന്നോട്ടു വെയ്ക്കുന്നതാണ്.

മത വിശ്വാസങ്ങൾക്കുള്ളിൽ നിന്നുള്ള സ്ത്രീ ശബ്ദങ്ങൾ എതിർശബ്ദങ്ങളുടെ രൂപപ്പെടലുകളിൽ എത്തുമ്പോൾ കേരള സമൂഹത്തിന്റെ കപട "നവോത്ഥാന" വാദങ്ങളെ അത് തകർത്തുകളയുന്ന കാഴ്ചകൾ ആണ് നാമിപ്പോൾ കണ്ട് കൊണ്ടിരിക്കുന്നത്. ക്രിസ്തുമത വിശ്വാസത്തിലെ ആണധികാര ഘടനകളെ ചോദ്യം ചെയ്ത് സ്ത്രീകൾ മുന്നോട്ടു വന്നു കൊണ്ടിരിക്കുന്നതും സ്വാഗതാർഹമാണ്. പക്ഷേ ഈ ഇടപെടലുകളേയും ഇടങ്ങളേയും കൂടുതൽ തിരിച്ചറിയുന്നതിനും മനസ്സിലാക്കുന്നതിനും അതിന്റെ പ്രാതിനിധ്യ സ്വഭാവത്തിന്റെ വ്യത്യസ്ഥതകളെ അംഗീകരിക്കുന്നതിനുമുള്ള രീതി ശാസ്ത്രങ്ങളുടെ അപര്യാപ്തത 'മുഖ്യധാരാ' രാഷ്ട്രീയ കാഴ്ചകൾക്ക് ഉണ്ടാകുന്നില്ല എന്നത് ചിന്തിക്കേണ്ട വിഷയമാണ്.

***ഉപസംഹാരം***

ഈ ലേഖനത്തിലൂടെ പങ്കുവെയ്ക്കാൻ ശ്രമിച്ച 'ദളിത്ക്രിസ്ത്യൻ സ്ത്രീ' പോലും ദളിത് ക്രിസ്ത്യൻ സ്ത്രീകളുടെ ജീവിതത്തിന്റെ ചരിത്രങ്ങളുടേയും വർത്തമാനങ്ങളുടേയും ഒര് ഏട് മാത്രമേ ആകുന്നുള്ളൂ. വ്യത്യസ്ഥ ദളിത് ജാതികളിലെ വ്യത്യസ്ഥ ക്രിസ്തീയ വിഭാഗങ്ങളിലെ സ്ത്രീ അനുഭവങ്ങൾ പ്രായം, വിദ്യാഭ്യാസം, sexuality എന്നിങ്ങനെ ഒന്നിലധികം അറിവുകളായും രാഷ്ട്രീയമായും കൂടുതൽ പഠനവിധേയമാകേണ്ടതിന്റെ ആവശ്യകതകളിലേക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. അത് തന്നെയാണ് ദളിത് സ്ത്രീ രാഷ്ട്രീയം മുന്നോട്ടു വെയ്ക്കുന്ന ആശയം എന്നു ഞാൻ വിശ്വസിക്കുന്നു.

*Reference*

1. ഇവിടെ 'ദളിത് ക്രൈസ്തവ സ്ത്രീ' 'ദളിത്' എന്ന Political കാറ്റഗറിയിൽ വരുന്ന ക്രിസ്തുമത പരിവർത്തനം നടത്തിയ ജാതികളിലെ സ്ത്രീകളെ സൂചിപ്പിക്കുന്നു.

2. ചാരു ഗുപ്ത, The Gender of Caste-Representing Dalits Print, Permanent Black, Ranikhat, 2016.

3. P. Sanal Mohan, Women and Religiocity-Dalit Christianity in Kerala, EPW, Vol II Nos 42-43, October 28, 2017 Page No.51

4. ആൺ-പെൺ ദ്വന്ദ്വത്തിൽ നിന്നുള്ള കാഴ്ചകൾ മാത്രമേ നമുക്കു ലഭ്യമായിട്ടുള്ളൂ. Sexuality ഒരു വിഷയമായും അനലറ്റിക്കൽ ടൂൾ ആയും പഠനങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

5. P. Sanal Mohan Ibid Page 53

6. P. Sanal Mohan Ibid Page 54

7. Chad Bauman, Redeeming Indian 'Christian' womenhood? Missionaries, Dalits, and Agency in Colonial in India. Butler University, 2008, Page No.8-9

8. Eliza F. Kent - Converting women. Gender and Prolistant Christianity in Colonial South India, Oxford University, Press, Newyork, 2004.


■



**റസീന റോയ്**
അദ്ധ്യാപിക, എസ്.ഇ.ആർ.ടി.
ഐ.ടി. ക്യാമ്പസ്, ചെങ്ങന്നൂർ

# പ്രത്യക്ഷരക്ഷാദൈവസഭയും സ്ത്രീപദവികളും

**പ**ത്തൊമ്പതാം നൂറ്റാണ്ടിന്റെ പ്രാരംഭകാലങ്ങളിൽ നവോത്ഥാന പ്രവർത്തനങ്ങളും അതിന്റെ പരിവർത്തനങ്ങളും ആരംഭിക്കുകയുണ്ടായിട്ടുണ്ട്. അതിന് ബലം നൽകികൊണ്ട് മതേതര മൂല്യം നിലനിർത്തുന്ന ഒരു ശക്തമായ ഭരണഘടന ഡോ. ബി.ആർ. അംബേദ്കറിന്റെ നേതൃത്വത്തിൽ വരുകയും അത് രാജ്യത്തിന്റെ അഖണ്ടതയെ ഊട്ടി ഉറപ്പിക്കുകയും ചെയ്തു. ഭരണഘടന നിലവിൽ വന്നിട്ട് എഴുപത് വർഷങ്ങൾ പിന്നിടുമ്പോഴും നവോത്ഥാന പാരമ്പര്യമുള്ള, സാംസ്ക്കാരിക മൂല്യം നിറഞ്ഞ സംസ്ഥാനമെന്ന് ഉദ്ഘോഷിക്കുന്ന കേരളത്തിൽ വലിയ വ്യത്യാസങ്ങൾ ഒന്നും തന്നെ വന്നിട്ടില്ല എന്നത് ഒരു ദുഃഖസത്യമാണ്. ഇരുപത്തൊന്നാം-ാം നൂറ്റാണ്ടിലേയ്ക്ക് കേരളജനത വളർന്ന് എത്തുമ്പോൾ പോലും അവർണ്ണൻ, സവർണ്ണൻ, ദളിതൻ, പിന്നാക്കക്കാരൻ ഇത്തരം പരാമർശങ്ങൾ ഒരു ജനതയെ പ്രത്യേകമായി രാഷ്ട്രീയവൽക്കരിക്കപ്പെടുത്തുന്നുണ്ട്. ഈ രാഷ്ട്രീയവൽക്കരണം മതപരമായും, സാമൂഹികപരമായും, രാഷ്ട്രീയപരമായും സാംസ്കാരികപരമായും ഒരു പ്രത്യേക സമൂഹമായി ഇവരെ ഈ കാലഘട്ടത്തിലും കാണുന്നു എന്നത് ഖേദകരമാണ്.



കേരള നവോത്ഥാന മൂല്യങ്ങളെപ്പറ്റി ഉദ്ഘോഷിക്കുന്ന ഇന്നത്തെ കേരളസമൂഹം അതിനെ പൂർണ്ണമായി യാഥാർത്ഥ്യ ബോധത്തോടെ ഉൾക്കൊള്ളുവാൻ ശ്രമിച്ചിട്ടില്ല. ഏതെങ്കിലും ഒരു സംഘടനയുടെയോ പ്രസ്ഥാനത്തിന്റെയോ പ്രത്യേക ജാതിയുടെയോ പേരിൽ ഒരിക്കലും ഒരു പൂർണ്ണമായ സമത കൈവരുമെന്ന് കരുതുക പ്രയാസമാണ്. കാരണം കേരളചരിത്രം പരിശോധിച്ചാൽ മനസ്സിലാക്കാം ധാരാളം നവോത്ഥാന നേതാക്കളും, രാഷ്ട്രീയ നേതാക്കന്മാരും ഈ രീതിയിൽ ചിന്തിച്ചവരും പ്രവർത്തിച്ചവരുമാണെന്ന്. ഇതിൽ

നിന്നും വേറിട്ട ഒരു ചിന്ത ഉടലെടുത്തത് പ്രത്യക്ഷ രക്ഷാ ദൈവസഭാ സ്ഥാപകൻ പൊയ്കയിൽ ശ്രീകുമാരാഗുരുദേവന്റെ പ്രവർത്തനങ്ങളിൽ നിന്നും ഉത്ബോധനങ്ങളിൽ നിന്നുമാണ്.

പൊയ്കയിൽ ശ്രീകുമാരഗുരുദേവൻ തന്റെ ചിന്തകൾ ഒറ്റമതം എന്ന സമതയിലേക്കാണ് നയിച്ചത്. അതിനായി തന്റെ അനുയായികൾക്ക് മതേതരമായ സാമൂഹിക സാംസ്ക്കാരിക മൂല്യങ്ങൾ നിലനിർത്തുന്ന ചിട്ടയായ ജീവിതക്രമങ്ങളും മൂല്യതനിറഞ്ഞ വിദ്യാഭ്യാസ സമ്പ്രദായവും പകർന്നു നൽകി. വ്യക്തവും സുദൃഢവുമായ ആത്മീയ ദർശനത്തിലൂടെ എല്ലാ പിന്നാക്ക ജനവിഭാഗത്തെയും ഒരു കുടക്കീഴിൽ അണിനിരത്താൻ ഒരു പരിധിവരെ ഗുരുദേവന് കഴിഞ്ഞിട്ടുണ്ട്.

സാമൂഹിക മൂല്യങ്ങളെ മുൻനിർത്തിയായിരുന്നു ഗുരുദേവന്റെ ചിന്തകളും ആദർശങ്ങളും. അതിന്റെ ഭാഗമായാണ് വെങ്ങളത്ത് കുന്നിൽ ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ ആരംഭിച്ചത്. ദളിത് ജനതയുടെ ആദ്യത്തെ ഇംഗ്ലീഷ് മീഡിയം സ്കൂളാണ് അത്. സനാതനധർമ്മത്തിൽ കോർത്തിണക്കിയ ആത്മീയ മൂല്യങ്ങളാണ് പൊയ്കയിൽ ശ്രീകുമാരഗുരുദേവൻ ജനങ്ങളിലേയ്ക്ക് എത്തിച്ചത്. അത് ജനതയെ ജാതിവ്യത്യാസത്തിനപ്പുറത്തേയ്ക്ക് ചിന്തിക്കാൻ കഴിയുന്ന ഒരു മൂല്യതനിറഞ്ഞ ചിന്താധാരയിലേക്കാണ് എത്തിച്ചത്. ഇതിൽ വനിതകൾക്ക് പ്രത്യേക പ്രാതിനിധ്യം ലഭിച്ചിരുന്നു എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു വസ്തുതയാണ്. സ്ത്രീകൾക്ക് പ്രത്യേക പരിഗണന നൽകുന്ന ഒരു ആത്മീയ പ്രത്യയശാസ്ത്രമാണ് ഗുരുദേവൻ ഉദ്ബോധിപ്പിച്ചത്. കുടുംബവും, സമൂഹവും സഭയും സ്ത്രീയാണ് എന്ന ധാർമ്മിക മൂല്യത്തിനാണ് മുൻഗണന നൽകിയത്. ഗുരുദേവന്റെ ജീവിതകാലങ്ങളിൽ സ്ത്രീകളെ അംഗരക്ഷകരാക്കിയും പുരോഹിതകളാക്കിയും അവരോധിച്ചിരുന്നു. മറ്റൊരു സമൂഹത്തിലും അക്കാലത്ത് ഇങ്ങനെ ഒരു പ്രവണത ഉണ്ടായിരുന്നില്ല. വാകത്താനത്തും വെട്ടിയാടും ഉള്ള ധാരാളം സ്ത്രീകൾ ഗുരുദേവ ശരീരത്തിന്റെ അംഗരക്ഷകർ ആയിരുന്നു.

ഗുരുദേവന്റെ ദേഹവിയോഗത്തിനു ശേഷം ഗുരുദേവ പത്നി വി.ജാനമ്മ (വന്ദ്യമാതാവ്) നാൽപ്പത്താറ് വർഷം പി.ആർ.ഡി.എസ്. എന്ന സഭയെ നയിക്കുകയും വളർത്തി എടുക്കുകയും ചെയ്തിരുന്നു. പക്ഷേ ഇത് പൊതുസമൂഹത്തിലേക്ക് അറിയപ്പെടുകയോ, സമൂഹം ഇതിനെ അംഗീകരിക്കുകയോ ചെയ്തില്ല. ദളിത് സ്ത്രീയുടെ വളർച്ചയെ എന്നും സമൂഹം തള്ളിക്കളഞ്ഞിട്ടേ ഉള്ളൂ. അതിനാൽ ദളിത് സ്ത്രീയ്ക്ക് ഒരിക്കലും സാംസ്ക്കാരിക, സാമൂഹിക, രാഷ്ട്രീയ വീഥിയിലേക്ക് കൂടുതൽ പ്രവർത്തിക്കുവാൻ കഴിഞ്ഞിട്ടില്ല. ദളിത് സ്ത്രീയ്ക്ക് സമൂഹം എന്നും ഒരു പരിധി നിശ്ചയിച്ചിരുന്നു. ഇത് എല്ലാ മേഖലകളിലും ശക്തമായിരുന്നു. ഇതിൽ നിന്ന് വേറിട്ടൊരു പ്രസ്ഥാനമാണ് പി.ആർ.ഡി.എസ്. സ്ത്രീയ്ക്ക് നൽകുന്നത്. അതിനാൽ ഈ സമൂഹത്തിന്റെ സാംസ്ക്കാരികമായ വളർച്ച കൂടുതൽ ഭദ്രമാകാൻ ഗുരുദേവ ദർശനങ്ങൾ സഹായിച്ചിട്ടുണ്ട്.

പുരാതനമായി നിലനിൽക്കുന്ന മതങ്ങളുടെ കീഴിൽ അണിനിരക്കുകയാണെങ്കിൽ ഒരിക്കലും ഒരു പൂർണ്ണമായ ദളിത് സമതയിലേക്ക് എത്തിച്ചേരുവാൻ കഴിയുകയില്ല എന്ന സത്യമാണ് ഗുരുദേവനെ പ്രത്യക്ഷരക്ഷാ ദൈവസഭയുടെ സ്ഥാപന ചിന്തയിലേക്ക് നയിച്ചത്. ഈ സഭയിലൂടെ ഒരു കൂട്ടം അധഃസ്ഥിത വർഗ്ഗങ്ങൾക്ക് ജാതിയോ, ഗോത്രമോ, കുലമോ ഇല്ലാതെ ദൈവീകമായ ഒരു ഒത്തുചേരലിന് ഇടം ലഭിച്ചു. പലരും ഇതിനെ പല മതങ്ങളുടെയും ഭാഗമായി വിവക്ഷിക്കുന്നുണ്ട്. അത് ഗുരുദേവന്റെ ആത്മീയ ദർശനങ്ങളെ പൂർണ്ണമായി ഉൾക്കൊള്ളുവാൻ കഴിയാത്തതിനാലാണ്.

ഗുരുദേവനെ ആദ്യകാലങ്ങളിൽ 'അപ്പച്ചൻ' എന്ന് അഭിസംബോധന ചെയ്തിരുന്നു. ഇത് ഒരു ക്രിസ്ത്യൻ പാരമ്പര്യത്തിന്റെ പിൻതുടർച്ചയാണെന്നും, അതിന്റെ ഭാഗമാണെന്നും പലരും രേഖപ്പെടുത്തിയിട്ടുണ്ട്. പക്ഷേ ആ വിളിപ്പേര് 'അപ്പൻ' എന്ന് മാത്രം വിവക്ഷ ചെയ്യപ്പെട്ടതാണ്. കുടുംബം (അപ്പൻ+അമ്മ+മക്കൾ) എന്ന സ്വത്വത്തെ ഏകീകരിക്കുന്ന ഒരു സാംസ്ക്കാരിക ചൈതന്യത്തിന്റെ പ്രഭാവമാണ് ഈ സംബോധന. ഇതിനെ ശക്തമായ ഒരു ആത്മീയ തലത്തിലേക്ക് ഉയർത്തപ്പെട്ടപ്പോൾ 'ഗുരുദേവൻ' എന്ന നാമത്തിലേക്ക് എത്തപ്പെട്ടു.

കുടുംബം എന്ന പൗരാണിക സാംസ്കാരിക അവബോധം നഷ്ടപ്പെട്ട ഒരു സമൂഹത്തെ സ്ത്രീയിലൂടെ മാത്രമേ ഉയർത്തുവാൻ കഴിയുകയുള്ളൂ എന്ന വ്യക്തമായ കാഴ്ചപ്പാടാണ് പ്രത്യക്ഷരക്ഷാ ദൈവ സഭയുടെ അസ്തിത്വം. അതിനുവേണ്ടി ഗുരുദേവൻ ചെയ്ത പ്രവർത്തനത്തിന്റെ ആദ്യഘട്ടം വിദ്യാഭ്യാസം നേടിക്കൊടുക്കുക എന്നുള്ളതായിരുന്നു. ആ പരിശ്രമത്തിന്റെ ഫലമായി അമരയിലും വെങ്ങളത്ത് കുന്നിലും സ്കൂളുകൾ സ്ഥാപിച്ചു. ഇതിന് ദളിത് സമൂഹത്തെ വിദ്യാഭ്യാസമുള്ള പ്രബുദ്ധ സമൂഹമാക്കിത്തീർക്കാൻ ഒരു പരിധി വരെ കഴിഞ്ഞിട്ടുണ്ട്.

സമൂഹത്തിലേക്ക് ഒരു പോരാളിയെപ്പോലെ കടന്ന് മാനവികതയ്ക്ക് മുൻതൂക്കം നൽകി വിവേചന ശക്തികളെ ഉന്മൂലനം ചെയ്യാൻ പ്രത്യക്ഷരക്ഷാദൈവസഭയെപ്പോലെ ഒരു പ്രസ്ഥാനവും അതിന്റെ ഉദ്ബോധനങ്ങളും ആവശ്യമാണെന്ന് മനസ്സിലാക്കേണ്ടതാണ്. ഇന്നത്തെ സാംസ്ക്കാരിക രാഷ്ട്രീയ മണ്ഡലങ്ങളെ ബോധവൽക്കരിക്കുവാനും ദളിത് വനിതകൾക്ക് സാമൂഹിക, സാംസ്ക്കാരിക, രാഷ്ട്രീയ പ്രവർത്തന മേഖല തുറന്നു കിട്ടുവാനും ഈ ചിന്തകൾ ഇടയാകുമെന്ന് നമുക്ക് ആശിക്കാം. ■



**വിജയരാജമല്ലിക**
ട്രാൻസ്ജെൻഡർ കവി,
പ്രഭാഷക

# ട്രാൻസ്ജെൻഡർ ദളിത് ജീവിതം

ട്രാൻസ്ജെൻഡർ എന്ന് കേൾക്കുമ്പോഴെ നെറ്റി ചുളിക്കുന്ന ഒരു സമൂഹം ഇന്നുമുണ്ട്. മനുഷ്യർ എന്നത് തന്നെ ഒരു വൈവിദ്ധ്യമാണെന്ന് തിരിച്ചറിയാത്ത ഒരു വലിയ ലോകത്തല്ലേ നാമിന്നും ജീവിച്ചു പോരുന്നത്. മനുഷ്യർ മനുഷ്യരെ തന്നെ കളിയാക്കി ജീവിക്കുന്നു എന്ന് പറയുന്നതിൽ തെറ്റില്ല എന്നല്ലേ നാം മനസ്സിലാക്കേണ്ടതെന്നുള്ളതും അനിവാര്യം. ഹെട്രോനോർമൽ ഫാഷിസ്റ്റുകളുടെ ലോകമായതുകൊണ്ടു തന്നെ ദ്വന്ദ്വസങ്കൽപങ്ങൾക്ക്യാഥാർഥ്യത്തിന്റെ പരിവേഷം നൽകിയ ഈ സമൂഹം ഇന്റർസെക്സ് എന്ന ജൈവീക നിലനിൽപ്പിനെ മോഴഎന്ന വിളിപ്പേരിലൂടെ അന്ധകാരവൽക്കരിച്ചുകൊണ്ടിരിക്കുന്നു എന്നും നാം തിരിച്ചറിയണം. ശാസ്ത്രീയമായി മിശ്രലിംഗാവസ്ഥ, ക്രോമസോമിന്റെ വ്യത്യാസങ്ങൾ, ഹോർമോൺ വ്യതിയാനങ്ങൾ എന്നിവ കൊണ്ടൊ ഇന്റർസെക്സ് ആയി പിറന്നു ആണോ പെണ്ണോ ആയി വളരുന്ന സാഹചര്യങ്ങളിൽ ട്രാൻസ്ഫോറിയ സംഭവിക്കുമ്പോൾ സമൂഹം അതിന്റെ സദാചാരകണ്ണുകൾ കൊണ്ട് ആ വ്യക്തിയെ പാർശ്വവൽക്കരിക്കാൻ തുടങ്ങും. സത്യം പറഞ്ഞാൽ ഒരു വ്യക്തി വ്യവസ്ഥാപിതമായ ഒരു സമൂഹത്തിൽ ജീവിക്കുമ്പോൾ, അവനോ അവളോ മാത്രമായി വളർന്നുകൊണ്ടിരിക്കേ ഒന്നിൽ നിന്നും മറ്റൊന്നിലേക്കുള്ള എല്ലാമാറ്റങ്ങളെയും സമൂഹം വെറുപ്പോടെമാത്രമാണ് കാണുന്നത് എന്നേ എനിക്ക് വിശ്വസിക്കാൻ ആകൂ. ഈ വെറുപ്പിന്റെ അടിസ്ഥാനകാരണം അകാരണമായ ഭീതി (phobhia)യാണ്. Phobhia ഉടലെടുക്കുന്നത് അജ്ഞത കൊണ്ടും. സമൂഹത്തിന്റെ എല്ലാ അടരുകളിലേക്കും ഈ ഭയം തീയിലും വേഗത്തിൽ പടരുന്നുമുണ്ട്. ചില ഇന്റർസെക്സ് വ്യക്തികൾ തങ്ങളുടെ ജൈവിക നിലനിൽപ്പുകളെ വളരെ വൈകിയാണ് തിരിച്ചറിയുക എന്നതും ഞെട്ടിക്കുന്ന വാസ്തവം. ഞാൻ എന്റെ മുപ്പത്തി രണ്ടാമത്തെ വയസ്സിലാണ് ആ സത്യം മനസ്സിലാക്കുന്നതുപോലും. അപ്പോൾ പിന്നെ മാധ്യമങ്ങൾ അടങ്ങുന്ന മറ്റ് സോഷ്യൽ ഏജൻസിനെ കുറിച്ചു ധാരാളമായി പറയുന്നതിൽ അർത്ഥമില്ലല്ലോ. തികച്ചും ഫാബ്രിക്കേറ്റഡായ ഒരു സാമൂഹ്യ പരിസരത്തിൽ നിറം, കുലം, ജാതി,ഭാഷയിലെ ഇടയ്ക്കുള്ള ചേരാത്ത ആംഗലേയ പ്രയോഗങ്ങൾ എന്നിവയാണ് ഒരു വ്യക്തിയുടെ നിലനിൽപ്പിന് സഹായമാകുന്നത്. ഞാൻ ഒരു പ്രസംഗ തൊഴിലാളി അല്ല. പക്ഷെ പരിപാടികളിൽ പങ്കെടുക്കുക, കൃത്യമായി നിലപാടുകൾ പറയുക എന്നത് എന്റെ രാഷ്ട്രീയമാണ്. എന്നാൽ കേരളത്തിലെ പല സംഘടനകളും നിലനിൽപ്പിനാണോ നിലപാടുകളെക്കാൾ  ഊന്നൽ നൽകുന്നത് എന്ന് പലപ്പോഴും ചിന്തിക്കാതെ ഇരുന്നിട്ടില്ല.

വളർച്ചയുടെ പടവുകളിൽ മൂന്ന് പ്രഹരങ്ങൾ ഏറ്റവളാണ് ഞാൻ. നിറം, ജാതി, ജെൻഡർ എന്നീ മൂന്ന് പ്രഹരക്കോലുകളിൽ നിന്നും ഞാനിന്നും മുക്തമായിട്ടില്ലെന്ന് ഉറപ്പാണ്. ക്ഷണിക്കുന്ന പരിപാടികളിൽ കൃത്യമായി remuneration ചോദിച്ചാൽ ചോദിച്ചതിലും ഇരട്ടിനൽകി നിറം കൊണ്ടും ജാതികൊണ്ടും, സൗകര്യങ്ങൾകൊണ്ടും മുന്തിയ വിഗ്രഹങ്ങളെ ക്ഷണിച്ചു വരുത്തുന്നവർ കുറവല്ല. കേരളത്തിലെ പല literature ഉത്സവങ്ങളും മലയാളത്തിൽ ആദ്യമായി അടയാളപ്പെടുത്തിയ ട്രാൻസ്ജെൻഡർ കവിയെ മറന്നുപോയി എന്നത് വാസ്തവം. MLF മാത്രമാണ് എന്നെ ഈ വർഷം വിളിച്ചത്.ഡൽഹിയിൽ നടന്ന ഒരു ട്രാൻസ്ജെൻഡർ എഴുത്തുകാരുടെ കൂട്ടായ്മയിൽ

എന്റെ പേര് കാണാതെ വന്നപ്പോൾ ഒരു പ്രശസ്ത എഴുത്തുകാരൻ ചോദിച്ചത് ഇങ്ങനെ "അതിന് വിജയരാജമല്ലിക ട്രാൻസ്ജെൻഡർ ആണോ" എന്ന്. ഇവിടെ ഉള്ള എത്ര മുഖ്യധാര പതിപ്പുകൾ എന്റെ എഴുത്തുകളെ പ്രസിദ്ധീകരിക്കാറുണ്ട്? ഞാൻ മലയാളത്തിൽ മാത്രമല്ല ഹിന്ദിയിലും എഴുതാറുണ്ട്. ഹിന്ദി കവിത സമാഹാരം വൈകാതെ വെളിച്ചം കാണും. ഞാൻ ഒരു നായരോ എമ്പ്രാന്തിരിയോ ആയിരുന്നു എങ്കിൽ എന്റെ സാഹിത്യ പ്രവേശം മലയാള വരേണ്യ പത്രങ്ങൾ ആഘോഷിക്കുമായിരുന്നു. അതോ ഇനി ഇവർ ഒരു വരേണ്യകുലജാതയായ ട്രാൻസ്ജെൻഡർ കവിയുടെ ഉദയം കാത്തുകഴിയുകയാണോ. എനിക്ക് എന്റെ രാഷ്ട്രീയം പറയാനുള്ള ഏറ്റവും നല്ല ആയുധം എന്റെ കവിതയാണ്. എഴുത്ത് ആരംഭിച്ച കാലത്ത് എനിക്ക് ആദ്യമായി ആദരവ് നൽകിയത് അരളി (2016) എന്ന സംഘടനയാണ്. ഞാൻ അതെന്നും ഓർമയിൽ സൂക്ഷിക്കുന്നു. ഏതോ തെലുങ്ക് നാട്ടുകാരിയായ നായക് അല്ല വിജയരാജമല്ലിക കേരളത്തിലെ ഒരു ദളിത് കുടുംബത്തിൽ പിറന്ന ആണ് പെണ്ണായതാണ് എന്ന് മലയാളത്തിന് ബോധ്യമായി. 2018ൽ ലിംഗമാറ്റ ശസ്ത്രക്രിയ നടത്തിയ അറുപതു ദിവസത്തെ സുഖചികിത്സയ്ക്ക് ശേഷമുണ്ടായ നിറവ്യത്യാസത്തിൽ,മല്ലിക വെളുത്തല്ലോ, സുന്ദരിയായല്ലോ എന്ന് എന്നോട് പറഞ്ഞവരിൽ അധികവും ദളിത് സുഹൃത്തുക്കൾതന്നെ.



കലാകാരെ നന്നായി ചൂഷണം ചെയുന്ന ഒരു സമൂഹമാണ് നമ്മുടേത് എന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്. പല ട്രാൻസ്ജെൻഡർ വ്യക്തികളും അവരുടെ ദളിത് ഐഡന്റിറ്റി തുറന്നുപറയാൻ മടിക്കുന്നതും സംഘടനകളുടെ നിസംഗത കൊണ്ട് തന്നെ എന്നും തിരിച്ചറിയുന്നു. ലീലാ ഹോട്ടൽ വാങ്ങാനുള്ള പണമൊന്നും സംഘാടകരോട് ചോദിക്കാറില്ല. രണ്ട് മണിക്കൂർ സംസാരിക്കുന്നത് സാമ്പാർ വെക്കുന്നതിനെ കുറിച്ചല്ല. തികച്ചും സൈദ്ധാന്തികമായൊരു വിഷയം കൈകാര്യം ചെയുന്ന വ്യക്തിക്ക്കൃത്യമായി remuneration നൽകാൻ നമ്മുടെ സംഘടനകൾ ഇനി എന്ന് പഠിക്കും എന്നറിയില്ല.

സമൂഹത്തിലെ എല്ലാ ഏജൻസികളും ട്രാൻസ്ജെൻഡർ എന്ന യാഥാർഥ്യത്തെ ഉൾക്കൊള്ളാൻ വിമുഖത കാണിക്കുമ്പോൾ ട്രാൻസ്ജെൻഡർ എന്നത് ഒരു പ്രത്യേകമായ കൗതുകത്തോടെ നോക്കി കാണുന്ന ഒരു വിഭാഗം ആയി മാറുന്നുണ്ട്. പക്ഷെ ആ സമയത്താണ് പല ട്രാൻസ്ജെൻഡറുകളും പറയുന്നതു ഞങ്ങൾക്ക് ജാതി ഇല്ല എന്ന്. തീർച്ചയാണ്. ജാതിയും മതവും കുലവും അതുപോലുള്ള സാമ്പത്തികമായ ഇടപെടലുകളും അത്തരം സോഷ്യൽ ഏജൻസീസ് മുഴുവനും സ്കൂൾ ആണെങ്കിലും ഫാമിലി ആണെങ്കിലും ജോലി സ്ഥലം ആണെങ്കിലും എല്ലാം തന്നെ ട്രാൻസ്ജെൻഡറിനെ ഒറ്റപ്പെടുത്തുകയാണ് ചെയ്യുന്നത് അപ്പോൾ ഒറ്റപ്പെട്ടു വരുമ്പോൾ ഞങ്ങൾക്ക് ജാതി ഇല്ലാ എന്നു ട്രാൻസ്ജെൻഡർ പറയുന്നത് വളരെ വാസ്തവം ആയിട്ടുള്ള കാര്യം ആണ്. പക്ഷെ അങ്ങനെ ജാതി ഇല്ലാ എന്നു പറയുമ്പോൾ പോലും ജാതീയതയുടെ എല്ലാ പ്രവർത്തനങ്ങളും ഈ ട്രാൻസ്ജെൻഡർ വ്യക്തികൾക്കിടയിൽ പ്രവർത്തിക്കുന്നു എന്നത് മറ്റൊരു വാസ്തവം. ഒരു ഹൈറാർക്കി ബ്രാഹ്മണിക്കൽ സിസ്റ്റം കൊണ്ട് വരാൻ ഒരു വശത്തു മൂകമായ വളരെ ഗോപ്യമായ പ്രവർത്തനങ്ങളും വിഭാഗീയതയും നടക്കുന്നുണ്ട്. അത് ട്രാൻസ്ജെൻഡർ വ്യക്തികളും സമൂഹവും അറിയാതെ പോകുന്നു.

ജാതിയിലും, മതത്തിലും അധിഷ്ഠിതമായി പോകുന്ന ഒരു സമൂഹത്തിൽ വ്യക്തി ട്രാൻസ്ജെൻഡർ കൂടി ആകുമ്പോൾ ജീവിതം അങ്ങേയറ്റം ദുസ്സഹം ആകുന്നു. കരിക്കുലങ്ങളിൽ ട്രാൻസ് വിഷയങ്ങൾ ഉൾപ്പെടുത്തിയും, രാഷ്ട്രീയമായി നോക്കിയാൽ പ്രാതിനിധ്യ ജനാധിപത്യത്തിൽ ഉൾപ്പെടുത്തി അധികാരത്തിൽ പങ്കാളികളാക്കി ശാക്തീകരിച്ചും ട്രാൻസ് വിഭാഗങ്ങളെ മുഖ്യധാരയിൽ എത്തിക്കാൻ സാധിക്കും. നമ്മുടെ സാംസ്കാരിക പ്രവർത്തനം അത്തരത്തിലുള്ളത് കൂടി ആവട്ടെ. ■

# ശബരിമല കയറിയ ദലിത് സ്ത്രീകൾ

## മഞ്ജുവിന്റെ അനുഭവങ്ങൾ

മഞ്ജുവിന്റെ ആദ്യ ശബരിമല യാത്ര നാമജപ ഘോഷയാത്രക്കാരാൽ തടസ്സപ്പെട്ടു. രണ്ടാം ശ്രമത്തിൽ ശബരിമല ചവിട്ടിയ മഞ്ജു ഇപ്പോൾ കടന്നുപോകുന്ന ജീവിതം ഇങ്ങനെയൊക്കെയാണ്.

നിങ്ങളിൽ പാപമില്ലാത്തവർ കല്ലെറിയട്ടെ എന്നാണ് യേശു ദേവൻ പറഞ്ഞത്. ശബരിമല വിഷയത്തിൽ അതുതന്നെയാണ് പറയേണ്ടതെന്ന് എനിക്ക് തോന്നുന്നു. വിശ്വാസികളും അവിശ്വാസികളും ഒരേപോലെ ഈ വിഷയത്തിൽ എനിക്കെതിരെ നിലകൊള്ളുന്നു. ആയതിനാൽ തന്നെ തീർത്തും സാമൂഹികമായ ഒറ്റപ്പെടൽ ആണ് ഇപ്പോൾ അനുഭവിക്കുന്നത്. സ്ത്രീയുടെ സുരക്ഷയ്ക്ക് വേണ്ടി ഒരു രാഷ്ട്രീയപാർട്ടിയും യഥാർത്ഥത്തിൽ നിലകൊള്ളുന്നില്ല. മറിച്ച് അത്തരം പറച്ചിലുകൾ അവരവരുടേതായ രാഷ്ട്രീയ പിൻബലത്തിനു വേണ്ടിയാണെന്നുള്ളത് കൃത്യമായി ശബരിമല വിഷയം എനിക്ക് മനസ്സിലാക്കിത്തന്നു. ഞാൻ നിലകൊണ്ടിരുന്ന പ്രസ്ഥാനം കേരള ദളിത് ഫെഡറേഷൻ ആയിരുന്നു. ആ പ്രസ്ഥാനത്തിൽ നിന്നു പോലും വേണ്ടത്ര പിന്തുണ ഉണ്ടായില്ല എന്നതാണ് മാനസികമായി ഏറെ വിഷമിപ്പിച്ചത്. എതിർക്കുന്നവരിൽ എല്ലാ ജാതിമതസ്ഥരും രാഷ്ട്രീയപാർട്ടികളും ഉണ്ട്. എനിക്കെതിരെയുള്ള കേസിൽ നിന്നും ഇതുവരെ നീതി ലഭിച്ചിട്ടില്ല. ഇറങ്ങിച്ചെന്ന് പ്രതികരിക്കാൻ പറ്റാത്ത അവസ്ഥയാണിപ്പോഴുള്ളത്. മറ്റ് മതസ്ഥരായ സ്ത്രീകൾ അകത്തളങ്ങളിൽ അടച്ചു പൂട്ടപ്പെട്ടവരാണ്. മതം അനുശാസിച്ചിട്ടുള്ള പ്രവർത്തന സ്വാതന്ത്ര്യമേ അവർക്ക് ലഭിക്കുന്നുള്ളൂ. അങ്ങനെയുള്ള ആളല്ല ഒരു ദളിത് സ്ത്രീ എന്ന കരുത്താണ് ശബരിമലയിലേക്ക് എന്നെ വീണ്ടും എത്തിച്ചത്. ഹിന്ദുമതവിശ്വാസികളായവർ അവരുടെ മതവികാരം വ്രണപ്പെടുത്തി എന്ന പേരിൽ എനിക്കെതിരെ ഉപരോധം തീർക്കുമ്പോൾ മറ്റുള്ള മതസ്ഥർ ഞാനെന്തിന് ഇതര മതസ്ഥരുടെ ആചാരം ലംഘിച്ചു എന്നാരോപിച്ചാണ് ഉപരോധിക്കുന്നത്. ഒരു സാമൂഹിക മുന്നേറ്റം ഉണ്ടാകണമെങ്കിൽ ഇത്തരം യാഥാസ്ഥിതിക ബോധങ്ങളെ സ്ത്രീകൾ മറികടക്കേണ്ടതുണ്ട്. ഇത്തരമൊരു മറികടക്കലിന് അസാധാരണമായ കരുത്താണ് വേണ്ടത്. ഒരു ദളിത് സ്ത്രീ ആകുമ്പോൾ ഉപരോധത്തിന് തീവ്രത ഏറെ കൂടുകയാണ് ഉണ്ടാവുക. ഇപ്പോൾ ഞാൻ നേരിടുന്നത് ഒരു ദളിത് സ്ത്രീ ശബരിമല കയറിയതിലുള്ള കടുത്ത ഉപരോധമാണ്.


മഞ്ജു

ആദ്യവട്ടം ശബരിമലയിൽ കയറാൻ പോയെങ്കിലും തിരിച്ചിറങ്ങി. എന്നാലും വീണ്ടും പോകുമെന്ന് പ്രഖ്യാപിച്ചിരുന്നു. അപ്പോൾ തന്നെ മാധ്യമ പിന്തുണ വളരെ വലുതായിരുന്നു. എന്നാൽ ശബരിമലയിൽ കയറി കഴിഞ്ഞപ്പോൾ തുടക്കം ഉണ്ടായിരുന്ന പിന്തുണയിൽ നിന്ന് മാധ്യമങ്ങൾ പിൻവാങ്ങി. എന്നിരുന്നാലും ഇത്തരം ഉപരോധങ്ങൾ പ്രതീക്ഷിച്ചിരുന്നതിനാൽ ഭയക്കുന്നില്ല. നിലവിൽ നാല് പോലീസ് എന്റെ സുരക്ഷയ്ക്കായി ഉണ്ട്. ആദ്യ രണ്ടുപേർ മുഴുവൻ ദിവസം സുരക്ഷ, അടുത്തദിവസം അടുത്ത രണ്ടുപേർ. ഇത്തരത്തിലാണ് സുരക്ഷാക്രമീകരണം നീങ്ങുന്നത്. ഏറെ ഒറ്റപ്പെടുത്തലുകൾ ഉണ്ടെങ്കിലും, മാനസികമായി ഏറെ ഒറ്റപ്പെടുത്തുന്നുണ്ടെങ്കിലും ഞാനതിനെ അതിജീവിക്കുന്നു. ആ അതിജീവിക്കലിൽ അഭിമാനിക്കുകയും ചെയ്യുന്നു. സമൂഹത്തിനോട് പൊരുതി കൊണ്ടു തന്നെ വേണം സമൂഹത്തെ തിരുത്തുവാനും സാമൂഹ്യ മാറ്റം കൊണ്ടുവരാനും എന്ന തിരിച്ചറിവാണ് സ്ത്രീയെന്ന നിലയിൽ സമൂഹത്തോട് എനിയ്ക്ക് സംവദിക്കാനുള്ള സന്ദേശം.

## ബിന്ദു അമ്മിണി പറയുന്നു

ഒരു പ്രമുഖ ആഴ്ചപ്പതിപ്പിന്റെ, മാധ്യമം, പ്രത്യേക പതിപ്പിൽ ശബരിമലയിൽ കയറിയ എന്നെ, കനക ദുർഗ്ഗയുടെ കൂടെ കയറിയ ബിന്ദു അമ്മിണി, എന്ന പേരിലാണ് ചേർക്കപ്പെട്ടിരിക്കുന്നത്. എനിക്കൊപ്പം ശബരിമലയിൽ കയറിയ കനകദുർഗ്ഗ സവർണ പശ്ചാത്തലത്തിൽനിന്ന് വന്നതുകൊണ്ടാവാം അത്തരമൊരു രേഖപ്പെടുത്തൽ ഉണ്ടായത്. കനകദുർഗ്ഗ എനിക്കൊപ്പം ഇല്ലായിരുന്നെങ്കിലും ഞാൻ ശബരിമല കയറുമായിരുന്നു. ആദ്യ ഉദ്യമത്തിൽ തന്നെ എനിക്ക് തിരിച്ചിറങ്ങേണ്ടി വന്നെങ്കിലും അത് എന്റെ ഇച്ഛാശക്തിയുടെ പരാജയം ആയിരുന്നില്ല, മറിച്ച് ശബരിമലയിലേക്കുള്ള യുവതികളെ കടത്തിവിടുവാൻ ഇവിടെയുണ്ടായിരുന്ന സന്നാഹങ്ങളുടെ പിഴവായിരുന്നു. ആയതിനാൽതന്നെ ഞാൻ വീണ്ടും വരും എന്ന് പറഞ്ഞു തന്നെയാണ് മടങ്ങിയത്. കൂടുതൽ ആർജവത്തോടെ ശബരിമലയിൽ എത്തുവാനുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരുന്നു. ഇവിടെയുണ്ടായിരുന്ന വിവിധ ഫെമിനിസ്റ്റ് ഗ്രൂപ്പുകളുമായിട്ടും വ്യക്തിപരമായി ഓരോ ഫെമിനിസ്റ്റുകളോടും ഇതിനുവേണ്ടി സംസാരിക്കുകയുണ്ടായി. അതൊന്നും കൂടെ ഒരാൾ ഉണ്ടെങ്കിൽ മാത്രം നടത്തുവാനുള്ള പദ്ധതിയായിരുന്നില്ല. എന്നാൽ എനിക്കൊപ്പം കനക

ദുർഗ്ഗയും ഒരേ പ്രാധാന്യത്തോടെ ശബരിമല വിഷയത്തിൽ ഇടപെട്ടു. പിന്നീട് തിരഞ്ഞെടുക്കലിന്റെ ഘട്ടം വന്നപ്പോൾ ഞാൻ കൂടെ കയറിയ ഒരാൾ മാത്രമായി ചുരുക്കപ്പെട്ടത് എന്റെ ദളിത് പരിസരം കൊണ്ടുതന്നെയാണ്. എന്നാൽ ഒരു ദളിത് സ്ത്രീ ആയതുകൊണ്ട് തന്നെയാണ് വളരെ വ്യത്യസ്തമായ രീതിയിൽ ചിന്തിക്കുവാനും സമൂഹത്തിൽനിന്നുള്ള പ്രതിബന്ധങ്ങളെ തരണം ചെയ്തു മുന്നേറുവാനും എനിക്ക് സാധിച്ചത്. ഞാനും കനകദുർഗയും നിലവിൽ നല്ല സുഹൃത്തുക്കളാണ്. എന്നാൽ മാധ്യമങ്ങളുടെ പിന്നീടുള്ള ഇടപെടലുകളിൽ എന്റെ ദളിത് പരിസരങ്ങൾ കൊണ്ട് തന്നെ വാർത്താപ്രാധാന്യമുള്ള മേഖലകളിൽനിന്ന് ഞാൻ ഒഴിവാക്കപ്പെടുകയാണ് ചെയ്യുന്നത്. കനകദുർഗ്ഗയുടെ സുരക്ഷയ്ക്കായി 18 പോലീസുകാരുണ്ട്. എന്നാൽ എനിക്കൊപ്പം രണ്ടു പേരാണുള്ളത്. ഞാനിപ്പോൾ ജോലിചെയ്യുന്ന കണ്ണൂർ യൂണിവേഴ്സിറ്റിയുടെ ഡിപ്പാർട്ട്മെന്റ്, സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിൽ തനിച്ചു നടന്നു പോകുവാനാണ് ഞാനാഗ്രഹിക്കുന്നത്. എന്നാൽ നിലവിൽ സർക്കാരാണ് എനിക്ക് സുരക്ഷ ഏർപ്പാട് ചെയ്തിരിക്കുന്നത്. ഞാൻ അവിടുത്തെ ലോകോളേജ് ഫാക്കൽറ്റി ആണ്. കോൺട്രാക്ട് വ്യവസ്ഥയിൽ ആണ് ജോലി ചെയ്യുന്നത്. ഈ 18 പോലീസുകാരുടെ ആവശ്യം എനിക്കുണ്ടായിരുന്നില്ല എന്നത് തന്നെ എന്റെ മാനസിക കരുത്താണ്. കാരണം ഞാൻ വളർന്നുവന്നത് അങ്ങേയറ്റം down-trodden എന്നുതന്നെ വിശേഷിപ്പിക്കാവുന്ന പരിസരത്തുനിന്ന് തന്നെയാണ് എന്നതാണ് വാസ്തവം. യാതൊരു തരത്തിലുമുള്ള സുഖ ശീതളിമയിലും അല്ല ഞാൻ വളർന്നുവന്നത്. അതിനാൽ തന്നെ നിരവധി കഷ്ടതകൾ അനുഭവിച്ചിരുന്നു. ഒറ്റക്ക് നേരിട്ട ഒരുപാട് അവസ്ഥകൾ എന്റെ ജീവിതത്തിൽ ഉണ്ടായിട്ടുണ്ട്. അതുകൊണ്ടുതന്നെ മറ്റൊരാളുടെ സഹായമില്ലാതെ മനസ്സിന്റെ ധൈര്യം കൊണ്ട് ജീവിച്ചു കയറാമെന്ന് ഞാൻ കരുതുന്നു. എന്നാൽ സർക്കാറിനാണ് എന്റെ ജീവന്റെ സുരക്ഷയെപ്പറ്റി കൂടുതൽ ആവലാതി എന്നുള്ളതിനാൽ അവർ നിയോഗിച്ച പോലീസിനെ ഞാൻ ഉപയോഗിക്കുന്നു എന്നതാണ് വാസ്തവം. ക്യാമ്പസിലേക്ക് കയറുവാൻ ഒരാൾ മതി. അതുപോലും സത്യത്തിൽ ഞാൻ ആഗ്രഹിക്കുന്നില്ല. ഇതുവരെ ജനങ്ങളിൽ നിന്നും എനിക്ക് ഭീഷണി ഉണ്ടായിട്ടില്ല. അത് വേണമെങ്കിൽ പോലീസ് കൂടെയുള്ളത് കൊണ്ടുമാവാം. മഫ്തിയിൽ വരാനാണ് ഞാൻ പോലീസിനോട് ആവശ്യപ്പെടുന്നത്. എന്നാൽ പൊലീസിനാണ് യൂണിഫോമിൽ വരണമെന്നുള്ള നിർബന്ധം. കാരണം പോലീസ് യൂണിഫോമിന് കിട്ടുന്ന വില മഫ്തിയിൽ എത്തുന്ന പോലീസിന് കിട്ടുന്നില്ല എന്നത് തന്നെയാണ്. പോലീസ് യൂണിഫോമിനോട് സമൂഹം പ്രതികരിക്കുന്ന രീതി മഫ്തിയിലുള്ള വ്യക്തിയ്ക്ക് കിട്ടണമെന്നില്ല. പോലീസിന്റെ ഒരു പ്രധാന ഐഡന്റിറ്റി തന്നെയാണ് യൂണിഫോം. അതുകൊണ്ടാവാം കൂടുതൽ ഭീഷണികൾ എനിക്കുണ്ടായിട്ടില്ല.

ഇനി കുടുംബത്തിന്റെ കാര്യമാണെങ്കിൽ എന്നും എപ്പോഴും വ്യത്യസ്തമായ രീതിയിൽ ജീവിച്ച കുടുംബമാണ് ഞങ്ങളുടേത്. അതുകൊണ്ടുതന്നെ ഞങ്ങളെ കാണുന്ന സമൂഹത്തിന് ഇതു വലിയൊരു അപരാധമായി ഇതുവരെ തോന്നിയിട്ടില്ല. കാരണം ഞങ്ങൾ എപ്പോഴും ഇങ്ങനെയൊക്കെ വ്യത്യസ്തതയുടെ മേച്ചിൽപ്പുറങ്ങളിലൂടെ ആയിരുന്നു യാത്ര ചെയ്തത്. എന്റെ വിവാഹം പോലും 150 രൂപയുടെ സാരിയുടുത്ത് നടത്തിയ പാർട്ടി കല്യാണമായിരുന്നു. സ്വന്തം ആയി അമ്പലമുള്ള കുടുംബമാണ് ഞങ്ങളുടേത്. അത് നോക്കി നടത്തുകയായിരുന്നെങ്കിൽ ഇരുപത്തിരണ്ടര സെന്റ് സ്ഥലം, വീട് ഒക്കെ ഞങ്ങൾക്കു ലഭിക്കുമായിരുന്നു. എന്നാൽ ഞങ്ങൾ ആ വഴിക്കു പോയില്ല. ഞങ്ങളുടെ കുടുംബക്കാർക്കും, ഞങ്ങളുടെ പരിചയക്കാർക്കും വ്യത്യസ്തമായ നിലപാടുകളുമായി ജീവിക്കുന്നതിനാൽ ഈ സംഭവം ഒന്നും വലിയ കാര്യമായി തോന്നില്ല. അതിനാൽ തന്നെ എല്ലാവരും ഇപ്പോഴും ചിരിക്കുന്നു, സംസാരിക്കുന്നു. അവരിൽ ബിജെപിക്കാരും കോൺഗ്രസ്സുകാരും ഇടതുപക്ഷക്കാരും ഒക്കെ ഉണ്ട്. ആഴത്തിലുള്ള അടുപ്പം ഇല്ല. എന്നാൽ ഉപദ്രവിക്കുന്നില്ല. അതൊന്നും തന്നെ എന്നെ ബാധിക്കുന്നതുമില്ല.



**ബിന്ദു അമ്മിണി**

പിന്നെ ഉപരോധം ആണെങ്കിൽ ഞങ്ങൾക്ക് സ്വന്തം ആയി ഒരു കടയുണ്ട്. അതുപോലും ഞങ്ങളുടെ നിലപാടിന്റെ ഭാഗം ആയുള്ള കടയാണ്. ഒരു തുണിക്കട. ലേഡീസ് ഐറ്റംസ്, ബാഗ്, ടോയ്സ്, ഗിഫ്റ്റ് ഐറ്റംസ് ഇവയൊക്കെ നിലവിലുള്ള വിലയേക്കാൾ വളരെ കുറഞ്ഞ നിരക്കിൽ വിൽക്കുന്ന ജസ്റ്റീഷ്യ കളക്ഷൻസ് എന്ന സ്ഥാപനം. അവിടേയ്ക്കു ആരും ഇപ്പോൾ വരാറില്ല. മറ്റൊരു തരത്തിലുള്ള സാമൂഹിക ബഹിഷ്കരണവും ഉണ്ടാകുന്നില്ല. അധികം താമസിയാതെ തന്നെ ഒരു സ്ത്രീപക്ഷ സംഘടനയുമായി ഞാൻ മുന്നോട്ട് കടന്നു വരാനുള്ള ആലോചനയിലാണ്. സ്ത്രീവാദ നിലപാടുകൾ ഉള്ള, ലിബറൽ ചിന്താഗതി ഉള്ള എല്ലാവരുമായും ചേർന്ന് സാമൂഹിക നീതിക്കായി നിലകൊള്ളുന്ന സംഘടന. അതിനുള്ള ആലോചനകൾ നടന്നു വരുന്നു.

ഇത്രയും പ്രശ്നങ്ങൾക്കിടയിലും അതൊക്കെ തരണം ചെയ്തു മുന്നോട്ടു പോകാൻ കരുത്തു ലഭിച്ചത് ഞാൻ ഒരു ദലിത് സ്ത്രീ ആയതിനാലാണ്. കാരണം ഒരു ദലിത് സ്ത്രീ എന്ന നിലയിൽ എന്റെ ബാല്യം മുതലുള്ള അനുഭവപരിസരങ്ങൾ അത്രയേറെ തീക്ഷ്ണം ആയിരുന്നു. വളരെ ചെറുപ്പത്തിലേ അവയൊക്കെ നേരിട്ട് ജീവിച്ചതിനാൽ വെല്ലുവിളികളുള്ള ജീവിതം ഒരിക്കലും ഭയപ്പെടുത്തിയിട്ടില്ല. മുന്നോട്ടും അതങ്ങനെ തന്നെയാവും. ■

പെൺപക്ഷം



അജിത കെ.

# നിർണ്ണായകമായ ഈ തെരഞ്ഞെടുപ്പ്

വരുന്ന ഏപ്രിൽ-മേയ് മാസങ്ങളിൽ ഇന്ത്യയിൽ നടക്കാൻ പോകുന്ന പൊതു തെരഞ്ഞെടുപ്പ് ഇന്ത്യ ഇനി എങ്ങോട്ട് എന്ന ചോദ്യത്തിനുത്തരമായിരിക്കുമെന്ന് പൊതുവെ ചർച്ച ചെയ്യപ്പെടുന്നു. ഇന്ത്യയുടെ ഭരണഘടനാ തത്വങ്ങളിലധിഷ്ഠിതമായ ജനാധിപത്യവും മതേതരത്വവും ബഹുസ്വരതയിലൂന്നിയ പാർലമെന്ററി സമ്പ്രദായവും താത്വികമായെങ്കിലും നിലനിൽക്കുന്ന ഇന്നത്തെ സാഹചര്യങ്ങൾ മൊത്തം കീഴ്മേൽ മറിച്ച് ഒരു തികഞ്ഞ സ്വേച്ഛാധിപത്യ ഹിന്ദുരാഷ്ട്രം ഇന്ത്യയിൽ സ്ഥാപിക്കണോ എന്നതാണ് നിർണ്ണായകമായ ആ ചോദ്യം. 'താത്വികമായി' എന്നു ഞാൻ പറയാൻ കാരണം മേൽസൂചിപ്പിച്ച സമ്പ്രദായങ്ങൾ നടപ്പിലാക്കുന്നതിൽ മാറിമാറി അധികാരത്തിൽ വന്ന പാർട്ടികളും നേതാക്കളും കാട്ടിയ ജീർണ്ണതയും അലംഭാവവും അവഗണനയുമാണ്. പക്ഷെ, ലോകത്ത് നിലനിൽക്കുന്ന ജനാധിപത്യ രാജ്യങ്ങളിൽ പ്രധാനമായ ഒരു സ്ഥാനം ഇന്ത്യക്കുണ്ട്. അതൊക്കെ മാറിമറിഞ്ഞ് ഏഷ്യ, ആഫ്രിക്ക, ലാറ്റിനമേരിക്ക തുടങ്ങിയ രാജ്യങ്ങളിൽ പലതിലും ഇന്നും നടമാടുന്ന വർഗ്ഗീയ-വംശീയ സംഘർഷങ്ങളും സ്വേച്ഛാധിപത്യ ഭരണകൂടങ്ങളുമൊക്കെ പോലെത്തന്നെ ഇന്ത്യയും ചരിത്രത്തിന്റെ ഭീകരമായ തിരിച്ചടി നേരിടാൻ പോവുകയാണോ?

സ്ത്രീകൾക്ക് 33% പാർലമെന്റിലും നിയമസഭയിലും - അതായത് ഇന്ത്യയുടെ നയരൂപീകരണം നടക്കുന്ന സംവിധാനങ്ങൾ - സംവരണം വേണമെന്ന് വാദിച്ച ഒരു ബില്ലുണ്ടായിരുന്നു നമുക്ക്. പഴയ യു.പി.എ. സർക്കാർ ഗവൺമെന്റ് അത് രാജ്യസഭയിൽ പാസ്സാക്കിയെടുത്തു. പക്ഷെ, ലോക്സഭയിൽ പാസ്സാക്കിയെടുക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തി അവർക്കുണ്ടായില്ല. എന്നാൽ നരേന്ദ്ര മോഡി സർക്കാർ അധികാരത്തിൽ വന്നശേഷം ഒരു തവണയെങ്കിലും ആ ബിൽ ലോക്സഭയിൽ അവതരിപ്പിക്കുക പോലും ചെയ്തില്ല. എന്തായിരിക്കും അപ്പോൾ ആ ബില്ലിന്റെ ഭാവി?

ഇതൊക്കെയാണ് ചോദ്യങ്ങൾ. ജനങ്ങൾ ഒരുവശത്ത്, കോർപ്പറേറ്റുകൾ മറുവശത്ത്, ജനാധിപത്യം ഒരു വശത്ത്, മതവർഗ്ഗീയത മറുപക്ഷത്ത്. ജനങ്ങൾ തെരഞ്ഞെടുക്കട്ടെ.

**ഏഷ്യ, ആഫ്രിക്ക, ലാറ്റിനമേരിക്ക തുടങ്ങിയ രാജ്യങ്ങളിൽ പലതിലും ഇന്നും നടമാടുന്ന വർഗ്ഗീയ – വംശീയ സംഘർഷങ്ങളും സ്വേച്ഛാധിപത്യ ഭരണകൂടങ്ങളുമൊക്കെ പോലെത്തന്നെ ഇന്ത്യയും ചരിത്രത്തിന്റെ ഭീകരമായ തിരിച്ചടി നേരിടാൻ പോവുകയാണോ?**







**അൽക്ക ഉണ്ണിക്കൃഷ്ണൻ**


# സ്ലേറ്റ്

ഞാൻ നടക്കുകയാണ്
വരമ്പിലൂടെ
പുഴയ്ക്കരികിലൂടെ
കാതുകളിൽ മുഴങ്ങുന്നത്
ചെണ്ടകൊട്ടല്ല
എൻെറ ചങ്കിടിപ്പാണ്
വിറയാർന്നകൈകളിൽ
മുറുകെപ്പിടിച്ച സ്ലേറ്റിലൂടെ
പിന്നെയും കണ്ണോടിച്ചു
അതിലൊരു വെളുത്ത മുട്ട
പല്ലിളിച്ചെന്റെ കറുത്തസ്ലേറ്റിനെ നാണംകെടുത്തി
അതിട്ടതു കോഴിയല്ല കണക്കുമാഷാ
സ്ലേറ്റുതന്ന് മാഷ് പറഞ്ഞു
അല്ലേലും നീയൊക്കെ
കണക്കാ.
സങ്കടത്തോടെയും
ദേഷ്യത്തോടെയും
ഞാൻ മനസ്സിലോർത്തു
'കണക്കായിപ്പോയി'.

*ബിനാലെ മുസിരിസ് 2019 ൽ എരിഞ്ഞു തെളിഞ്ഞവരുടെ ഗോത്രം (Tribe of incandescence) എന്ന കവിയരങ്ങിൽ ഏറ്റവും ശ്രദ്ധ ആകർഷിക്കപ്പെട്ടത് കെ എസ് ആർ ടി സി ഓഡിറ്റ് വിഭാഗത്തിൽ അസിസ്റ്റന്റ് ആയ ഉണ്ണി ക്കൃഷ്ണന്റെയും, സുധർമ്മയുടെയും മകളായ അൽക്ക ഉണ്ണികൃഷ്ണൻ എന്ന എട്ടാം ക്ലാസ്സ് വിദ്യാർഥിനി ആയിരുന്നു. കൂടെ കവിത ആലപിച്ചവർ എല്ലാവരും മുതിർന്നവർ ആയിരുന്നു എന്നതാണ് അൽക്കയെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തയാക്കിയത്. വളരെ ചെറുപ്പത്തിലേ തന്നെ കവിത എഴുതിത്തുടങ്ങിയ അൽക്കയ്ക്കു തൃപ്പൂണിത്തുറ അത്തം സാഹിത്യ മത്സരത്തിൽ തുടർച്ചയായി രണ്ടു വർഷം കവിത, കഥ എന്നിവയ്ക്ക് സമ്മാനം ലഭിച്ചിരുന്നു. ഒന്നിപ്പ്, ദേശികർ മിത്രം, ട്രാൻസ്പോർട്ട് എംപ്ലോയ്, സ്കൂൾ ശതാബ്ദി സ്മരണിക എന്നിവയിൽ കവിത പ്രസിദ്ധീകരിച്ചിട്ടുണ്ട്. രചിച്ച കവിതകൾ പുസ്തകമാക്കാനുള്ള ശ്രമത്തിലാണിപ്പോൾ.*

# പോരാട്ടവഴികളിലൂടെ

## തെരഞ്ഞെടുപ്പിൽ മത്സരിക്കും


ഗോമതി ജീവ

**പോ**യ വർഷം മുഴുവൻ മൂന്നാർ സമരത്തിൽ പങ്കെടുത്തതിന്റെ പേരിൽ വേട്ടയാടപ്പെടുകയായിരുന്നു ഞാൻ. അപ്പോഴും വടയമ്പാടി അടക്കമുള്ള സമരാമുഖങ്ങളിൽ ഞാൻ പങ്കെടുത്തു. കേരളത്തിലങ്ങോളമിങ്ങോളം സഞ്ചരിക്കുകയും വിവിധ സാംസ്കാരിക സംഘടനകളുമായി ചേർന്ന് പൊതു സമൂഹത്തോട് സംവദിക്കുകയും ചെയ്തു. വടയമ്പാടി സമരത്തിൽ അറസ്റ്റിലാവുകയും ചെയ്തു. പോയ വർഷം ഞാൻ ഇടപെട്ടില്ലെങ്കിലും ഏറെ ശ്രദ്ധിച്ച വിഷയം ശബരിമല കേസ് തന്നെയായിരുന്നു. വ്യക്തിപരമായി ആരുടേയും വിശ്വാസങ്ങൾ ഹനിക്കുന്നത് ഞാനിഷ്ടപ്പെടുന്നില്ല. അപ്പോൾപ്പോലും സുപ്രീം കോടതി വിധി മാനിക്കുക എന്ന പൗരധർമം ദലിത് എന്ന നിലയിൽ പാലിക്കേണ്ടതുണ്ട് എന്ന് തന്നെ ഉറച്ചു വിശ്വസിക്കുന്നു. അതിൽ ബിന്ദു അമ്മിണി, മഞ്ജു എന്നിവർ വിജയിക്കുകയും ചെയ്തു. ബിന്ദു തങ്കം കല്യാണി ശ്രമം നടത്തി. അവരൊക്കെയും ഇപ്പോൾ എന്നെപ്പോലെ തന്നെ പോരാട്ട വഴികളിലാണ് ഇപ്പോൾ. ഏറെ പോരാടേണ്ടി വരുമ്പോൾ തനിയെ ഒരു ധൈര്യം ഉണ്ടാവും. ആ കരുത്തു മുന്നോട്ട് നയിക്കും. വനിതാ ദിനസന്ദേശം ആയി പറയാനുള്ളത് മനസ് മടുക്കാതിരിക്കുക എന്നത് തന്നെയാണ്. കൂടുതൽ ധൈര്യമുള്ളവരാകുക. കൂടുതൽ കരുത്തോടെ മുന്നേറുക. ആരും നല്ലത് പറയാൻ ആദ്യം ഉണ്ടാവില്ല. എന്നാൽ നമ്മൾ ശരി ആണ് ചെയ്യുന്നതെന്ന് കാലം തെളിയിക്കും.

---

## ജനാധിപത്യ രാഷ്ട്രീയ പാർട്ടിയിലൂടെ പോരാടും


സി.കെ.ജാനു

**ജ**നാധിപത്യ രാഷ്ട്രീയ പാർട്ടി രൂപം കൊണ്ടിട്ടു രണ്ടര വർഷം ആയി. പ്രസ്ഥാനം ശക്തിപ്പെടുത്തുക എന്നുള്ളതിനാണ് ഇപ്പോൾ മുൻതൂക്കം നൽകുന്നത്. ആയതിനാൽ തന്നെ പാർലമെൻററി ഇലക്ഷനിൽ സ്ഥാനാർത്ഥിയെ നിർത്തുക എന്നുള്ള കാര്യങ്ങളിലേയ്ക്ക് ഇപ്പോൾ നീങ്ങുന്നില്ല. നിലവിൽ ഇടതുപക്ഷ ചിന്താഗതി ചേരിയിൽ നിന്നുകൊണ്ടുള്ള പ്രവർത്തനം ആണ് നടത്തുന്നത്. അതിന്മേലുള്ള സംഭാഷണങ്ങൾ നടന്നു കഴിഞ്ഞു. നിലവിൽ പാർട്ടിയുടെ ചിട്ടയായ പ്രവർത്തനങ്ങളിൽ സംസ്ഥാന അധ്യക്ഷ എന്ന നിലയിൽ സംതൃപ്തയാണ്. വരുന്ന മാർച്ച് 16നു പാർട്ടി എക്സിക്യൂട്ടീവ് കൂടുന്നുണ്ട്. ശേഷം കൃത്യമായ നിലപാട് വ്യക്തമാക്കുന്നതാണ്.

പാർട്ടി ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടു കേരളത്തിലെ വിവിധ ദലിത് സംഘടനകളുമായി ചർച്ചകൾ നടത്തി. നിരവധി സംഘടനകൾ നേരിൽ വന്നു കണ്ടു പിന്തുണ വാഗ്ദാനം ചെയ്തു. അതിൽ ചില ഗ്രൂപ്പുകൾ അവരുടെ മുൻകൈയ്യിൽ മീറ്റിംഗ് വിളിച്ചു കൂട്ടിയിരുന്നു. എന്തായാലും മികച്ച പ്രവർത്തനം വരും ദിവസങ്ങളിൽ കാഴ്ച വയ്ക്കാനാവും എന്ന് പ്രതീക്ഷിക്കുന്നു. കേരളത്തിലെ പാർശ്വവൽകൃത സമൂഹത്തിനു സാമൂഹിക പുരോഗതി, തുല്യ നീതി ഇവ ഉറപ്പുവരുത്തുന്നതിൽ കേന്ദ്രീകരിച്ചാവും പാർട്ടിയുടെ നീക്കങ്ങൾ. ചരിത്രത്തിൽ ആദ്യമായി ഘടകകക്ഷി എന്ന നിലയിൽ ഒരു പട്ടികവിഭാഗ സംഘടന മാറുന്നു എന്നത് തന്നെ വളരെയേറെ പ്രാധാന്യമുള്ള കാര്യമാണ്. അതിന്റേതായ ഗുണഫലങ്ങൾ പ്രസ്തുത സമൂഹത്തിലേക്ക് എത്തിക്കുക എന്നത് തന്നെയാണ് ഇപ്പോഴുള്ള ദൗത്യമായി ഏറ്റെടുത്തിരിക്കുന്നത്. വിജയിക്കാനാവും എന്ന് തന്നെയാണ് പ്രതീക്ഷ.


ചിത്ര നിലമ്പൂർ

# കാട്ടുനായ്ക്കർ വിഭാഗങ്ങളുടെ ജീവിതവും കാടും

**കാട്ടുനായ്ക്കർ കാടിനുള്ളിൽ നിന്നും കിട്ടുന്ന കിഴങ്ങുകൾ പാകപ്പെടുത്തിയാണ് കഴിക്കുന്നത്. ഇലക്കറികൾക്കൊപ്പം കവല, നാര എന്നിങ്ങനെ ഉള്ള വിഭവങ്ങൾ ചേർത്താണ് ഇവർ കഴിക്കുന്നത്. മസാല ചേർക്കാതെ പ്രകൃത്യാലുള്ള ഭക്ഷണ ശൈലി ശീലിക്കുന്നതിനാൽ പെട്ടെന്ന് അസുഖം വരാത്ത ഉറച്ച ശരീരഘടന ഇവർക്ക് ലഭിക്കുന്നു. ഉൾവനങ്ങളിൽ ജീവിച്ചുള്ള പരിചയം മനസിനെയും കരുത്തുള്ളതാക്കുന്നു. ഇന്ത്യൻ സ്പോർട്സ് കൗൺസിൽ കൃത്യമായി ഈ മനുഷ്യ സമ്പത്ത് ഉപയോഗിക്കുകയാണെങ്കിൽ ഒളിമ്പിക്സ് അടക്കമുള്ള മേഖലയിൽ ഇന്ത്യയ്ക്ക് മികച്ച നേട്ടം കൈവരിക്കാവുന്നതാണ്.**

നിലമ്പൂർ അപ്പൻകാവ് കോളനിയിലെ കാട്ടു നായ്ക്കർ വിഭാഗത്തിൽ നിന്നുള്ള ആളാണ് ആക്ടിവിസ്റ്റ് ചിത്ര നിലമ്പൂർ. കാടിന്റെ നായകർ എന്ന നിലയിലാണ് കാട്ടുനായ്ക്കർ എന്ന പേര് അവർക്കു ലഭിച്ചിരിക്കുന്നത്. കാടാണ് അവരുടെ ലോകം. അവരെ സംബന്ധിച്ചിടത്തോളം കാടു സ്വർഗ്ഗം തന്നെയാണ്. സ്വന്തം ഗോത്ര ഭാഷയുള്ള ഇവർ ദൈവികസ്ഥാനത്തു നിർത്തിയിരിക്കുന്നത് മലദൈവത്തെ ആണ്. അത് മുത്തപ്പൻ, അമ്മ എന്നീ സങ്കല്പങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നു. പൊതുസമൂഹവുമായി ഇണങ്ങി ജീവിക്കുവാൻ ഇവർ പൊതുവെ തയ്യാറാകുന്നില്ല. കാട്ടിൽ നിന്നും നാട്ടിലേയ്ക്ക് വരാൻ തീരെ താത്പര്യപ്പെടുന്നുമില്ല. പ്രാക്തന ഗോത്ര വിഭാഗങ്ങളിലൊന്നായ കാട്ടു നായ്ക്കരെ ഏറ്റവും പ്രിമിറ്റീവ് ഗണത്തിൽ ആണ് പെടുത്തിപ്പോന്നിരിക്കുന്നത്. വയനാട്, കാസർഗോഡ് എന്നിവിടങ്ങളിലും കാട്ടു നായ്ക്കർ ഉണ്ട്. വയനാട് ഉള്ള കാട്ടു നായ്ക്കരുടെ ഭാഷയിൽ നിന്നും വ്യത്യസ്തമാണ് നിലമ്പൂരുള്ള കാട്ടു നായ്ക്കരുടേത്. ഇവരെ പ്രിമിറ്റീവ് ആയി കാണുന്നതിനോട് എനിയ്ക്ക് എതിർപ്പുണ്ട്. നാട്ടിലേയ്ക്ക് വന്നു ജീവിച്ചാൽ മാത്രം ആധുനികത കൈവരിച്ചു എന്നു പറയുന്നത് ശരിയല്ല എന്നാണ് എന്റെ അഭിപ്രായം. കൊച്ചി മെട്രോ നഗരത്തിൽ ആധുനികതയുടെ സുഖശീതളിമയിൽ ജീവിക്കുന്ന ഒരാളെ നിലമ്പൂർ വനത്തിനകത്തു പാർപ്പിച്ചാൽ ആ വ്യക്തിക്കുണ്ടാകുന്ന അതേ ബുദ്ധിമുട്ടാണ് കാട്ടിലുള്ളവരെ നാട്ടിലെത്തിക്കുമ്പോൾ ഉണ്ടാകുന്നതും. ഈ വിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം കാട് അവരുടെ ജന്മം ആണ്. ജന്മം എന്നത് ഇവരുടെ സംസ്കാരവുമായി ബന്ധപ്പെട്ടു കിടക്കുന്നു. രണ്ടു മുതൽ നാലു വരെയുള്ള മലകൾക്കിടയിലുള്ള സ്ഥലമാണ് ജന്മം. ജന്മം വിട്ടു പുറത്തേയ്ക്കു പോകരുത് എന്നാണ് ഇവരുടെ വിശ്വാസം. കാട്ടിൽ നിന്നും പറിച്ചു മാറ്റാൻ നോക്കുമ്പോൾ യഥാർത്ഥത്തിൽ അവരുടെ അസ്തിത്വം ആണ് പറിച്ചു മാറ്റപ്പെടുന്നത്. അത് ഇവരുടെ ഇപ്പോൾ കുറച്ചെങ്കിലും നിലവിലുള്ള

ഭാഷയുടെ മേലിലുള്ള കടന്നു കയറ്റം കൂടിയാണ്. ഒരു വ്യക്തിയുടെ ആവാസസ്ഥലവും, ഭാഷയും നഷ്ടമാകുമ്പോൾ ആ വ്യക്തി അക്ഷരാർത്ഥത്തിൽ ഇല്ലാതാവുകയാണ് ചെയ്യുന്നത്.നാട്ടിൽ കൊണ്ട് വന്നാലേ വികസനം നടക്കൂ എന്ന പിടിവാശി സർക്കാർ ഉപേക്ഷിക്കണം എന്നാണ് എന്റെ അഭിപ്രായം.

വനാവകാശ നിയമം അനുസരിച്ചു വ്യക്തിഗത വനാവകാശം, സാമൂഹിക വനാവകാശം, വികസന വനാവകാശം എന്നിങ്ങനെ മൂന്നു സാധ്യതയിൽ ഊന്നൽ നൽകി ആദിവാസി വിഭാഗങ്ങളുടെ വികസനം സാധ്യമാക്കാവുന്നതാണ്. വ്യക്തിഗത വനാവകാശം എന്നത് ആദിവാസി വിഭാഗങ്ങൾക്ക് സ്വന്തമായുള്ള ഭൂമിയിന്മേലുള്ള അവകാശം ആണ്. രണ്ടാമത്തേത് സാമൂഹിക വനാവകാശം ആണ്. അത് ആദിവാസികൾക്ക് വിഭവ ശേഖരണത്തിനായുള്ള ഭൂമി ആണ്. വികസന വനാവകാശഭൂമിയിലാണ് ആദിവാസികൾക്ക് സ്കൂൾ, വായനശാല, ആശുപത്രി എന്നിങ്ങനെയുള്ള സൗകര്യങ്ങൾ ഒരുക്കേണ്ടത്. അതിനായി എത്രത്തോളം മരങ്ങൾ മുറിച്ചു മാറ്റാം എന്ന് നിജപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ വികസനവനാവകാശ ഭൂമിയിൽ അടിസ്ഥാനസൗകര്യം ഒരുക്കാതെ അവരെ കാട്ടിൽ നിന്നും നാട്ടിലേയ്ക്ക് പറിച്ചു മാറ്റുന്നത് അവരുടെ സംസ്ക്കാരത്തെ തന്നെയാണ് ബാധിക്കുന്നത്. വികസിത വനാവകാശഭൂമിയിൽ സൗകര്യം ഒരുക്കുകയാണെങ്കിൽ കാടിനോട് ഇണങ്ങി തന്നെ ജീവിച്ചുകൊണ്ടുള്ള വിദ്യാഭ്യാസം അവർക്കു ലഭിക്കും. അമേരിക്കയിൽ റെഡ് ഇന്ത്യൻ വിഭാഗക്കാർ കാടിനോട് ചേർന്ന് തന്നെയാണ് നാഗരികത കൈവരിച്ചത്. കുടിയേറി വന്ന പ്രബല സമുദായങ്ങൾ ഇതേ ഇടങ്ങളിൽ പരിഷ്കൃതരായി ജീവിക്കുന്നുണ്ട്. ആദിവാസികൾ മാത്രമാണ് അപരിഷ്കൃതരായി കാണപ്പെടുന്നതെങ്കിൽ അവർക്കായി നൽകിയ പദ്ധതികൾ പാളിച്ചയോടെ നടപ്പാക്കി എന്നാണ് അതിന്റെ അർത്ഥം.

ഏറ്റവും ശ്രദ്ധ കൊടുക്കേണ്ട മേഖല വിദ്യാഭ്യാസം ആണ്. കാട്ടുനായ്ക്കർ അടക്കമുള്ള ആദിവാസി വിഭാഗങ്ങൾക്കു ഗോത്ര ഭാഷ ഉണ്ട് എന്നാൽ അവർ അത് സ്കൂളിൽ പഠിക്കുന്നില്ല. പകരം, തമിഴ്, മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകൾ അവരിലേക്ക് പകർന്നു നൽകുന്നു. സ്കൂളിൽ വിദ്യാർത്ഥിക്ക് അന്യഥാബോധം ഉണ്ടാകുവാൻ ഇത് കാരണം ആകുന്നു. രണ്ടുമണിക്കൂറെങ്കിലും ഗോത്ര ഭാഷയിൽ വിഷയങ്ങൾ പഠിക്കാനുള്ള സംവിധാനം ഒരുക്കേണ്ടതുണ്ട്. അതിൽക്കൂടി മറ്റു ഭാഷയിലേയ്ക്ക് അവർക്കു ചെന്നെത്താൻ കഴിയും. ഗോത്രഭാഷ സിലബസിൽ ഉൾപ്പെടുത്തിയാൽ വിദ്യാർത്ഥികൾക്ക് തനിമ നഷ്ടം വരാതെ ഇരിക്കുകയും, അതുവഴി ആദിവാസി വിഭാഗത്തിലുള്ളവർക്കു അധ്യാപകരായി ജോലി ലഭിക്കുകയും ചെയ്യും. ക്രമേണ മാറ്റങ്ങൾ കൃത്യമായി അനുഭവപ്പെടും.


കാട്ടുനായ്ക്കർ കാടിനുള്ളിൽ നിന്നും കിട്ടുന്ന കിഴങ്ങുകൾ പാകപ്പെടുത്തിയാണ് കഴിക്കുന്നത്. ഇലക്കറികൾക്കൊപ്പം കവല, നാര എന്നിങ്ങനെ ഉള്ള വിഭവങ്ങൾ ചേർത്താണ് ഇവർ കഴിക്കുന്നത്. മസാല ചേർക്കാതെ പ്രകൃത്യാലുള്ള ഭക്ഷണശൈലി ശീലിക്കുന്നതിനാൽ പെട്ടെന്ന് അസുഖം വരാത്ത ഉറച്ച ശരീരഘടന ഇവർക്ക് ലഭിക്കുന്നു. ഉൾവനങ്ങളിൽ ജീവിച്ചുള്ള പരിചയം മനസിനെയും കരുത്തുള്ളതാക്കുന്നു. ഇന്ത്യൻ സ്പോർട്സ് കൗൺസിൽ കൃത്യമായി ഈ മനുഷ്യ സമ്പത്ത് ഉപയോഗിക്കുകയാണെങ്കിൽ ഒളിമ്പിക്സ് അടക്കമുള്ള മേഖലയിൽ ഇന്ത്യയ്ക്ക് മികച്ച നേട്ടം കൈവരിക്കാവുന്നതാണ്.

ഐ ജി എം എം ആർ സ്കൂളിലെ വിദ്യാർത്ഥികളുടെ സ്പോർട്സ് പ്രകടനം ശ്രദ്ധിച്ചാൽ ഈ വസ്തുത ശരിയാണെന്നു മനസിലാക്കാവുന്നതാണ്. മുഖ്യധാരയിൽ എത്തുക എന്നാൽ നഗരങ്ങളിൽ പാർക്കുക എന്നതല്ല. ഏതു ആവാസ വ്യവസ്ഥയിലാണോ നാം ഉള്ളത് ആ ഇടങ്ങളിൽ സ്വാഭാവികമായി ജീവിക്കുവാൻ പ്രാപ്തമാക്കുക എന്നത് തന്നെയാണ്.

ഈ കോളനിയിൽ ജനിച്ചു വളർന്ന ആളാണ് ഞാൻ. ഇപ്പോൾ ഞാൻ കളിച്ചുനടന്ന, പഠിപ്പിച്ചിരുന്ന തൊട്ടടുത്തുള്ള ഊരുകളിലേയ്ക്ക് ഞങ്ങളെ പ്രവേശിപ്പിക്കുന്നില്ല. മാവോയിസ്റ്റ് ഭീഷണി ഉള്ളതിനാലാണീ നിയന്ത്രണം എന്നാണ് പറയുന്നത്. എന്നാൽ ഞങ്ങൾക്ക് കയറാൻ പറ്റാത്ത ഇടങ്ങളിൽ നാട്ടിൽ നിന്നുള്ളവരും, രാഷ്ട്രീയക്കാരും കയറുന്നുണ്ട്. ഞാൻ മനസിലാക്കുന്നത് നാട്ടിൽ നിന്നുള്ളവർ ചെയ്യുന്ന ചൂഷണം മനസിലാക്കാതിരിക്കാൻ ഞങ്ങളെ അങ്ങോട്ട് കയറ്റാത്തതാണെന്നു തന്നെയാണ്. ഇത്തരം പൊള്ളത്തരങ്ങൾ അവസാനിക്കേണ്ടതുണ്ട്.

കാട്ടുനായ്ക്കർ വിഭാഗത്തിൽ നിന്നും ഗോത്രഭാഷയിൽ കവിത എഴുതിയും, പാടിയും, പറഞ്ഞും പ്രശസ്തരായവർ ആണ് സജി ബൊമ്മൻ, പ്രജോദ് വയനാട് എന്നിവർ. ഇത്തരം സാംസ്കാരിക സാദ്ധ്യതകൾ കൂടി സർക്കാർ കണ്ടറിഞ്ഞു വികസിപ്പിക്കേണ്ടതുണ്ട്. ആര്യാടൻ ഷൗക്കത്തിന്റെ സമീക്ഷ പ്രൊജക്ടുമായി സഹകരിച്ചാണ് ഓപ്പൺ കോഴ്സ് വഴി ഞാൻ ബി എ ഹിസ്റ്ററി പാസ്സ് ആയത്. കൂടുതൽ മുന്നേറ്റങ്ങൾ ഈ മേഖലയിൽ നിന്നുണ്ടാവാൻ ദീർഘകാല അടിസ്ഥാനത്തിലുള്ള പ്രൊജെക്ടുകൾ ആവശ്യമാണ്. അത് മികച്ച രീതിയിൽ നടപ്പാക്കുകയും വേണം.

■



## വാസ്തവം



ഡോ.ജാൻസി ജോസ്

# സ്ത്രീയെന്ന വ്യക്തി

ഭാര്യാഭർതൃബന്ധത്തിന്റെ കെട്ടുറപ്പ് പരസ്പര അംഗീകാരത്തിലാണ് നിലനിൽക്കുന്നത്. പരസ്പര അംഗീകാരം കുടുംബത്തിൽ ലഭ്യമാകുന്നുണ്ടോ എന്നതാണ് പ്രധാന വിഷയം ഭർത്താവിനെ ഭാര്യ അംഗീകരിക്കുന്നതു പോലെ ഭാര്യയെ ഭർത്താവ് അംഗീകരിക്കുന്നണ്ടോ? പെണ്ണുങ്ങൾ കൂടിയിരിക്കുന്നിടത്തു നിന്നവരുന്ന അഭിപ്രായങ്ങൾ അവർക്ക് ഭർത്താക്കന്മാരുടെ അംഗീകാരം ലഭിക്കുന്നില്ല എന്നു തന്നെയാണ്.

ഭർത്താവിനു മാത്രമല്ല മക്കളും വീട്ടുകാരും ഒന്നും അവൾക്ക് ഒരു വിലയും കൊടുക്കുന്നില്ല എന്നതാണ് അവളുടെ പരാതി. സ്ത്രീകൾക്കു വേണ്ടി നിലവിൽ വന്നിട്ടുള്ള രണ്ടു നിയമങ്ങൾ അവളുടെ അംഗീകാരവും സ്വാതന്ത്ര്യവും അനുവദിച്ചു നൽകുന്നതാണ്. ഗാർഹിക അതിക്രമങ്ങളിൽ നിന്ന് സ്ത്രീകളെ സംരക്ഷിക്കുന്ന നിയമത്തിൽ പെണ്ണിന്റെ അനുവാദമില്ലാതെ നടത്തുന്ന ലൈംഗിക ബന്ധം ബലാത്സംഗമാണ്. ഭാര്യാഭർതൃ ലൈംഗിക ബന്ധം ആരോഗ്യകരമാകണമെങ്കിൽ രണ്ടു പേരുടേയും താത്പര്യവും സമ്മതവും ആവശ്യമാണ്. അങ്ങനെ നോക്കുകയാണെങ്കിൽ ആദ്യരാത്രികൾ അധികവും, ഭാര്യാഭർതൃ ലൈംഗിക ബന്ധങ്ങളധികവും ബലാത്സംഗങ്ങളാകാനാണ് സാധ്യത.

ഈയടുത്തുവന്ന മറ്റൊരു നിയമമാണ് വിവാഹേതര ബന്ധങ്ങൾ കുറ്റകരമല്ല എന്നത്. സാധാരണ കണ്ടു വരുന്നത് പുരുഷന്റെ വിവാഹേതര ബന്ധം അംഗീകരിക്കുന്ന ഒരു നാട്ടുനടപ്പാണ്. ഈ നിയമത്തിന്റെ പരിഗണനയിൽ സ്ത്രീകളാണ് സ്വതന്ത്രരാകുന്നത്. ഈ നിയമത്തിന്റെ അർത്ഥം എല്ലാ സ്ത്രീകളും വിവാഹ ഇതര ബന്ധത്തിൽ ഏർപ്പെടണം എന്നല്ല എന്ന് ഓർക്കേണ്ടതാണ്.കുടുംബത്തിനു പുറത്ത് ലൈംഗിക ബന്ധം പുലർത്തുന്ന പ്രതികളെ നിയമപരമായി ശിക്ഷിക്കാനാവില്ല. ലൈംഗികത ഒരു വ്യക്തിയുടെ സ്വാതന്ത്ര്യമാണെന്നും സ്ത്രീകളും വ്യക്തികളാണെന്ന് നമ്മൾ അംഗീകരിച്ചു തുടങ്ങി എന്നതും ഇതിൽ നിന്ന് വായിച്ചെടുക്കാവുന്നതാണ്.



**വിനീത വിജയൻ**
ഗവേഷക വിദ്യാർത്ഥി
മഹാത്മാഗാന്ധി
സർവ്വകലാശാല

ഇന്ത്യൻ ഭരണഘടന:

# പുനർവായിക്കപ്പെടേണ്ട ഫെമിനിസ്റ്റ് മാനിഫെസ്റ്റോ

**ലോ**കത്തിലെ മറ്റൊരു ഭരണഘടനയ്ക്കും അവകാശപ്പെടാനാവാത്ത ഒരു സവിശേഷത ഇന്ത്യൻ ഭരണഘടനയ്ക്കുണ്ട്. അതിന്റെ മുഖ്യ ശില്പി ഒരു കറതീർന്ന ഫെമിനിസ്റ്റാണ് എന്നതാണ് ആ പ്രത്യേകത. ലോകത്താകമാനം വളർന്നു തുടങ്ങിയിരുന്ന സ്ത്രീവാദ പ്രസ്ഥാനങ്ങളെയും മുന്നേറ്റങ്ങളെയും അവർ മുന്നോട്ടുവെച്ച ആശയങ്ങളെയും കൃത്യമായ സ്ത്രീപക്ഷ വീക്ഷണത്തോടു കൂടി ഉൾക്കൊള്ളാനും ഭരണഘടനാ നിർമ്മാണഘട്ടത്തിൽ ആ ആശയങ്ങളെ പ്രയോഗ തലത്തിലെത്തിക്കാനും ഡോ: അംബേദ്കർക്ക് സാധിച്ചിരുന്നു. വിദ്യാഭ്യാസത്തിലും സ്വത്തധികാരത്തിലും രാഷ്ട്രീയ അധികാരത്തിലും എന്നു വേണ്ട ജീവിതത്തിന്റെ സമസ്ത മേഖലകളിലും സ്ത്രീകൾക്ക് ലഭിക്കേണ്ടുന്ന തുല്യതയെന്ന വിഷയത്തെ നേടുന്ന ഏറ്റവും ആധുനിക മൂല്യബോധത്തോടെയാണ് അദ്ദേഹം സമീപിച്ചിരുന്നത്.

സ്ത്രീകളുടെ അവകാശങ്ങൾക്കുവേണ്ടി നിലകൊള്ളുക മാത്രമല്ല നിയമ നിർമാണഘട്ടത്തിൽ അവയ്ക്ക് പരമ പ്രാധാന്യം കൽപ്പിക്കുകയും ചെയ്തിരുന്നു. ഇന്ത്യയുടെ നിയമവ്യവസ്ഥ ലോകത്തിൽ ഏറ്റവും അധികം സ്ത്രീസുരക്ഷാ നിയമങ്ങളുള്ള ഒന്നായതിൽ ചെറുതല്ലാത്ത പങ്ക് ഡോ: അംബേദ്കർക്കുണ്ട്. ജാതിവ്യവസ്ഥയുടെ രണ്ട് പ്രധാന ഇരകൾ എന്നാണ് അദ്ദേഹം അയിത്തജാതിക്കാരെയും സ്ത്രീകളെയും നിർണയിച്ചത്. ജാതിവ്യവസ്ഥയെ ഒരു തലമുറയിൽനിന്ന് അടുത്ത തലമുറയിലേക്ക് ഗർഭം വഴി പകരുന്നവർ എന്ന നിലയ്ക്കു ജാതിവ്യവസ്ഥയുടെ നിലനിൽപ്പും സ്ത്രീയുടെ പുരോഗമന ചിന്തയും തമ്മിലുള്ള ബന്ധത്തെപ്പറ്റി കൃത്യമായ ബോധ്യവും അദ്ദേഹത്തിനുണ്ടായിരുന്നു. ഇന്ത്യൻ സ്ത്രീയുടെ പുരോഗമന ചിന്തയും സമത്വത്തിനും തുല്യാവകാശത്തിനു വേണ്ടി നിലകൊണ്ട ചുരുക്കം ചില നേതാക്കളേ നമുക്കുള്ളൂ. ശ്രീബുദ്ധൻ, ജോതിറാവു ഫുലെ, സാവിത്രിബായ് ഫുലെ, ഈ വി രാമസ്വാമി, ഡോക്ടർ അംബേദ്കർ, മഹാത്മാ അയ്യൻകാളി എന്നിങ്ങനെ വിരലിലെണ്ണാവുന്നവർ! ഇവരിൽനിന്ന് ഡോക്ടർ അംബേദ്കർക്കുള്ള വ്യത്യസ്തത അദ്ദേഹത്തിന് തന്റെ ശ്രമങ്ങളെ സ്ത്രീകളുടെ അവകാശങ്ങളും സംരക്ഷണ ഉപാധികളായ നിയമങ്ങളും ആക്കി മാറ്റാൻ ഭരണഘടനയിലൂടെ സാധിച്ചു എന്നതാണ്.

ഹിന്ദുശാസ്ത്രങ്ങളും സ്മൃതികളും അനുശാസിച്ചിരുന്ന നിയമവ്യവസ്ഥകൾക്കും വിലക്കുകൾക്കും അകത്തു കഴിഞ്ഞിരുന്ന സ്വതന്ത്രബോധമോ ചിന്തയോ പോലും വിലക്കപ്പെട്ട് മൃഗതുല്യമായ അടിമജീവിതം അവസാനിപ്പിക്കണം എങ്കിൽ അവളെ വിദ്യാഭ്യാസം ചെയ്യിക്കുകയേ നിവൃത്തിയുള്ളൂ എന്ന് അദ്ദേഹം കൃത്യമായി തിരിച്ചറിഞ്ഞിരുന്നു. സ്ത്രീശാക്തീകരണം എന്നത് ബഹുതല സ്പർശിയും വിഭിന്നമാർഗ്ഗങ്ങളിലൂടെ മാത്രം സാധ്യമാകുന്ന ഒന്നും തന്നെയാണ് എന്ന് തിരിച്ചറിഞ്ഞ ഡോക്ടർ അംബേദ്കർ അതിനുള്ള ഏറ്റവും കരുത്തുറ്റ ആയുധമായി തന്നെയാണ് വിദ്യാഭ്യാസത്തെ പരിഗണിച്ചിരുന്നത്. സ്ത്രീകൾക്ക് വിദ്യാഭ്യാസപരമായി അക്കാലം വരെ നിലനിന്നിരുന്ന വിലക്കുകൾ എടുത്തു മാറ്റാനും വിദ്യാഭ്യാസം സാർവത്രികമാക്കാനുമുള്ള ഇടപെടലുകളായിരുന്നു അവയിൽ പ്രധാനം.

പുരോഗതി നേടിയ സമൂഹം എന്നാൽ അതിനർത്ഥം പുരോഗതി നേടിയ സ്ത്രീകൾ എന്നുതന്നെ ആണ് എന്ന് അദ്ദേഹം ഉറപ്പിച്ചു പറഞ്ഞതും അക്കാരണം കൊണ്ടുതന്നെയാണ്.

ഡോക്ടർ അംബേദ്കറുടെ സ്ത്രീ ദർശനത്തിന് ബുദ്ധമതത്തിലെ സ്ത്രീപക്ഷദർശനങ്ങളുമായി അഭേദ്യ ബന്ധമുണ്ട്. മനുവിന്റെയും ബുദ്ധന്റെയും സ്ത്രീവീക്ഷണങ്ങളിലെ വിപരീതത്വം ഡോക്ടർ അംബേദ്കർ തന്റെ എഴുത്തുകളിലും പ്രസംഗങ്ങളിലും ആവർത്തിച്ചു പറയാറുണ്ട്. ബുദ്ധൻ സ്ത്രീകളോട് തികഞ്ഞ ബഹുമാനത്തോടും സ്നേഹത്തോടുംകൂടി ഇടപെടണമെന്ന് ഉപദേശിക്കുകയും സ്ത്രീയുടെ ലിംഗപദവിയെ വിലകുറച്ച് കാണരുതെന്ന് ബോധ്യപ്പെടുത്തുകയും ചെയ്തിരുന്നു. അദ്ദേഹം സ്ത്രീകൾക്ക് ധർമ്മവും തത്ത്വചിന്തയും ഉപദേശിച്ചിരുന്നു. വൈശാലിയിലെ അമ്രപാലിയെയും വിശാഖയെയും ഗൗതമിയെയും റാണി മല്ലികയെയും പ്രസേനജിത്തിന്റെ റാണിയേയും പോലുള്ള സ്ത്രീകൾ ബുദ്ധനെ ധർമ്മദീക്ഷയ്ക്കായി സമീപിച്ചതും അദ്ദേഹം അവർക്ക് ധമ്മം ഉപദേശിച്ചതായും ഉള്ള കഥകൾ ഡോക്ടർ അംബേദ്കർ ഉദ്ധരിക്കാറുണ്ട്. ഡോക്ടർ അംബേദ്കർ സ്ത്രീകളുടെ വിദ്യാഭ്യാസത്തിന് നൽകിയ പ്രാധാന്യം ഇതേ ബൗദ്ധ ദർശനത്തിന്റെ തന്നെ തുടർച്ചയായി കാണാവുന്നതാണ്.



സ്ത്രീക്ക് വിദ്യാഭ്യാസം നൽകുന്നതും പുരുഷന് വിദ്യാഭ്യാസം നൽകുന്നതും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് ബാബാസാബ് ഡോക്ടർ അംബേദ്കർ പറയുന്നത് ഇപ്രകാരമാണ്; 'ഒരു ആൺകുട്ടിക്ക് വിദ്യാഭ്യാസം നൽകുമ്പോൾ അത് ഒരു വ്യക്തിക്ക് മാത്രമാണ് നൽകപ്പെടുന്നത്. എന്നാൽ ഒരു പെൺകുട്ടിക്ക് വിദ്യാഭാസം നൽകുമ്പോൾ അത് നൽകപ്പെടുന്നത് അവൾ ഉൾപ്പെടുന്ന കുടുംബത്തിന് മുഴുവനായാണ്.' ലക്ഷ്യങ്ങളെയും അടിസ്ഥാനതത്വങ്ങളെയും എല്ലാം സമഗ്രമായി ഉൾക്കൊള്ളുന്ന സുപ്രധാന രേഖയാണ് അത്. മൗലികാവകാശങ്ങളെ കുറിച്ച് പ്രതിപാദിക്കുന്ന ഇടത്താണ് ഭരണഘടന ആദ്യമായി സ്ത്രീയെ അഭിസംബോധന ചെയ്യുന്നത്. അത് ഇങ്ങനെയാണ് "മതത്തിന്റെയോ ലിംഗത്തിന്റെയോ അല്ലെങ്കിൽ അവയിലേതെങ്കിലും ഒന്നിന്റെയോ അടിസ്ഥാനത്തിൽ ഭരണകൂടം പൗരന്മാരോട് വിവേചനം കാണിക്കില്ല. എന്നാൽ സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേക പരിഗണന നൽകുന്നതിൽ നിന്ന് ഇത് ഭരണകൂടത്തെ തടസ്സപ്പെടുത്തുന്നില്ല. 'മൗലിക അവകാശങ്ങളെക്കുറിച്ചുള്ള പ്രാഥമികമായ വിവരണത്തിൽ തന്നെ ഇത്രയും വ്യക്തവും കൃത്യവുമായി സ്ത്രീയുടെ അവകാശമെന്ന്, തുല്യതയെ സമതയെ അടയാളപ്പെടുത്തിയിരിക്കുന്നു ഇന്ത്യൻ ഭരണഘടനയിൽ.

വിദ്യാഭ്യാസത്തിലും സ്വത്ത് അധികാരത്തിലും രാഷ്ട്രീയ അധികാരത്തിലും എന്നു വേണ്ട ജീവിതത്തിന്റെ സമസ്തമേഖലകളിലും സ്ത്രീകൾക്ക് ലഭിക്കേണ്ടുന്ന തുല്യനീതി എന്ന വിഷയത്തെ വളരെ ആധുനികമായ മൂല്യബോധത്തോടെയാണ് അദ്ദേഹം ഉൾക്കൊണ്ടിരുന്നത്.

ഒരു ഇന്ത്യൻ പൗരന് തന്റെ പൗരത്വത്തിന്റെ അടിസ്ഥാന അവകാശമെന്ന് സ്ഥാപിക്കാൻ ആവുന്ന ഒന്നാണ് പ്രായപൂർത്തി വോട്ടവകാശം. അന്നുവരെ നികുതി അടയ്ക്കാൻ മാത്രം ഭൂസ്വത്ത് ഉള്ള പുരുഷനു മാത്രം പ്രാപ്തമായിരുന്ന വോട്ടവകാശത്തെ സ്ത്രീ പുരുഷഭേദമില്ലാതെ പ്രായപൂർത്തി എന്ന ഒറ്റ മാനദണ്ഡം മാത്രം അടിസ്ഥാനമാക്കി നിയമപരമായ അവകാശമാക്കി വ്യവസ്ഥ ചെയ്യാൻവേണ്ടി ശബ്ദിച്ചത് ബാബാസാഹേബ് അംബേദ്കർ ആണ്. അതിനെതിരെ ഇന്ന് മോദി സർക്കാർ കോടികളുടെ പ്രതിമ സ്ഥാപിച്ച് ആഘോഷിച്ച, ആദരിച്ച സർദാർ വല്ലഭ്ഭായി പട്ടേൽ അടക്കമുള്ളവർ വലിയ എതിർപ്പാണ് നിയമസഭയിൽ അടക്കം ഉന്നയിച്ചത്. മൊണ്ടേഗു ചെംസ്ഫോർഡ് റിഫോംസ് മാത്രമായിരുന്നു അതുവരെ ഇന്ത്യയിലെ ചുരുക്കം ചില പ്രവിശ്യകളിൽ എങ്കിലും പ്രായപൂർത്തി വോട്ടവകാശം നാമമാത്രമായെങ്കിലും നടപ്പിലാക്കിയത്. ഡോക്ടർ അംബേദ്കർ, പ്രായപൂർത്തി വോട്ടവകാശം വഴി ഇന്ത്യ മുഴുവനും ബാധകമായ നിയമമായി അത് വ്യവസ്ഥ ചെയ്തപ്പോൾ സ്ഥാപിക്കപ്പെട്ടത് മൗലികാവകാശമായി വാഗ്ദാനം ചെയ്യപ്പെട്ട സമതയുടെ ആദ്യ ജനാധിപത്യ അടിസ്ഥാനം തന്നെ ആയിരുന്നു. ആർട്ടിക്കിൾ 326 പ്രകാരം പ്രായപൂർത്തി വോട്ടവകാശം നിയമപരമായ അവകാശമായി സ്ഥാപിച്ചതിന് പുറമേ ഇന്ത്യൻ സ്ത്രീയുടെ ആത്മാഭിമാനത്തിനും അന്തസുള്ള ജീവിതത്തിനും അടിസ്ഥാനമാകുന്ന ഒട്ടേറെ നിയമപരിരക്ഷകൾ ഡോക്ടർ അംബേദ്കറുടെ

ശ്രമഫലമായി ഭരണഘടനയിൽ സാധിച്ചു. സ്ത്രീ തൊഴിൽ സംരക്ഷണനിയമം, പിതൃസ്വത്തിൻ മേലുള്ള അവകാശം, പ്രായപൂർത്തി വിവാഹ നിയമം, ജീവനാംശ അവകാശം, തുല്യവേതനാ വകാശം, പ്രസവകാല വേതനാവകാശം, സ്ത്രീ കളെ കൊണ്ട് അപകടകരമായ ഖനികളിൽ തൊഴിലെടുപ്പിക്കുന്നത് വിലക്കുന്ന നിയമം, തുടങ്ങി ഇന്നും ഇന്ത്യൻ സ്ത്രീയുടെ അന്തസ്സോ ടെയുള്ള ജീവിതം സാധ്യമാക്കുന്ന സംരക്ഷണ വ്യവസ്ഥകൾ ഉൾച്ചേർന്ന ഇന്ത്യൻ ഭരണഘടന പൂർണ്ണാർത്ഥത്തിൽ ഒരു ഫെമിനിസ്റ്റ് മാനിഫെസ്റ്റോ തന്നെയാണ്.

educate, agitate ,organise ഈ ആപ്തവാക്യം ഡോക്ടർ അംബേദ്കറുടേതാണ്. ഇത് പിൽക്കാ ലത്ത് എസ്എഫ്ഐ അതിന്റെ ആപ്തവാക്യമായി സ്വീകരിച്ചു. ഡോക്ടർ അംബേദ്കർ ഈ വാക്യ ത്തിന് ഒരു അധിക വിശദീകരണവും നൽകി യിട്ടുണ്ട്. അതാണ് പ്രധാനം "education is fruitless without educated women, agitation is incomplete without the strength of women. and organisations are meaningless without the accompaniment of women. 'സ്ത്രീകൾക്ക് നൽകപ്പെടുന്നില്ല എങ്കിൽ വിദ്യാഭ്യാ സമെന്നത് സമൂഹത്തിന് ഒരു ഗുണവും ചെയ്യില്ല. സ്ത്രീകളുടെ പങ്കാളിത്തത്തോടുകൂടിയല്ലാത്ത ഏതു സമരവും അപൂർണ്ണമാണ്. സ്ത്രീകളുടെ പങ്കാളിത്തമില്ലാത്ത കൂട്ടായ്മകൾ അർത്ഥരഹിത മാണ്.

ഈ വികസിത സൂത്രവാക്യത്തിന്റെ അർത്ഥവ്യാപ്തി നമ്മുടെ സമൂഹം ഉൾക്കൊണ്ട് തുടങ്ങിയിരിക്കുന്നു എന്നതിന്റെ ശുഭലക്ഷണ ങ്ങളാണ് ശബരിമല വിധിയെ തുടർന്നുണ്ടായ ആചാര, കോലാഹലങ്ങൾക്കെതിരെ പുരോഗമ നപക്ഷത്ത് നിരന്ന സ്ത്രീജനങ്ങളുടെ വലിയ പങ്കാളിത്തം. ഇതിൽ എടുത്തുപറയേണ്ട മുന്നേറ്റ ങ്ങളാണ് ആർത്തവം അശുദ്ധിയല്ല എന്ന് പ്രഖ്യാ പിച്ച്, കൊച്ചിയിൽ നടന്ന 'ആർപ്പോ ആർത്തവം', ആചാരങ്ങളല്ല ഭരണഘടനാ മൂല്യങ്ങളാണ് ഉയർ ത്തിപ്പിടിക്കേണ്ടത് എന്ന് ആഹ്വാനം ചെയ്തു തിരുവനന്തപുരത്ത് നടന്ന 'വീ ദി പീപ്പിൾ', ബ്രാഹ്മ ണാധിപത്യത്തിനെതിരെ ദലിത്, സ്ത്രീകളുടെ നേതൃത്വത്തിൽ എരുമേലിയിലേക്ക് നടത്തിയ വില്ലുവണ്ടിയാത്ര, സ്ത്രീയുടെ ആത്മാഭിമാന മുയർത്തി തൃശൂരിൽ സംഘടിപ്പിക്കപ്പെട്ട സ്ത്രീ സ്വാഭിമാന സദസ്സ്, അവസാനം സമതക്കായി കേരളം കൈകോർത്ത ചരിത്ര മതിൽ. ഈ മുന്നേ റ്റങ്ങളിലെ സ്ത്രീ പങ്കാളിത്തവും കർതൃത്വങ്ങളും കേരളത്തിലെ സ്ത്രീ പോരാട്ടങ്ങളുടെ ചരിത്ര ത്തിന്റെ പൊളിച്ചെഴുത്തുകൂടിയാണ്. നവോത്ഥാന പ്രക്ഷോഭങ്ങളും സ്ത്രീ സ്വാതന്ത്ര്യത്തിനു വേണ്ടി യുള്ള സമരങ്ങളും കലാപങ്ങളും സ്ത്രീപുരുഷ ന്മാരുടെ തുല്യ പങ്കാളിത്തത്തോടെയാണ് നടന്നതെങ്കിലും പുരുഷകർതൃത്വങ്ങൾ മാത്രമാണ് ചരിത്രത്തിൽ ഇടംനേടിയത്. ചാന്നാർ ലഹളയിൽ, കല്ലമാല സമരത്തിൽ, ഊഴിയവേല വിരുദ്ധ സമരത്തിൽ ഒക്കെ നേതൃത്വപരമായ പങ്കുവഹിച്ച കീഴാളസ്ത്രീസാന്നിധ്യങ്ങൾ അപ്പാടെ മറയ്ക്ക പ്പെട്ടു പോവുകയായിരുന്നു. രേഖപ്പെടുത്തപ്പെ ട്ടിട്ടുള്ള ഒരേ ഒരുപേര് ചേർത്തലക്കാരിയായ നങ്ങേലിയുടേതാണ്. എന്നാൽ നങ്ങേലിയുടെ കഥ കെട്ടുകഥയാണ് എന്നാണ് സവർണ്ണ സംഘ അവകാശവാദം. യഥാർത്ഥ ചരിത്രത്തെ കെട്ടു കഥകൾ ആക്കാനും കെട്ടുകഥകളെ യഥാർത്ഥ ചരിത്രമെന്ന് പുനസ്ഥാപിക്കാനുള്ള ശ്രമങ്ങൾ എക്കാലവും അവർ നടത്തിയിട്ടുണ്ട്.

നവോത്ഥാനസമരങ്ങളുടെ നേതൃത്വത്തിലും പങ്കാളിത്തത്തിലും സ്ത്രീകൾക്കുണ്ടായ അടയാള അദൃശ്യത പക്ഷേ ഹിന്ദുസമുദായ പരിഷ്കരണവു മായി ബന്ധപ്പെട്ട പുരോഗമന നിലപാടുകളെ പിന്തുണച്ച് പ്രവർത്തിച്ച സവർണ്ണ സ്ത്രീകൾക്ക് ഉണ്ടായില്ല. അതു അതുകൊണ്ടാണല്ലോ പാർവതി നെന്മേനി മംഗലവും പാർവതി മനാഴിയും ആര്യാ പള്ളവും ഒക്കെ കേരളത്തിലെ നവോത്ഥാന ചരിത്രത്തിൽ പേരുകളായെങ്കിലും ഇടം പിടിച്ചതും ഒരു കീഴാള സ്ത്രീയുടെ പേരു പോലും ആ ചരിത്രത്തിൽ ഇല്ലാതെ പോയതും. അടയാള പ്പെടുത്തപ്പെട്ട പേരുകൾ ചരിത്രത്തിന്റെ ഭാഗമായി അവശേഷിക്കുന്നതിൽ സന്തോഷം തീർച്ചയായു മുണ്ട്. എന്നാൽ രേഖപ്പെടുത്തപ്പെട്ടതു മാത്രമല്ല എന്നും അനാചാരങ്ങൾക്കും മതങ്ങൾക്കും ജാതി കൾക്കും വേണ്ടി കൊലചെയ്യപ്പെട്ട പതിനായിര ക്കണക്കിന് സ്ത്രീകളുടെ അടയാളപ്പെടാത്ത ആത്മത്യാഗങ്ങളുടേതുകൂടിയാണ്.

ഇക്കഴിഞ്ഞ കാലംവരെ സമുദായ പരിഷ്ക ർത്താക്കൾ എന്ന് അഭിസംബോധന ചെയ്യപ്പെട്ടി രുന്ന മഹാത്മാ അയ്യൻകാളിയെയും ശ്രീനാരായണ ഗുരുവിനെയും നവോത്ഥാന നായകർ എന്ന് തിരുത്തി വിളിക്കാൻ കാണിച്ച ആർജ്ജവത്തോടെ അടയാളപ്പെടാനനുവദിക്കാത്ത പെൺപോരാട്ട ങ്ങളെ പുനർവായനക്കെടുക്കുക തന്നെ ചെയ്യും പുതിയ കാലം എന്നതിന്റെ തർക്കരഹിതമായ സാക്ഷ്യപ്പെടുത്തൽ കൂടിയായിരുന്നു ശബരിമല സ്ത്രീ പ്രവേശന വിധിയെത്തുടർന്ന് കേരളം സാക്ഷ്യം വഹിച്ച സംഭവവികാസങ്ങൾ.

സമരങ്ങളിലും സാമൂഹ്യ ഇടപെടലുകളിലും സ്ത്രീകളുടെ പങ്കാളിത്തവും സജീവ നേതൃത്വവും ഉറപ്പുവരുത്താൻ എക്കാലവും ശ്രദ്ധിച്ചിരുന്ന നേതാ വാണ് ഡോ: അംബേദ്കർ. സമൂലമാറ്റങ്ങളിലേക്ക് സമൂഹത്തെ നയിക്കുവാൻ സ്ത്രീകൾക്കേ കഴിയൂ എന്നദ്ദേഹം ഉറപ്പിച്ചുപറയുകയും ചെയ്തു. 1927 ൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടന്ന മഹാഡ് സത്യാഗ്രഹത്തിൽ 25,000 സ്ത്രീകൾ പങ്കെടുത്തി രുന്നു. ആ വേദിയിൽ വെച്ചാണ് അദ്ദേഹം മനു സ്മൃതി കത്തിക്കുന്നത്. അതിനദ്ദേഹം പറഞ്ഞ കാരണമാണ് ശ്രദ്ധിക്കേണ്ടത്

'സ്ത്രീകൾക്കും ശൂദ്രർക്കും പരമ വിനാശ കാരിയായ നിയമം എന്ന നിലയ്ക്കാണ് ഞാൻ മനുസ്മൃതി കത്തിക്കുന്നത്.' സവർണ്ണ ഹിന്ദു വർഗീയത സൃഷ്ടിച്ചിരിക്കുന്ന കപടമായ ഹിന്ദു

സാമാന്യബോധം എത്തരത്തിലാണ് സമൂഹത്തെ അപകടപരമായി ബാധിച്ചിരിക്കുന്നത് എന്ന തിരിച്ചറിവ് ഈ ഒരു ഘട്ടത്തിലെങ്കിലും ഉണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്. ഹിന്ദു സാമാന്യബോധം ആണ് യഥാർത്ഥത്തിൽ ഹൈന്ദവ ഫാഷിസത്തിന് അടിസ്ഥാനം. ഇന്ത്യൻ പൗരബോധം അഥവാ ഇന്ത്യൻ സാമാന്യബോധം എന്നത് ഹിന്ദു സാമാന്യബോധമായി പരിവർത്തിപ്പിക്കാനുള്ള സംഘപരിവാറിന്റെ ജാഗ്രതയോടുകൂടിയുള്ള ശ്രമങ്ങളാണ് എക്കാലത്തും ഹൈന്ദവ ഫാഷിസം വളർത്തിയതും അതുവഴി ഇന്ത്യയിലെ സ്ത്രീകളുടെ ദലിതരുടെയും മുസ്ലിം ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെയും അതിജീവനവും മുന്നോട്ടുപോക്കും ആശങ്കയിലാഴ്ത്തിയതും. ദലിതർ ഹൈന്ദവതയുടെ കപട ചേർത്തുപിടിക്കലിൽ നിന്ന് കുതറിമാറിയാണ് അത്തരം ശ്രമങ്ങളെ ചെറുത്തു തോൽപ്പിച്ചത്.ക്രൈസ്തവ, മുസ്‌ലിം ന്യൂനപക്ഷങ്ങൾ തങ്ങളുടെ സ്വത്വബോധത്തിൽ ഉറച്ച രാഷ്ട്രീയ നിലപാടുകളിലൂടെയും അതിനെ പ്രതിരോധിച്ചു.

ഇന്ത്യയിലെ ജാതിവ്യവസ്ഥ എന്നത് ബ്രാഹ്മണകല്പിതമായ ചാതുർവർണ്യ വ്യവസ്ഥ തന്നെയാണ്. ജാതിവ്യവസ്ഥയുടെ രണ്ട് പ്രധാന ഇരകളാണ് സ്ത്രീകളും ദലിതരും. ജാതിവ്യവസ്ഥയെ ഒരു തലമുറയിൽ നിന്ന് അടുത്തതിലേക്ക് സംക്രമിപ്പിക്കുന്നത് സ്ത്രീയുടെ ഗർഭപാത്രമാകയാലാണ് അവർ  സ്ത്രീയെ തങ്ങളുടെ നിയന്ത്രണത്തിൽ ഒതുക്കി നിർത്താനുള്ള വ്യവസ്ഥകൾ ചെയ്തിരുന്നത്. ജാതിവ്യവസ്ഥയുടെ നിലനിൽപ്പിനെ ചോദ്യം ചെയ്യാനും ഇല്ലായ്മ ചെയ്യാനും ഉള്ള പ്രാപ്തി പുരോഗമനചിന്തയുള്ള സ്ത്രീയുടെ ഗർഭപാത്രത്തിനുണ്ട്  എന്ന അവരുടെ ജാഗ്രതയാണ് അത്തരത്തിലുള്ള പുരോഗമന ബോധ്യങ്ങളിലേക്ക് സ്ത്രീകൾ കടന്നുവരാനുള്ള സാഹചര്യങ്ങളെയെല്ലാം സൂക്ഷ്മതയോടുകൂടി  ഒഴിവാക്കി നിർത്തിയിരുന്നത്.

ജാതിവ്യവസ്ഥയുടെ നിലനിൽപ്പും സ്ത്രീകളും തമ്മിലുള്ള ബന്ധം കൃത്യമായി മനസ്സിലാക്കിയത് കൊണ്ടാണ് ഹിന്ദു കോഡ് ബില്ല് തയ്യാറാക്കിയപ്പോൾ ഹിന്ദു സമൂഹത്തിലെ സ്ത്രീകളുടെ തുല്യതയ്ക്കും അവസരസമത്വത്തിനും വേണ്ടിയുള്ള ഉപാധികൾ ഡോ.അംബേദ്കർ അതിൽ കൃത്യമായി ചേർത്തത്. സ്വത്തിന്മേലും ദായക്രമത്തിലും വിവാഹത്തിലും വിവാഹമോചനത്തിലും രക്ഷാകർതൃത്വത്തിലും ഉൾപ്പെടെ ജീവിതത്തിന്റെ സമസ്തമേഖലകളിലും സ്ത്രീക്ക് സമത്വവും സ്വാതന്ത്ര്യവും ഉറപ്പുവരുത്തുന്നതായിരുന്നു അദ്ദേഹം മുന്നോട്ടുവച്ച ഹിന്ദു കോഡ് ബിൽ.

പാരമ്പര്യവാദികളായ നെഹ്‌റുവും ഗാന്ധിയും ഉൾപ്പെടെയുള്ളവർ അതിനെ നിശിതമായി എതിർത്തു. അവരാണിന്ന് സ്ത്രീ അവകാശ പോരാളികൾ എന്നു വാഴ്ത്തപ്പെടുന്നത്!

ഹിന്ദു കോഡ് ബില്ലിനെ എതിർത്തുകൊണ്ട് ഗോൾവർക്കർ പറഞ്ഞത് അത് ഹിന്ദുസമുദായത്തെ ദുർബലപ്പെടുത്തും എന്നാണ്. എന്തൊക്കെ ഗുണഫലങ്ങൾ ഇന്നാട്ടിലെ സ്ത്രീകൾക്കും ജനങ്ങൾക്കും അതുമൂലമുണ്ടായാലും ശരി ഹിന്ദുസമുദായത്തിന്, ജാതിവ്യവസ്ഥയ്ക്ക്, ബ്രാഹ്മണ അധികാരത്തിന് അത് ദോഷം ചെയ്യുന്നെങ്കിൽ അത് വേണ്ട എന്നു പറയാൻ അവർക്ക് ഒരു കാലത്തും മടിയില്ലായിരുന്നു. ഹിന്ദു കോഡ് ബില്ലിന് എതിരെ മാത്രമല്ല ഇന്ത്യൻ ഭരണഘടനയ്ക്ക് നേരെയും കടുത്ത വിമർശനമുന്നയിക്കുകയും ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടതിന് ശേഷവും 'നമ്മൾ ഹിന്ദുക്കൾ ഭരണഘടനയെ അംഗീകരിക്കേണ്ടതില്ല. ഇന്ത്യ ഒരു മതനിരപേക്ഷ രാഷ്ട്രമല്ല. ഇന്ത്യക്ക് ഒരു ഔദ്യോഗിക മതം ഉണ്ട് അത് ഹിന്ദുമതമാണ്. ഹിന്ദുമതത്തിന് ഒരു ഭരണഘടനയുണ്ട്, അത് മനുസ്മൃതിയാണ്. ഇന്ത്യയുടെ ഔദ്യോഗിക മതമായ, ഹിന്ദുമതത്തിന്റെ ഭരണഘടനയായ മനുസ്മൃതിയാണ് ഭരണഘടനയായി അംഗീകരിക്കേണ്ടത്' എന്നുപറഞ്ഞ ഗോൾവർക്കർ ഹിന്ദു കോഡ് ബില്ലിനെ എതിർത്തതിൽ അതിശയം വിചാരിക്കേണ്ട കാര്യമില്ല!

എന്തായാലും ഹിന്ദുകോഡ് ബിൽ പാസാക്കപ്പെട്ടില്ല. രാജ്യത്തെ സ്ത്രീകളുടെ ജീവിതത്തെ ഏറ്റവും ഗുണപരമായി പരിവർത്തിപ്പിക്കാൻ കഴിയുമായിരുന്ന ഏറ്റവും മഹത്തായ പദ്ധതിയുടെ നിരാശാജനകമായ അന്ത്യം കൂടിയായിരുന്നു അത്. നിയമനിർമ്മാണസഭ അംഗത്വം രാജിവച്ചു ഡോക്ടർ അംബേദ്കർക്ക് പിൻവാങ്ങേണ്ടിവന്നു. രാജ്യം ഇന്ന് അഭിമുഖീകരിക്കുന്ന അസഹിഷ്ണുതയ്ക്കും അസ്വസ്ഥതയ്ക്കും രാഷ്ട്രീയമായ പ്രതിവിധി ആവേണ്ടിയിരുന്ന, പൂർവ്വപരമാതൃകകളില്ലാത്ത താരതമ്യരഹിതമായ ഹിന്ദു കോഡ് ബിൽ അംഗീകരിക്കപ്പെടാതെ പോകയാൽ രാജ്യം നേരിടാൻ പോകുന്ന വലിയ ദുരന്തത്തെ പറ്റി അദ്ദേഹം കൃത്യമായി എഴുതിവച്ചിരുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ തന്നെ ഉദ്ധരിക്കട്ടെ, 'മേൽത്തട്ട് കീഴ്ത്തട്ട് ബന്ധങ്ങളെ, വർഗവംശ വൈരുദ്ധ്യങ്ങളെ, ലിംഗലൈംഗിക ഭിന്നതകളെ, അവയെ അടിസ്ഥാനമാക്കിയുള്ള അസമത്വങ്ങളെ എല്ലാം സൃഷ്ടിച്ചത് സവർണ്ണ ഹൈന്ദവ സംഹിതയാണ്. .ഇവ വരുംകാലത്ത് നിയമവ്യവസ്ഥയെ തന്നെ വെല്ലുവിളിക്കും. ഭരണഘടനയുടെ ഫലദായകമായ സംവേദനശക്തിക്കുമുന്നിൽ പ്രഹേളികയായി മാറും. 'എത്ര ദീർഘവീക്ഷണത്തോടെയാണ് അദ്ദേഹം രാജ്യം ഇന്ന് നേരിടുന്ന പ്രതിസന്ധിയെ അന്നേ കണ്ടത് എന്നറിയുമ്പോളാണ് ഡോക്ടർ അംബേദ്കറുടെ ആശയങ്ങളും ദർശനങ്ങളും ഭരണഘടനയ്ക്ക് നൽകേണ്ടുന്ന അധിക മൂല്യത്തിനുള്ള രാഷ്ട്രീയ പ്രസക്തിയും പുനർവിചിന്തനം ചെയ്യേണ്ടത് അനിവാര്യമായി മാറുന്നത്.

■



**മൃദുലാദേവി ശശിധരൻ**
എഴുത്തുകാരി, പ്രക്ഷോഭക
പത്രാധിപസമിതിയംഗം,
പാഠഭേദം മാസിക

# പ്രളയാനന്തര ദലിത് ജീവിതത്തിന്റെ ചില നേർക്കാഴ്ച്ചകൾ



മഹാപ്രളയം കേരളത്തെ ഒന്നാകെ തളർത്തുകയും, തകർക്കുകയും ചെയ്തു. സ്വാതന്ത്ര്യാനന്തരം കാര്യമായൊന്നും കൂട്ടിപ്പിടിക്കാൻ ഇല്ലാതിരുന്ന ദലിത് ജനവിഭാഗങ്ങൾക്കു കടന്നു പോയ പ്രളയം കൂടുതൽ ദുരിതക്കയങ്ങൾ ആണ് നൽകിയത്. ഒലിച്ചുപോയ ആദിവാസിമേഖലകളെപ്പറ്റി കൃത്യമായ കണക്കു ഇതുവരെയും ലഭ്യമല്ല. അപ്പർ കുട്ടനാട് ഏറെക്കുറെ പൂർണമായും പ്രളയ ബാധിതമായി എന്നത് കാർഷിക സമ്പദ്‌വ്യവസ്ഥയെയും, ഭക്ഷ്യമേഖലയെയും നന്നായി ബാധിച്ചു. പ്രളയം ബാധിച്ചതിനെ സമുദായികമായിക്കൂടി വിലയിരുത്തേണ്ടതുണ്ട്. ഒരു സമൂഹവും ഓരോ തരത്തിലാണ് പ്രളയാനന്തര ജീവിതത്തെ നേരിട്ടത്. സാമുദായികമായി ശാക്തീകരണം നേടിയ സമൂഹങ്ങൾ സ്വന്തം നിലയിൽ പ്രളയം ബാധിച്ചവരെ സഹായിച്ചു. ആദ്യഘട്ടങ്ങളിൽ എല്ലാവരും, എല്ലാവരെയും സഹായിച്ചു. പിന്നീട് ക്യാമ്പുകളിൽ എത്തിയപ്പോൾ കൃത്യമായ രീതിയിൽ ക്യാമ്പുകൾക്കുള്ളിൽ തന്നെ ജാതിക്കോളനികൾ രൂപം കൊണ്ടു. ആലപ്പുഴ, പള്ളിപ്പാട് ദുരിതാശ്വാസ ക്യാമ്പ് ഒക്കെ ഇത്തരത്തിൽ വലിയ വിവാദം ആയ ക്യാമ്പുകൾ ആയിരുന്നു.

പ്രളയദിവസങ്ങളിലുണ്ടായ ആർത്തവം ആണ് സ്ത്രീകളെ ഏറെ ബുദ്ധിമുട്ടിച്ചത്. എല്ലാം നഷ്ടപ്പെട്ടു ക്യാമ്പുകളിൽ എത്തിയവർ നാപ്കിനുകൾ ഇല്ലാതെ നാലഞ്ച് ദിവസം വിഷമിച്ചു. കാണാതായവരെ കണ്ടെത്തുക എന്നുള്ളതായിരുന്നു പ്രഥമ പരിഗണനയിൽ ഉണ്ടായിരുന്നത്. അതിനാൽ രക്ഷാപ്രവർത്തനത്തിന് പോയവർ നാപ്കിനുകൾ എത്തിച്ചിരുന്നില്ല. ക്യാമ്പിൽ ചെന്ന് സ്ഥിതി മനസ്സിലാക്കിയപ്പോഴും, കുടുങ്ങിക്കിടന്ന സ്ത്രീകളെ കണ്ടെത്തിയപ്പോഴുമാണ് അവരുടെ അവസ്ഥ എത്രമേൽ ദുരിതപൂർണം ആണെന്ന് പുറം ലോകം അറിഞ്ഞത്. ഉറ്റവർ നഷ്ടപ്പെടുന്ന വാർത്തയ്ക്കിടയിലും സന്നദ്ധസംഘങ്ങൾ നാപ്കിനുകൾ എത്തിച്ചുകൊണ്ടിരുന്നു. മിക്കയിടങ്ങളിലും തുടർച്ചയായുള്ള രക്തസ്രാവം മറച്ചു വയ്ക്കാൻ കഴിയാഞ്ഞത് സ്ത്രീയെ മാനസികമായും, ശാരീരികമായും ഏറെ തളർത്തി. കടുത്ത വിഷാദ രോഗത്തിലേയ്ക്കും ചിലർ വീണുപോയി. പ്രളയം കഴിഞ്ഞപ്പോൾ ആ പ്രളയം തകർത്തത് സ്ത്രീയുടെ ഗർഭാശയത്തെ കൂടിയായിരുന്നു.

പ്രളയശേഷം ആദ്യത്തെ തകർച്ചയിൽ നിന്നും കരകയറിയ ശേഷം പിന്നീട് എല്ലാവരും നഷ്ടപ്പെട്ട ആരോഗ്യം വീണ്ടെടുക്കുവാനുള്ള മാർഗ്ഗങ്ങൾ തുടങ്ങി. ഭക്ഷണക്രമീകരണവും, ഹെൽത്ത് ചെക്ക് അപ്പും ഒക്കെയായി മുന്നോട്ട് പോയി. ഇതിൽ പരാജയപ്പെട്ടുപോയത് ഏറ്റവും താഴെത്തട്ടിലുള്ള ദലിത് സ്ത്രീകൾ ആണ്. ഭർത്താവ് പണി ചെയ്തുകൊണ്ടിരുന്ന കൃഷിയിടം ഒലിച്ചുപോയി. സ്വന്തമായി വേല ചെയ്യാൻ ഭൂമിയില്ല. തിരിച്ചറിയൽ കാർഡ് അടക്കമുള്ള വസ്തുക്കൾ പ്രളയത്തിൽ നഷ്ടമായി. മക്കൾക്ക് പഠിക്കണം. ഗർഭപാത്രങ്ങൾക്കു കേടുണ്ടോ എന്ന വിദഗ്ധ പരിശോധയ്ക്കു പോയില്ല. ഉണ്ടെന്നറിഞ്ഞാലും ചികിത്സിക്കാൻ പണമില്ല. പോഷകാഹാരം കഴിച്ചു വിശ്രമിക്കാനുള്ള സാമ്പത്തിക അവസ്ഥയുമില്ല. അതിനാൽ പതിയെ ജീവിതം ക്രമപ്പെടുത്താനായി കുറെ ദൂരെയുള്ള വീടുകളിൽ



അംബിക തങ്കപ്പൻ

പണിക്കു പോയിത്തുടങ്ങി. സർക്കാർ സഹായം കിട്ടുന്നത് വരെ ജീവിക്കണം. പെട്ടെന്ന് തൊഴിൽ നഷ്ടപ്പെട്ട വീട്ടുകാരെ മാനസികമായും ശക്തി പ്പെടുത്തേണ്ടതുണ്ട്. യൂട്രസ് സംബന്ധമായ അസുഖങ്ങൾ ഉണ്ടാവാം. അടഞ്ഞു തീരേണ്ട വായ്പകളുടെ കണക്കിനും, നിത്യജീവിതചിലവി ന്റെയും മുൻപിൽ അതൊക്കെ  മാറ്റിവച്ച ഒരു കൂട്ടം പെണ്ണുങ്ങൾ. ഒരു ലോകാരോഗ്യ സംഘടനയു ടെയും കണക്കെടുപ്പിൽ ആ ജീവിതങ്ങൾ കടന്നു വരുന്നേയില്ല.അത്തരം ജീവിതങ്ങളെക്കൂടി ചേർത്ത് വേണം പ്രളയാനന്തര കേരളം മുന്നോട്ട് പോകുവാൻ.

ഇത് അംബിക തങ്കപ്പൻ. കൊച്ചിൻ എയർ പോർട്ടിലെ കോൺട്രാക്ട് ജീവനക്കാരി ആയ അംബികയും രണ്ടാണ്മക്കളും അതിനടുത്തു തന്നെയാണ് താമസവും. ഇളയമകൻ അരുണും അവിടെത്തന്നെ കോൺട്രാക്ട് ജീവനക്കാരനാണ്. ബി. ടെക് ബിരുദധാരിയാണ് അരുൺ. മൂത്തയാൾ കോച്ചിംഗ് സെന്ററിൽ പഠിക്കുന്നു. അംബിക എന്ന ത്തേയും പോലെ ജോലി കഴിഞ്ഞു വന്നപ്പോളാണ് പെട്ടെന്ന് എല്ലായിടത്തും വെള്ളം കയറുന്നതായി അറിഞ്ഞത്. വേഗം അരുണിനെ വിളിച്ചു വിവരം അറിയിച്ചു. മോട്ടോർബൈക്കിൽ രണ്ടര മണിക്കൂർ കൊണ്ടാണ് അരുണിന് വീട്ടിൽ എത്താൻ സാധിച്ചത്. ആദ്യം നോക്കിയത് മെസ്സി എന്ന പ്രിയപ്പെട്ട നായ്ക്കുട്ടിയെയാണ്. കുഴപ്പമില്ല എന്ന് കണ്ടു. വീട്ടിലുള്ള വിലപ്പെട്ട സാധനങ്ങൾ മുകളിലേയ്ക്കു കയറ്റിവച്ചു. അംബികയെ അടുത്തുള്ള ക്യാമ്പിൽ എത്തിച്ച ശേഷം അരുണും, സഹോദരനും രക്ഷാപ്രവർത്തന ത്തിന് ഇറങ്ങി. പ്രായമായവരെ ക്യാമ്പിൽ എത്തിക്കുക എന്നതായിരുന്നു പ്രധാന മായും ചെയ്തത്. മറ്റൊന്നും ചെയ്യാ നാവുമായിരുന്നില്ല. ഈ സമയം കൊണ്ട് അരുണിന്റെ വീടും വെള്ളത്തിൽ മുങ്ങി. മെസ്സിയെയും കാണാനില്ല. ഒരിക്കലും അങ്ങോട്ടേയ്ക്ക് വെള്ളം കയറില്ല എന്ന് ഉറപ്പുണ്ടായിരുന്നു. പക്ഷെ ഈ പ്രളയം അതും തെറ്റിച്ചു. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയ ഓഗസ്റ്റ് 15ന് ആയിരുന്നു ഈ സംഭവം നടന്നത്. എയർപോർട്ടിലും വെള്ളം കയറി. സിയാൽ മുങ്ങിത്തുടങ്ങി. അന്താരാഷ്ട്ര വിപണിയെയാണ് അത് ബാധിച്ചതും.

ക്യാമ്പിൽ ആയിരുന്നു പിന്നീടുള്ള ദിവസങ്ങൾ. അരുൺ ഇടയ്ക്ക് വെള്ളം കുറഞ്ഞപ്പോൾ മെസ്സിയെ തിരക്കി ഇറങ്ങി. ഏറെ അന്വേഷിച്ചെങ്കിലും കണ്ടു കിട്ടിയില്ല. അത്രമേൽ ഓമനിച്ചു വളർത്തിയ മെസ്സിയെ കാണാതായത് എല്ലാവരെയും തളർത്തി. ക്യാമ്പിൽ നിന്നും വന്ന അംബിക വെള്ളം എത്രത്തോളം കയറി എന്ന് നോക്കി. മുറ്റത്തു ഭിത്തിയോട് ചേർത്ത് കെട്ടിയിരുന്ന അയയിൽ തൂക്കിയിട്ട തുണികൾ ഒക്കെ ചേറിൽ കുഴഞ്ഞി രുന്നു. അത്രയും പൊക്കത്തിൽ വെള്ളം നിറഞ്ഞു എന്ന് ഏകദേശ ധാരണ കിട്ടി. വീട് മുഴുവൻ ചെളിയിൽ കുതിർന്നിരുന്നു. പിന്നീടുള്ള ദിവസ ങ്ങളിൽ വീടും, പാത്രങ്ങളും, വസ്ത്രങ്ങളും വൃത്തിയാക്കുകയായിരുന്നു ചെയ്തത്. മാസ ങ്ങളെടുത്താണ് അത് ചെയ്തു തീർത്തത്. പ്രളയസമയങ്ങളിൽ ആയിരുന്നു ഓണം വന്നത്. ആ ഓണം ഒരിക്കലും മറക്കാനാവാത്ത അനുഭവം ആയിരുന്നു എന്ന് അംബിക പറയുന്നു. എല്ലാ ഓണവും ആഘോഷിച്ചിരുന്ന അംബികയ്ക്ക് ഈ ഓണത്തിന് ഒരു ബോട്ടിൽ വെള്ളവും, ഒരു പാക്കറ്റ് ബ്രെഡും മാത്രമാണുണ്ടായിരുന്നത്. മക്കൾ അടുത്തില്ലായിരുന്നു. സ്വന്തം വീട് മുങ്ങിയിട്ടും അവർ രക്ഷാപ്രവർത്തനങ്ങളിൽ ആയിരുന്നു. തൊണ്ടയിൽ നിന്നും അത് ഇറക്കുമ്പോൾ കണ്ണിൽ നിന്നും വെള്ളം ഒഴുകുകയായിരുന്നെന്നു അവർ പറഞ്ഞു. സിംഗിൾ പേരന്റ് ആണ് അംബിക. ഏറെ ആഘാതങ്ങൾ ഈ പ്രളയം അവരിൽ ഉണ്ടാക്കി. മക്കളുടെ ബുക്കുകൾ ഒക്കെ നനഞ്ഞുപോയി. കമ്പ്യൂട്ടറും, മിക്സിയും, ഫാനും, മെത്തയും അടക്കം എല്ലാം നശിച്ചു. പതിയെ എയർപോർട്ടിൽ പോയി തുടങ്ങി. അവിടെ നിറയെ വെള്ളം ആയിരുന്നു. 800 സ്ഥിരം ജീവനക്കാരും, 400 ഇതര

സംസ്ഥാന തൊഴിലാളികളും 200000 മണിക്കൂർ ജോലി ചെയ്താണ് എയർപോർട്ടിന് സാധാരണ നിലയിലേയ്ക്കു കൊണ്ടുവന്നത്. അതിനിടയ്ക്ക് സന്തോഷമായത് മെസ്സി മടങ്ങിവന്നപ്പോഴാണ്. കുറെ ദൂരെ ഒരിടത്തു നിന്നും കണ്ടെത്തുക യായിരുന്നു. ആദ്യം മെസ്സി വീട് തിരിച്ചറിഞ്ഞില്ല. ഭക്ഷണം ഇറക്കാൻ പറ്റുന്നുണ്ടായില്ല. അംബിക വിളിച്ചപ്പോൾ വാലാട്ടി. ഒരാഴ്ചയോളം ബിസ്ക്കറ്റ് വെള്ളത്തിൽ കുതിർത്തു കൊടുത്തു. പതിയെ പതിയെ ആണ് കട്ടിയുള്ള ഭക്ഷണം കഴിച്ച് തുടങ്ങിയത്. ജീവിതത്തെ പതിയെ പതിയെ മക്കളും, അയൽക്കാരുമായി ചേർന്നു അംബിക തിരിച്ചു പിടിക്കുകയായിരുന്നു. പെട്ടെന്നുണ്ടായ പ്രളയം അവരെ മാനസികമായി തകർത്തു. പക്ഷെ വീട് വൃത്തിയാക്കിയും, എയർപോർട്ട് വൃത്തി യാക്കിയും അവർ ഓർമകളിൽ നിന്നും വിട്ടു നിന്നു. ക്യാമ്പിൽ നിന്നും കിട്ടിയ ആഹാരം സാധനങ്ങൾ കൊണ്ട് ആദ്യമൊക്കെ നീക്കി. പതിനെട്ട് ദിവസം കഴിഞ്ഞാണ് ജോലിക്കു പോകാൻ കഴിഞ്ഞത്. സർക്കാർ സഹായം വൈകിയാണ് കിട്ടിയത്. ക്യാമ്പിൽ നിന്നും കിട്ടിയ സഹായങ്ങൾ കൊണ്ട് കഴിഞ്ഞു.

വീട് വൃത്തിയാക്കാനൊന്നും ആരെയും നിർത്തിയില്ല. അംബികയും മക്കളും ചേർന്ന് ചെയ്തു. എയർപോർട്ട് ജോലി കഴിഞ്ഞു വന്ന് അംബിക വിശ്രമിക്കാതെ വീട് വൃത്തിയാക്കി എടുത്തു. വിശ്രമം ഇല്ലാത്ത ജോലി അംബികയെ ശാരീരികമായും തളർത്തി. ഇപ്പോൾ എല്ലാത്തിൽ നിന്നും ഒരുവിധം മോചനം ആയി. സർക്കാരിന്റെ പതിനായിരം രൂപ ധനസഹായം കിട്ടി. കുടുംബ ശ്രീക്കാർ സഹായിച്ചു. പ്രളയം തന്ന ആഘാ തത്തെ ഇച്ഛാശക്തി കൊണ്ട് മറികടന്നു മുന്നോട്ട് പോകുന്നു.

■


# പോരാട്ടങ്ങളുടെ ഊർജ്ജശക്തി - ദാക്ഷായണി വേലായുധൻ (1912-1978)



ദാക്ഷായണി വേലായുധൻ

ഇന്ത്യയിൽ പട്ടിക ജാതി വിഭാഗത്തിൽ നിന്നുള്ള ആദ്യ ബിരുദധാരിണിയും, ഭരണ ഘടന നിർമ്മാണ സഭ യിലേയ്ക്ക് തിരഞ്ഞെടുക്ക പ്പെട്ട പതിനഞ്ചു വനിതകളിൽ ഒരാളുമായിരുന്ന ദാക്ഷാ യണി വേലായുധൻ 1912 ജൂലൈ നാലിന് മുളവുകാടാണ് ജനിച്ചത്. സാമൂ ഹിക പരിഷ്കർത്താവായ കെ പി വള്ളോന്റെയും, രാജ്യസഭാ അംഗവും, എട്ടാം നിയമ സഭാ അംഗവും ആയിരുന്ന കെ കെ മാധവന്റെയും സഹോദരി ആയിരുന്നു. കൊച്ചിയിൽ പട്ടിക ജാതി വിഭാഗത്തിൽ നിന്നും ആദ്യമായി മെട്രിക്കുലേഷൻ പാസ്സായ ദാക്ഷായണി വേലായുധൻ മഹാരാജാസ് കോളേജിൽ നിന്നുമായിരുന്നു ബിരുദം എടുത്തത്. കൊച്ചി സർക്കാരിന്റെ സ്കോളർഷിപ്പോടെ ടി ടി സി കോഴ്സ് പാസ്സായി.1945 വരെ തൃശൂരും പിന്നെ തൃപ്പൂണിത്തുറയിലും അധ്യാപികയായി ജോലി നോക്കി. 1945 ൽ ഇൻഡ്യയുടെ ഭരണ ഘടന രൂപീ കരണ സമിതിയിലേക്ക് നാമ നിർദേശം ചെയ്യപ്പെട്ടു. 1946 മുതൽ, 1952 വരെ കോൺസ്റ്റിറ്റുവന്റ് അസ്സം ബ്ലിയിലും, പ്രൊവിഷണൽ പാർലമെന്റിന്റെ അംഗ മായും പ്രവർത്തിച്ചു. ഭരണ ഘടനാ സമിതിയി ലേക്ക് തിരഞ്ഞെടുക്കപ്പെട്ട ആദ്യ ദലിത് സ്ത്രീ യായിരുന്നു ദാക്ഷായണി വേലായുധൻ. 1971 ലെ പൊതു തിരഞ്ഞെടുപ്പിൽ അടൂർ പാർലമെന്റ് നിയോജക മണ്ഡലത്തിൽ നിന്നും മത്സരിച്ചു പരാ ജയപ്പെട്ടു. എൽ ഐ സി യിൽ ഇൻഫർമേഷൻ ഉദ്യോഗസ്ഥയായി ജോലി നോക്കിയിരുന്നു. മഹിളാ ജാഗ്രിതി പരിഷത്ത് എന്ന പേരിൽ അഖി ലേന്ത്യ ദലിത് സംഘടന ഉണ്ടാക്കി. പ്രമുഖ നേതാ വായ ആർ വേലായുധനുമായുള്ള വിവാഹം വാർധ യിൽ വച്ച് മഹാത്മാ ഗാന്ധിയുടെയും കസ്തൂ ർബാ ഗാന്ധിയുടെയും സാന്നിധ്യത്തിൽ നടന്നു. 1948 നവംബർ 29നു ജാതിയുടെ അടിസ്ഥാ നത്തിൽ വിവേചനം നിരോധിക്കുന്നതിനെതിരെ ലക്ഷ്യം വച്ച അനുച്ഛേദം പതി നൊന്നിനെക്കുറി ച്ചുള്ള ഭരണ ഘടനാ സമിതിയിലെ ചർച്ചയിൽ ദാക്ഷായണി വേലായുധൻ തന്റെ വാദമുഖങ്ങൾ നിരത്തുകയുണ്ടായി. ജാതി വിവേചനത്തെ അപലപിക്കാനുള്ള പ്രമേയം ഭരണഘടനാ സമിതി അംഗീകരിക്കുകയാണെങ്കിൽ അത് പൊതു സമൂഹത്തിനുള്ള മഹത്തായ സൂചനയാകുമെന്നും ചൂണ്ടിക്കാട്ടുകയുണ്ടായി. അഞ്ചുമക്കൾ ഉണ്ട്. മൂത്തമകൻ രഘൂത്തമൻ മുൻ പ്രധാന മന്ത്രി ഇന്ദിരാ ഗാന്ധിയുടെ മെഡിക്കൽ ടീമിൽ അംഗ മായിരുന്നു. മീരാ വേലായുധൻ, പ്രഹ്ലാദൻ, ഭഗീ രഥൻ, ധ്രുവൻ എന്നിവരാണ് മറ്റുമക്കൾ. ചരിത്ര കാരിയും, സ്കോളറുമായ മീരാ വേലായുധൻ ദേശീയ തലത്തിൽ മനുഷ്യാവകാശ പ്രവർത്തന ങ്ങളിൽ സജീവമായി ഇടപെടലുകൾ നടത്തുന്നു. ഇന്ത്യൻ ദലിത് ഫെമിനിസ്റ്റ് ചിന്താധാരയിലെ പ്രഗത്ഭ വ്യക്തിത്വം ആയ ദാക്ഷായണി വേലായു ധൻ 1978 ജൂലൈ 20 നു ഡൽഹിയിൽ അന്തരിച്ചു.

കഥ



**ഷബ്ന മറിയ**
അവതാരക,

# സുബർക്കത്തിലെ ഹൂറി

**ഹ**യ്റുന്നിസ, വയസ്സ് 22, സുന്ദരി, ദീനി, 175സെ.മീ. ഇക്കണോമിക്സിൽ ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്നു. ഭാര്യയാകാൻ പോകുന്ന പെൺകുട്ടിക്ക് സ്വർഗ്ഗം തരാൻ കെൽപ്പുള്ളവനായിരിക്കണം വരൻ. വിദ്യാസമ്പന്നർക്ക് മുൻഗണന. ഇതൊരു കല്ല്യാണപ്പരസ്യമാണ്.

ഒരു സുബർക്കത്തെപ്പറ്റിയുള്ള ഓർമ്മയാണ് നബീസക്ക് ഹയ്റൂനെപ്പറ്റിയുള്ള ആദ്യ ഓർമ്മ. അതെന്താന്നായിരിക്കും ല്ലേ.. അതും ഒരു പെണ്ണിനെപ്പറ്റി. ന്നാ ബാക്കീം കൂടി വായിക്ക്. കടിഞ്ഞൂൽ പ്രസവം മറക്കാൻ പറ്റുന്ന  ഏതേലും പെണ്ണുണ്ടോ ഈ ദുനിയാവില്. കുഞ്ഞിനെ കാണാൻ ആറ്റുനോറ്റിരിക്കുമെങ്കിലും ഒരു മരണവെപ്രാളം നാലഞ്ച് മാസം കഴിയുമ്പം തുടങ്ങും. അങ്ങനെ ഒക്കെത്തന്നെയായിരുന്നു നബീസാന്റെയും ഗർഭാവസ്ഥ. നെല്ലിക്കേം ചാമ്പക്കേം തിന്നുകൊണ്ടിരിക്കയാണെങ്കിലും നെഞ്ചിനുള്ളില് വല്ലാത്തൊരാളല്, ഒരു നെഞ്ചുറപ്പില്ലായ്ക. പക്ഷേ ഒന്നും വേണ്ടി വന്നില്ല എന്ന് പറഞ്ഞാ മതിയല്ലോ. ഏഴാംമാസം പെട്ടെന്ന് നബീസക്ക് കടുത്ത ഒരു വയറുവേദന വന്നു. രണ്ട് വീട്ടുകാരും പരിഭ്രാന്തരായി. സിസേറിയൻ ഒട്ടും ഫാഷനായിത്തുടങ്ങിയിട്ടില്ലാത്ത കാലമാണെന്ന് ഓർക്കണം. കുറച്ച് പ്രശ്നങ്ങളുള്ളതു കാരണം തള്ളക്കോ കുഞ്ഞിനോ വല്ലതും വന്നാലോ എന്ന ഉത്കണ്ഠയിൽ ചികിത്സിച്ച മേരി ഡോക്ടർ സിസേറിയൻ ആക്കാന്ന് തീരുമാനിച്ചു. മനസ്സില്ലാമനസ്സോടെ എല്ലാരും അതിന് സമ്മതിച്ചു. അതിന് വേണ്ടി വയറൊക്കെ കഴുകി ഓപ്പറേഷൻ തിയേറ്ററിൽ വരെ കയറ്റി. നേർച്ചകളുടെ ബഹളം വേറെ. നബീസാന്റെ ഉമ്മ തന്നെ നേർന്നു

രണ്ട്ചാക്ക് അരി മഖാമിലേക്ക്. ഉള്ള കുടുംബക്കാര് മൊത്തം ആസ്പത്രീലുണ്ട്. നബീസക്ക് ആ സമയത്ത് അൽപ്പം ബോധമില്ലായ്മ പോലുണ്ടായിരുന്നു. ചുറ്റും എന്തൊക്കെയോ നടക്കുന്നു എന്ന് മാത്ര മറിയാം. അന്നേരമാണ് എല്ലാരേം അൽഭുതപ്പെടുത്തിക്കൊണ്ട് ഒരെലിക്കുഞ്ഞിനെപ്പോലെ മൂത്രമൊഴിക്കുന്നത്ര വേഗത്തിൽ ഹയ്റു പുറത്തു വന്നത്. പ്രസവത്തിന്റെ വേദന എന്താന്നുകൂടി നബീസ അറിഞ്ഞില്ല. ഇതാണോപ്പം മരണത്തിനും ജീവിതത്തിനും ഇടയിലുള്ള പോരാട്ടം എന്നൊക്കെ പറഞ്ഞത്ആള് എല്ലാരോടും ചോദിച്ചു. പിന്നെ എങ്ങനെ ഓർക്കാതിരിക്കും സ്വർഗ്ഗത്തെപ്പറ്റി.. വളർച്ചയില്ലാത്ത കുഞ്ഞാന്ന് പറഞ്ഞിട്ട് കാര്യം ഇല്ല. കുഞ്ഞ് ചിരിച്ചുകൊണ്ടേയിരുന്നു. നല്ല മാലാഖച്ചിരി. നബീസാന്റെ വാപ്പ മോളുടെ ചെവിയിൽ പേര് വിളിച്ചു.

ഹയ്റുന്നിസ.. മ്മളെ ഹയ്റൂന് വയറിന്റെ വലതുഭാഗത്തായി ഒരു മറുകുണ്ട്. പെറ്റുവീണപ്പം തന്നെ ഉള്ളതാണ്. നല്ല രസാണ് അത് കാണാൻ. ചെറുപ്പത്തില് ആ മറുകില് ഇക്കിളിയാക്കി നബീസ മെല്ലെ വിളിക്കും സ്വർഗ്ഗപൂവീന്ന്. വലുതായിട്ടും ദിവസവും ഒരു വട്ടമെങ്കിലും സ്നേഹത്തോടെ പറയും ന്റെ സ്വർഗ്ഗപൂവിയാണ് ഓളെന്ന്. വല്ല്യുമ്മയാണെങ്കിൽ എപ്പോം കളിയാക്കും പെറ്റതല്ല, തൂറിയതാണ് ഓളെയെന്ന്. വലുതായതിന് ശേഷം അവളത് കോൾക്കുമ്പോ ദേഷ്യം കൊണ്ട് ചുവക്കും.

വല്ലാതെ സ്നേഹിച്ചും കൊഞ്ചിച്ചുമാണ് നബീസേം കെട്ടിയോൻ മുഹമ്മദ്കോയേം (മേലെപുരയ്ക്കൽ ഇമ്പിച്ചിക്കോയയുടെ മൂന്നാമത്തെ മോൻ, ഇങ്ങനെ പറയാൻ കാരണം അയാൾ എന്ത് പറയുമ്പോഴും വാപ്പയുടെ പേരും തറവാട്ടു മഹിമേം കൂടെക്കൂട്ടിയിരുന്നു.) മോളെ വളർത്തിയത്. മോളുടെ നല്ല ഭാവി വിചാരിച്ച് മാത്രാണ് നാട്ടിലുള്ളതൊന്നും പോരാതെ അയാൾ പ്രവാസിയായത്. അയാള് മാത്രം അവളെ ഉമ്മുക്കൊൽസു എന്നാണ് സ്നേഹത്തോടെ വിളിക്കുക. നാട്ടിലുള്ള ഹയ്റൂന്റെ പ്രായത്തിലുള്ള പെൺകുട്ടികളേക്കാളൊക്കെ തന്റെ മോള് എന്നും മുന്നില് നിക്കണമെന്നത് അയാൾക്കെന്നും നിർബന്ധവും വാശിയുമായിരുന്നു. അതിനായി എന്ത് സഹായോം അയാൾ ചെയ്ത് കൊടുക്കും. എല്ലാ വിളിയിലും പറയും.ന്റെ ഉമ്മോ ഞ്ഞ് ശ്രദ്ധിച്ചോളണേ.. ഇതിലാണ് മ്മളെ എല്ലാം കിടക്കുന്നെ.. വാക്ക്, നോക്ക്, പ്രവൃത്തി. അതാണ് ഒരാക്ക് ഉണ്ടാവേണ്ടത്. പ്രത്യേകിച്ച് പെണ്ണ്ങ്ങൾക്ക്. അത്ണ്ടെങ്കില് പൊന്നും പണോം ഒന്നും വേണ്ട. അത് ഞ്ഞ് എപ്പളും ഓർത്തോളണം ട്ടോ...രണ്ടാമത്തോൻ അസ്ലമനോട് അത്ര താൽപ്പര്യമില്ലെന്നാണ് കുടുംബക്കാര് തന്നെ പറയാറ്. ഓരോ രാത്രിയും നബീസ അള്ളാനോട് കേഴും ഇതൊക്കെ എന്നും ഇങ്ങനെത്തന്നെ നിലനിൽക്കണെ പടച്ച റബ്ബേ..

ഹയ്റു പത്താംക്ലാസ് കഴിഞ്ഞസമയത്ത് വീടൊക്കെയുണ്ടാക്കി മുഹമ്മദ് ഇത്തിരി ഞെരുക്കത്തിലായിരുന്നു. എന്നിട്ടും അത്തവണത്തെ വരവിന് കുറച്ച് കടം വാങ്ങിയാണെങ്കിലും കാലില് വരെ പൊന്നിടീച്ചാണ് അയാള് തിരിച്ച്പോയത്.ഓളെ മൊഞ്ച് കണ്ടാ എല്ലാർക്കും ഷ്ട്ടാവും, അതൊക്കെ ശര്യാ.. പക്ഷേ നല്ലോര് കുടുംബക്കാര് കാണുമ്പം അടക്കോം ഒതുക്കോം മാത്രം പോര.. മേലെപുരയ്ക്കലെ എന്ന് പറയുമ്പോ അതിന്നനുസരച്ച് ഒരു ഗുമ്മുണ്ടാവണം. ഈ പൈസല്ലാത്ത സമയത്ത് ഇതെല്ലാം വേണ്ടിയിരുന്നോഎന്ന് ചോദിച്ച ഭാര്യയോട് ആള് പറഞ്ഞു. ഞ്ഞ് മുണ്ടാണ്ട് ന്റെ പാട് നോക്ക് ട്ടോ.. എന്നായാലും നല്ലോര് വഴിക്ക് പറഞ്ഞയക്കേണ്ടതല്ലെ. മുഹമ്മദ് പോകാനിറങ്ങുമ്പം നബീസയോട് പറഞ്ഞു. പുയ്യാപ്ല പോകുന്നതിന്ന് കരഞ്ഞ കൂട്ടത്തില് മൂപ്പത്തി മോള് കല്ല്യാണം കഴിച്ച് പോകുന്നതോർത്തും കരഞ്ഞു. ഒക്കെ ഒരു യോഗാ... എവടാ എത്തിച്ചേരാന്ന് ആർക്കറിയാ. എന്തായാലും ഒരിക്കൽ പെണ്ണ് പെറ്റവീടിന് അന്യയാവും. വലുതായിക്കഴിഞ്ഞ മരത്തിന്റെ വേര് ഉൾപ്പെടെ ഒറ്റവെട്ടാണ്. അത് പിന്നെ വളർന്നാലും ചീഞ്ഞാലും അവനവന്റെ വിധി. അത് ഓർമ്മ വരുന്ന രാത്രിയില് നബീസ ഹൈറുനെ കെട്ടിപ്പിടിച്ച് കെടക്കും. മുടിയിലിങ്ങനെ തലോടും. ദുആ ചെല്ലും.

ഇങ്ങനെ പോയിക്കൊണ്ടിരുന്നിടത്താണ് കാര്യങ്ങൾ മാറിമറിഞ്ഞത്. അല്ലെങ്കിലും ഒന്ന് മറ്റൊന്നായിത്തീരാൻ ഇക്കാലത്ത് എത്ര നേരം വേണം. രണ്ട് രണ്ടര വർഷായിട്ട് എന്തൊക്കെയോ ഒക്കെ ഒരുമാറ്റം. ഓരോരോ പുതിയ സംഭവങ്ങൾ വന്നുകൊണ്ടിരുന്നു. എല്ലാരേം സമാധാനം പോയീന്ന് പറഞ്ഞാ മതിയല്ലോ.. വീട്ടില് ഇപ്പോ ആരും തമ്മില് മിണ്ടാട്ടം തന്നെയില്ല. നബീസക്ക് ആകെയുള്ള ഒരു ആശ്വാസം കളിക്കൂട്ടുകാരി ആസ്യയുടെ വീട്ടിലേക്ക് ഓടിച്ചെല്ലാമെന്നുള്ളതാണ്. ഒരു ദിവസം ചിലപ്പോ രണ്ട് മൂന്ന് തവണ ഇങ്ങനെ ചെല്ലും. എന്നും കരച്ചിലും നെഞ്ചത്ത് തല്ലും ഒക്കെത്തന്നെ.. കുറച്ച് നാളായി നബീസ ഇങ്ങനെയാണ്. ആസ്യ അത്കണ്ട് പലവട്ടം പറഞ്ഞത് പിന്നേം പറഞ്ഞു. യ്യ് ന്തായാലും ആൾക്കാരോടൊന്നും ഇങ്ങനെ കൊട്ടിഘോഷിക്കല്ലെ, അത് മ്മളെ ഹയ്റുനെത്തന്നെയല്ലെ ന്റെമോളെ ബാധിക്കാ. അതാലോചിക്ക്. എന്തായാലും ഇത്രൊക്കെ ആയില്ലെ. ഇനിയിപ്പം വരുന്നിടത്ത് വച്ച് കാണാം. അതൊന്നും കേൾക്കാതെ നബീസ അടുക്കളേല് ഒരു മൂലക്ക് കുത്തിയിരുന്ന് ഏങ്ങലടിച്ചു.

ന്നാലും ന്റെ പടച്ചോനെ, ന്റെ ബദ്രീങ്ങളെ.. ഈ നായിന്റെ മോള് ന്റെ വയറിൽത്തന്നെ വന്ന് പിറന്നല്ലൊ. ഓർമ്മ വെച്ച നാള് മുതല് ഒരു തെറ്റും

അറിഞ്ഞോണ്ട് ഞാൻ ചെയ്തീല്ല. ന്നിട്ടും ഇതു പോലൊരു കുരുപ്പ്. ന്റെ അള്ളാ... ഇനിക്ക് മനസ്സി ലാകുന്നേയില്ല ഈ പെണ്ണ് എന്തൊക്കാ ഈ പറ യുന്നെന്ന്.. ചെലപ്പം ഞാൻ വിചാരിക്കും ബോധം പോയിക്കിട്ടിയാ മതിയെന്ന്. അല്ലെങ്കിത്തന്നെ ഞ്ഞ് ഒന്ന് ആലോചിച്ച് നോക്ക് ഈ ലോകത്തുള്ള പെണ്ണ്ങ്ങളൊക്കെ അല്ലെങ്കില് സ്വർഗ്ഗത്തിലല്ലെ ജീവിക്കുന്നെ. ഒലക്കേന്റെ മൂട്. കുറച്ച് കാലായ്ട്ട് ഓളെ ന്തോ ബാധ കൂടിയിരിക്ക്യാ. അല്ലാതെ ഇങ്ങനെ ന്തേലും ചെയ്യുന്നോളാണോ ന്റെ ഹയ്റു.

ആസ്യക്ക് സങ്കടായി. ആസ്യ ചേർന്ന് നിന്ന് ഒച്ച താഴ്ത്തിപ്പറഞ്ഞു അള്ളാ മ്മളെ കൈവിടൂല, യ്യ് നോക്കിക്കോ. ഒക്കെ ശരിയാണ് മ്മളൊക്കെ ഈ പ്രായത്തിൽ ഇങ്ങനൊര് വാക്ക് പറയുന്നത് പോയിട്ട് ഓർത്ത്ട്ട് പോലുംല്ല. പക്ഷേ ഇപ്പം ള്ള ചില മക്കക്ക് ഓരോതരം ഭ്രാന്താ. അത് പോലൊരു ഭ്രാന്തായിരിക്കും ഇതും. ഒന്നും പറഞ്ഞിട്ട് കാര്യംല്ല. മ്മളെ വഴിക്ക് വരൂലെങ്കിൽ പിന്നെ കരഞ്ഞിട്ട് ന്താ കാര്യം. കുറച്ച് നേരം കൂട്ടുകാരികൾ രണ്ടാളും കൂടി ഓരോന്ന് പറഞ്ഞും ആലോചിച്ചും ഇരുന്ന തിനു ശേഷം ഒരു സമാധാനം കിട്ടിയപോലെ നബീസ മെല്ലെ സ്വന്തം വീട്ടിലേക്ക് നടന്നു. അവർ ക്കറിയായിരുന്നു അരമണിക്കൂറത്തെക്കുള്ള സമാധാനമാണ് അതെന്ന്.

പെണ്ണിന് കല്ല്യാണാലോചന വരാൻ തുട ങ്ങിയിട്ട് കൊറെയായി. ആദ്യമൊക്കെ പഠിക്ക്യാന്നും പറഞ്ഞ് കളഞ്ഞു. പിന്നെപ്പിന്നെ വരുന്ന കല്ല്യാണാ ലോചനകളൊന്നും ശരിയാകാഞ്ഞപ്പോഴാണ് എല്ലാർക്കും ഒരു പേടി കുടുങ്ങിയത്. എന്നാപ്പിന്നെ ഒരു ഓൺലൈൻ പരസ്യം കൊടുക്കാമെന്ന് വെച്ചു. നാട്ടിലെ ബ്രോക്കർമാരെക്കൊണ്ട് പറ്റാത്ത പല കല്ല്യാണങ്ങളും ഇത്തരം ഡോട്ട്കോമുകൾ നടത്തി യതായി അയാൾക്കറിയാമായിരുന്നു. നേർക്കുനേരെ നിന്ന് ഇത്തരം കാര്യങ്ങൾ സംസാരിക്കാൻ പറ്റാ ത്തതുകൊണ്ടാണ് മാറ്റർ സ്വന്തം കൈപ്പടയിൽ എഴുതിത്തരാൻ അയാൾ മകളോട് പറഞ്ഞത്. അങ്ങനെ മോൾ സ്വന്തം കൈപ്പടയിൽ എഴുതിയ മാറ്ററാണ് ആളെ തകർത്തുകളഞ്ഞത്. അതായത് മോളില് കണ്ടത് തന്നെ. എഴുതിയത് കൂടാതെ ഹയ്റു അതിന്റെ ചുറ്റിലും ഡെക്കറേറ്റും ചെയ്തി രുന്നു. ഇത് കണ്ടിട്ട് മുഹമ്മദ്കോയക്കും ഭാര്യക്കും തലചുറ്റി. രണ്ട് ദിവസം ആരും ഒന്നും തിന്നതും കൂടിയില്ല. ആദ്യം വായിച്ച ഭർത്താവ് ഭാര്യയെ ത്തന്നെ എത്ര കഷ്ടപ്പെട്ടാണ് അത് കാണിച്ചതെന്ന് അയാൾക്കേ അറിയൂ. സർവ്വധൈര്യവുമെടുത്ത് മോളെ വിളിച്ച് ചോദിച്ചപ്പോൾ മക്കനേന്റെ താഴേത്തല കൊണ്ട് പകുതി മുഖംമറച്ച് അവള് പറഞ്ഞു. വാപ്പാ..ങ്ങള് പറ. ഞാൻ വേറെ ആൾ ക്കാര് പറയുംപോലെ ഒര് ഡിമാന്റും പറഞ്ഞില്ലല്ലോ. ഇത്.... ഇത് ങ്ങക്കറിയോ ഭൂമീലെ സ്വർഗ്ഗം അനു ഭവിച്ചേ മരിക്കാവൂ എന്നത് എന്റെ ഏറ്റോം വല്ല്യ ആഗ്രഹാ. ഭൂമീലുണ്ടല്ലോ ഒരു സ്വർഗ്ഗം. അതും മ്മള് കാണണ്ടെ... വേറെന്തേലും ആണെങ്കി മ്മക്ക് ഇഷ്ടപ്പെട്ടില്ലെങ്കില് മാറ്റി എടുക്കാന്നെങ്കിലും വിചാരിക്കാ.. അതാ ഞാൻ പറഞ്ഞെ.. അതൊര് തെറ്റാണോ..അപ്പോ മാത്രാണ് അയാൾക്ക് പെണ്ണുകാണാൻ വന്ന ഇത്രേം പയ്യൻമാർ തന്റെ മോളോട് സംസാരിച്ചതിന് ശേഷം ചോരേംനീരും വറ്റി പുറത്ത് വരുന്നതിന്റെ ഗുട്ടൻസ് പിടികിട്ടിയത്. ന്റെ അള്ളാ... ഓലങ്ങ് തളർന്നു.

ഹയ്റുന്നിസ, വയസ്സ് 22, സുന്ദരി, ദീനി, 175 സെ.മീ. ഇക്കണോമിക്സിൽ ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്നു. ഭാര്യയാകാൻ പോകുന്ന പെൺകുട്ടിക്ക് സ്വർഗ്ഗം തരാൻ കെൽപ്പുള്ളവനാ യിരിക്കണം വരൻ. വദ്യാസമ്പന്നർക്ക് മുൻഗണന.

ആ നിമിഷം കാലുകൊണ്ട് ഒരൊറ്റ ചവുട്ട് ചവുട്ടി ചുമരിൻമേൽ ഒട്ടിക്കാനാണ് അയാൾക്ക് ആദ്യം തോന്നിയത്. കൊലക്കുറ്റത്തിന് കേസു ണ്ടാവില്ലായിരുന്നെങ്കിൽ ചെയ്യേം ചെയ്തേനെ. നബീസ അന്ന് എങ്ങനെയോ ഹയ്റൂനെം വിളിച്ച് അകത്തേക്ക് പാഞ്ഞു. ഞ്ഞ് ആരോടാ ഈ പറഞ്ഞെന്നറിയോ അസത്തെ. ജനിപ്പിച്ച തന്തേ നോട് ആരെങ്കിലും പറയുന്ന കാര്യാണോ ഇത്. എങ്ങനെ വളർത്തിയതാ ഓല് ങ്ങളെ രണ്ടാളേം. വീട്ടിൽ അടിയന്തിരാവസ്ഥ പ്രഖ്യാപിക്കപ്പെട്ടു. ഒരൊന്നന്നര അടിയന്തിരാവസ്ഥ. ഹയ്റു ആണെ ങ്കിൽ ഒന്നും മനസ്സിലാകാത്ത പോലെ ഉമ്മയുടെ കണ്ണിലേക്ക് നോക്കി. പിന്നെ ദിവസങ്ങളോളം കരഞ്ഞു. എത്ര ആലോചിച്ചിട്ടും അവൾക്ക് അതില് വലിയ തെറ്റൊന്നും കണ്ടില്ല. നല്ലോണം പഠിക്കുന്ന കുട്ടിയായിരുന്നു മ്മളെ ഹയ്റു. അടക്ക ത്തിന്റെയും ഒതുക്കത്തിന്റെയും കാര്യാണെങ്കില് പറയേം വേണ്ട. എല്ലാർക്കും വലിയ മതിപ്പാണ്. ആരോടും അധികം മിണ്ടാട്ടോമില്ല. നിസ്ക്കാരോം നോമ്പും കൃത്യായിട്ട് ചെയ്യും. എല്ലാരോടും കനിവും ദയേം. മദ്രസേന്ന് തൊണ്ണൂറ്റാറ് ശതമാനം മാർക്ക് വാങ്ങിയാണ് പിരിഞ്ഞത്. പത്തിലും പ്ലസ്ടൂലും ഒക്കെ ഏതാണ്ട് ഇതുപോലെത്തന്നെ. ഇങ്ങനെയൊക്കെയായപ്പോ പിന്നെയിപ്പം എന്താ ചെയ്യാ.. ജോലിക്ക് വിട്ടില്ലെങ്കിലും പഠിപ്പിക്കണമെന്ന് എല്ലാരും ഉപദേശിച്ചു, വിദ്യാഭ്യാസ ള്ള ചെക്കൻ മാരെ കിട്ടേം വേണം ല്ലോ.. ഏറ്റോം നല്ല കോളേജ് നോക്കിയാണ് വാപ്പ പറഞ്ഞയച്ചത്. അങ്ങനെയി രിക്കുമ്പം ഒരു ദിവസം പെട്ടെന്ന് നബീസ വിളിച്ച് പറയുന്നു അതേയ്, ങ്ങള് ഇത്രനാള് സമ്പാദിച്ച തൊക്കെ മതി, നിക്കിനി ഒരു ദിവസം പോലും ഒറ്റക്ക് നിക്കാൻ പറ്റൂല. വിക്കി വിക്കിയാണ് പറയു ന്നത്. പൈസ ണ്ടായാല് മാത്രം എല്ലായോ. വേറേം ല്ലേ ജീവിതത്തിന് അർത്ഥങ്ങളൊക്കെ. എത്രാന്ന് വെച്ചാ എല്ലാം കൂടി ഒറ്റക്ക്.. ഞ്ഞെ കൊണ്ടിനി വയ്യ. നബീസ വിതുമ്പിത്തുടങ്ങി. ഭർത്താവ് എത് ആശ്വ സിപ്പിക്കാൻ ശ്രമിച്ചിട്ടും ഭാര്യയുടെ വിതുമ്പലോ

സങ്കടോ നിന്നില്ല. പിന്നെ ഉടനെത്തന്നെ മോളുടെ കല്ല്യാണോം നടത്തണം. അല്ലെങ്കില് ശരിയാവൂല്ല. ഒരു സ്വസ്ഥതയും കൊടുക്കാതെ വിളിയോവിളി. ഇതിൻപ്രകാരം കുട്ടിയെ ഒരു വഴിക്കാക്കാനും മറ്റു കാര്യങ്ങൾക്കുമൊക്കെ  അത്യാവശ്യം സമ്പാദ്യ മായി എന്ന ഉറപ്പിൽ മുഹമ്മദ്കോയ നാട്ടിലെത്തി. സത്യം പറയാലോ ഉടനടി ഉണ്ടായ ഈ തീരുമാന ത്തിന് പിന്നിൽ നബീസക്ക് അവരുടെതായ രഹ സ്യങ്ങളുണ്ടായിരുന്നു. നെഞ്ചിലൊരു തിക്കായി അതുണ്ടെങ്കിലും കെട്ട്യോനോട് പോലും അവരത് പറഞ്ഞില്ല, ഇനി പറയേം ഇല്ല.

സംഭവം കുറെയുണ്ട് പറയാണെങ്കിൽ പറയാൻ. ഒന്നുരണ്ടെണ്ണം പറയാം. ഹയ്റു ഡിഗ്രി സെക്കന്റ് ഇയറിനു പഠിക്കുന്ന സമയം. നബീസാന്റെ ഉമ്മാന്റെ അനിയത്തി ഒരാളുണ്ട്, വയനാട്ടിലുള്ള സൂറ. ആൾക്ക് ഏറ്റോം ഷ്ട്ടംള്ള കൂടപറപ്പ്. സൂറ നടുവേദനകൂടി എരഞ്ഞിപ്പാലത്ത് ഒരു വൈദ്യന്റെ അടുത്ത് കിടന്ന സമയാണ്. അതിലൊര് ദിവസം നബീസ ഉച്ചഭക്ഷണം കൊണ്ട് കൊടുക്കാൻ പോയി തിരിച്ചെത്താൻ വൈകി. നല്ല ക്ഷീണമുണ്ടെങ്കിലും ളുഹ്റും അസറും ഖളാഹായല്ലോ എന്നോർത്ത് വന്നപാടെ ഒരു നൈറ്റിയുമെടുത്തിട്ട് കുളിമുറിയി ലേക്കോടിയ നബീസ പെട്ടെന്നുനിന്നു. ആകെ ഒരു പന്തികേട്, എവിടെയും ലൈറ്റിട്ടിട്ടില്ല. ഉണ്ടായതി നുശേഷം ഒരു മൂളിപ്പാട്ടുപോലും പാടിക്കേട്ടി ല്ലാത്ത ഹയ്റു ഇംഗ്ലീഷിൽ എന്തോ പാടുന്നു. കുറെ തവണ വിളിച്ചിട്ടും കേട്ടതുമില്ല. പെട്ടെന്ന് നബീസ ചിന്തിച്ചുണ്ടാക്കിയതിനൊന്നും കയ്യും കണക്കുമല്ല. അവരുടെ കൺട്രോള് തന്നെ പോയി. ആരെങ്കിലും വന്ന് കയറിയാ ന്റെ പടച്ചോനെ.. കൊറെ നിന്ന് പരുങ്ങിയിട്ട് എന്തും വരട്ടെ എന്നു കരുതി ഒളിഞ്ഞുനോക്കിയ നബീസക്ക് കണ്ണു തള്ളി, നെഞ്ചും. പൂർണ്ണനഗ്നയായിരിക്കുന്ന മകൾ. പെറ്റിട്ട് ഇത്രനാളും കാണാത്ത ഒരായിരം ഹയറു ന്നിസമാർ. ആ രംഗങ്ങൾ ഓർക്കുമ്പോൾ നബീ സക്ക് ഇപ്പോഴും രക്തയോട്ടം കൂടും. തൊടിയി ലുണ്ടായിരുന്ന എല്ലാ ജാതി പൂക്കളുമുണ്ട് തലേലും മേലും. തെച്ചി, നന്ത്യാർവട്ടം മുതൽ ഉള്ളതെല്ലാം. അക്കൊല്ലം ആദ്യായിട്ട് പൂത്ത നാലോ അഞ്ചോ മുല്ലപ്പൂവുണ്ടായിരുന്നു, അതുപോലുമുണ്ട്. അത്ര ശ്രദ്ധിച്ചാണ് ഉമ്മ മോളെ കണ്ടത് എന്ന് മനസ്സി ലായല്ലോ... മുടി ഒരു ഭ്രാന്തിയെപ്പോലെ അഴിച്ചി ട്ടിരിക്കുന്നു. പൂക്കൾ നിറഞ്ഞ പൂമരപെണ്ണ്. വന്യ മായ ഭാവം. ഒരു പ്രത്യേക മണോം വരുന്നു. അകവും പുറവും ഉലയുന്നൂന്ന് പുറത്ത് നിന്ന് നോക്കുന്ന ഒരാൾക്ക് ഒരു നിമിഷംകൊണ്ട് മനസ്സി ലാവും. കൂടെ പാട്ടു മാത്രമല്ല, ആട്ടവുമുണ്ട്. അന്നവർക്ക് മനസ്സിലായി അവർക്കിടയിൽ ഓടി യടുക്കാൻ പറ്റാത്തത്ര ദൂരമുണ്ടെന്ന്. മക്കളെ മരണംവരെ ഗർഭത്തിലെന്നോണം പേറൽ ഒരമ്മ യുടെ പൊട്ടത്തരമാണെന്ന് പോലും ഒറ്റ നിമിഷത്തില് ആളറിഞ്ഞു. അന്നേരം പോയിക്കിടന്ന നബീസ പിന്നെ പനി പിടിച്ച് ആഴ്ച്ചകൾ കിടന്നു.

വേറൊര് സംഭവം പറയാം. അതും മുഹമ്മദ് തിരിച്ച് വരുന്നതിന് മുമ്പാണ്. കുടുംബ ക്കാരെല്ലാരും കൂടി ഒരുവർഷം ഒരു ട്രിപ്പെങ്കിലും പതിവാണ്. അത്തവണ വയനാട്ടിലേക്കായിരുന്നു, നല്ല മഞ്ഞ് സമയം. ഒരു ബസ്സ് നിറയെ ആളുണ്ട്. എളാപ്പാന്റെം മൂത്താപ്പാന്റെം മക്കളൊക്കെത്തന്നെ. ട്രിപ്പ് ഒന്ന് ഉശാറായിക്കോട്ടെ എന്ന് കരുതി ഗാന മേളകളിലൂടെ മാപ്പിളപ്പാട്ടിൽ അത്യാവശ്യം പ്രശസ്തി ഒക്കെ ആയിക്കൊണ്ടിരിക്കുന്ന നാട്ടിൽ തന്നെയുള്ള മാലിക്ക് അഹമ്മദിനെയും കൂട്ടിയി ട്ടുണ്ട്. അടിച്ച്പൊളിച്ചങ്ങനെ പോവാണ്. അതിന്നി ടയില്  ഇടക്ക് നോക്കുമ്പം ഹയ്റൂനെ കാണുന്നില്ല. ചുണ്ടേല് ചായ കുടിക്കാൻ ഇറങ്ങിയപ്പം മുതലാ ണെന്ന് പിന്നീടെല്ലാരും ഓർമ്മിച്ചെടുത്തു. തിരിച്ച് പോയി നോക്കിയപ്പോ ഹയ്റു ഉണ്ട് ആ ചായ ഗ്ലാസുമായി ഇരിക്കുന്നു. ബസ്സ് പുറപ്പെട്ടതും പോയതുമൊന്നും അവളറഞ്ഞേയില്ല പോലും. അപ്പോഴും സുഖിയൻ വെച്ച് സുഖിച്ച് ഇരിക്കാണ്. അവളൊന്നും അറിയുന്നുണ്ടായിരുന്നില്ല.

ആരെയും ബുദ്ധിമുട്ടിക്കാനായിരുന്നില്ല ഹയ്റു ഇങ്ങനെയൊന്നും കാണിച്ചത്. ചില കാര്യങ്ങളെ അവൾക്കൊരിക്കലും ദഹിപ്പിക്കാ നായില്ല. വേറെതരത്തില് പറഞ്ഞാൽ അവൾ ക്കൊരിക്കലും അതൊന്നും അസാധാരണമായി തോന്നിയില്ല എന്ന്വേണം പറയാൻ. ഏറ്റവും പ്രധാനപ്പെട്ടതെന്ന് പൊതുവെ കരുതുന്ന ചില കാര്യങ്ങൾ ഒരിക്കലും ഓർമ്മയിലുണ്ടാവില്ല, ആരും ഓർക്കാത്ത ചിലതെല്ലാം ഓർത്ത് യുഗങ്ങൾ ചിലപ്പോ അവൾ നടന്നെന്നുമിരിക്കും. എന്നും എന്തെങ്കിലും ഓർത്ത് കരയാനും ണ്ടാവും. ചില ചോദ്യങ്ങളിലേക്ക്, സത്യങ്ങളിലേക്ക് അവൾ അറിയാതെ ആഴത്തിൽ വീണ് പോകും. ഏറ്റവും ആത്മാർത്ഥമായാണ് എന്തിലൂടെയും കടന്നു പോകുക, അതാണ് പ്രശ്നം.ഏറ്റവും ശരിയെന്ന് തോന്നുന്നതുമായിരിക്കും അവ. തെറ്റുചെയ്യുന്നു എന്ന് തോന്നുമ്പോഴല്ലെ ഒരാളക്ക് അതില് കുറ്റബോധമുണ്ടാകേണ്ടത്.

ചെറുപ്പം മുതൽ ചിലതിൽ നിന്നെല്ലാം ഹയ്റു മനപ്പൂർവ്വം മുങ്ങിക്കളയേം ചെയ്യും. മരണവീട്ടിലേക്കൊക്കെയുള്ള പോക്ക് അങ്ങനെ യാണ്. ഉമ്മമ്മ മരിച്ചിട്ട് ഒന്നുരണ്ടാഴ്ച്ചത്തേക്ക് എല്ലാരുടെയും പ്രൊഫൈൽ പിക്കൊക്കെ ഉമ്മമ്മ യായിരുന്നു. പക്ഷേ മ്മളെ ഹയ്റൂന്റെത് രണ്ട് വർഷം കഴിഞ്ഞിട്ടും ഇപ്പോം അത് തന്നാ...

വേറാരേം അയക്കാൻ പറ്റാത്തോണ്ട് മാത്രാണ് മുഹമ്മദ് കുറച്ച് കല്ല്യാണ ഏജൻസി കളിൽ പോയത്. അതും ടൗണിലുള്ള ഏജൻസി കളിൽ മാത്രം. ഈ പ്രശ്നങ്ങൾക്ക്ശേഷം ആൾ ക്കാരുടെ മുഖത്ത് നോക്കുന്നത് തന്നെ വലിയ

ബുദ്ധിമുട്ടോടെയാണ്. നടക്കുമ്പോഴൊക്കെ അയാളിങ്ങനെ തിരിഞ്ഞുനോക്കിക്കൊണ്ടിരിക്കും, ആരെങ്കിലും തന്നെനോക്കി ചിരിക്കുന്നുണ്ടോ എന്നറിയാൻ. അല്ലെങ്കിലും, ഒരു പരിഹാസ ക്കൂട്ടത്തെ മനുഷ്യൻ എപ്പോഴും സ്വയം വഹിക്കു ന്നുണ്ട്, അവൻ അറിഞ്ഞോ അറിയാതെയോ. സാധാരണ പള്ളീൽ പോയാല് ഇഷാഹ് വരെ കൂട്ടുകാരോടൊക്കെ മിണ്ടീം പറഞ്ഞും ഇരിക്കുന്ന മനുഷ്യനാണ്. നോമ്പ്മാസമാണെങ്കില് തറാവീഹ് വരെ നീളും. പക്ഷേ ഇപ്പോ കഴിയുന്നതും നിസ്ക്കാരം വീട്ടീന്നാണ്.

ഏജൻസിക്കാരെയൊന്നും മാറ്റർ ഫുള്ളായി കാണിച്ചിട്ടില്ല. സ്വർഗ്ഗക്കാര്യമൊന്നും പറയാതെ ബാക്കിയെല്ലാം ആദ്യം പറയും. പിന്നെ നീണ്ട ഒരു മുഖവുര, മോളുടെ വിദ്യഭ്യാസത്തെപ്പറ്റിയും പുതു തലമുറയെപ്പറ്റിയുമെല്ലാം. എന്നിട്ട് വേണെങ്കിൽ മാത്രം ആളും തരോം നോക്കി കാര്യം പറയും. എന്തായാലും പറഞ്ഞ് തീരുമ്പോഴേക്കും ഇനി മരിച്ചാ മതി എന്ന മട്ടായിട്ടുണ്ടാവും ആൾ. ചിലപ്പം ഇളിഭ്യനായി ഒരു പ്രത്യേക ആംഗ്യത്തോടെ പറയും അവള് പറഞ്ഞതും ഒരു കണക്കിന് നോക്കിയാല് ശരിയല്ലെ.. പിന്നെപ്പം ന്ത്പറയാനാ.. കല്ല്യാണ ഏജൻസിക്കാര് പല മട്ടിലാണ്. ചിലര് ചിരിക്കും, തമാശ പറയും, മറ്റു ചെലര് പരിഹസിക്കും, അറ പ്പോടെ നോക്കിയവരുമുണ്ട്. അല്ല, സ്വർഗ്ഗം എന്ന് പറയുമ്പം. ചോദ്യങ്ങൾ ഏതു തരത്തിലുമാകാം. ഉള്ളിലെ ആർമാദച്ചിരി മറച്ചുകൊണ്ടുള്ള ഓരോ ചോദ്യങ്ങളാണ്. ഉദാഹരണത്തിന് ഒരു ഏജൻ സീന്ന് ചോദിച്ചുഇതിപ്പം ഇക്കാന്റെ മോള് കേട്ടറിഞ്ഞ് പറയുന്ന തന്നെയാണോ ഈയൊരു സ്വർഗ്ഗത്തെപ്പറ്റി. ആരെങ്കിലും അങ്ങനെ ഒരു സംശയം ചോദിച്ചാലോന്ന് കരുതി ചോദിച്ച താട്ടോ... വേറൊന്നും തോന്നരുത്. ഒരാറുമാസം അങ്ങനെങ്ങനെ പോയി. അയാൾക്ക് ഒരെത്തും പിടിയും കിട്ടിയില്ല. ആത്മഹത്യ ചെയ്താലോ എന്ന് വരെ അയാൾക്ക് തോന്നി.

എല്ലാംകൂടി ഭ്രാന്ത് പിടിച്ച് ഇരിക്കുമ്പോ ഴാണ് ഒരു ഏജൻസീന്ന് പരിചയക്കാരനായ ഒരാൾ പറഞ്ഞത്. ഇക്കാ..നമുക്കിത് പുരോഗമനക്കാരായ യുവാക്കളിൽനിന്ന് കല്ല്യാണാലോചനകൾ ക്ഷണി ക്കുന്നു എന്നാക്കാലോ.. സത്യത്തിൽ ഇതും പുരോ ഗമനത്തില് പെടുന്നതാണല്ലോ. ശരിയല്ലെ എന്നിട്ട് നമുക്ക് പയ്യൻ വരുമ്പോൾ അവനോട് കാര്യങ്ങൾ അങ്ങ് പറയാം. അല്ലാതെ വേറൊരു വഴിയും ഞാൻ കാണ്ന്ന്ല്ല. ഒന്നു ശ്രമിച്ചു നോക്കാം. ഇപ്പോഴത്തെ ഈ ഫ്രീക്ക്പയ്യൻസിനൊക്കെ കാര്യങ്ങൾ പറഞ്ഞാൽ ചിലപ്പോ മനസ്സിലാവൂന്നെ. ആദ്യം വന്നത് ഒരു ഹൈസ്ക്കൂൾ മാഷാണ്, കണ്ടാ ഒരു ബുജി, ടിപ്പ്ടോപ്പ് മനുഷ്യൻ. അയാളുടെ വീട് നെറച്ചും പുസ്തകങ്ങൾ ആണ് പോലും, ജീവനും അതാണ് പോലും. ഈ കാര്യത്തില് പക്ഷേ എല്ലാം കൂടി കേട്ടപ്പോൾ അയാൾക്ക് ഒന്നും മനസ്സിലായില്ല എന്ന അവസ്ഥയായി. അതിനും ശേഷമാണ് ഷാർജ്ജയിൽ ജോലിയുള്ള പുരോഗമനവാദി എംബിഎക്കാരൻ മുഹമ്മദ് തൻവീറിന്റെ വരവ്. മലപോലെ വന്നത് എലിപോലെ പോയി എന്നാണ് ആസ്യ അതിനെപ്പറ്റിപ്പറഞ്ഞത്.

മുഹമ്മദ്കോയ പയ്യനോടോ കൂട്ടരോടോ ഒരു വക മിണ്ടാൻ പോയില്ല. എന്തിന് മിണ്ടണം ഇതൊക്കെ കേട്ട് വരുന്നവൻമാരുടെ ഒരു ഏകദേശ ലവല് മ്മക്ക് മനസ്സിലാവും എന്ന മട്ടിലിരുന്നു. അളിയൻമ്മാര് രണ്ട് പേര് ജോലിയെക്കുറിച്ചും മറ്റും പറയുന്നത് തലചൊറിഞ്ഞ് കേട്ടു.

തൻവീർ ഹയ്റൂനോട് പേരും കോളേജും മറ്റും ചോദിച്ചശേഷം ഒരു തഞ്ചത്തിലങ്ങ് കാര്യം എടുത്തിട്ടു. മേശപ്പുറത്ത് കൊണ്ടുവെച്ചിരുന്ന കറുത്ത ഹൽവ ചവച്ചുകൊണ്ടാണ് പറഞ്ഞു തുടങ്ങിയത്. ഹയ്റുന്നിസ... അല്ലെ.. കാര്യങ്ങ ളൊക്കെ അറിഞ്ഞു.. ഏജൻസിക്കാരാണ് പറഞ്ഞത്. സത്യം പറയാലോ... നിന്നെ സംബന്ധിച്ച് കേട്ടപ്പോൾ വലിയ സന്തോഷമാണ് തോന്നിയത്. വലിയ പ്രസംഗം നടത്തുന്നോർക്ക് വരെ ഇത്തരം കാര്യങ്ങൾ വരുമ്പോ വലിയ പ്രശ്നമാണ്. ഇതൊക്കെ ഒന്ന് ഓപ്പണായി പറയാൻ പറ്റുന്ന ഒരുകാലം നമ്മുടെ നാട്ടില് വരുമോ എന്തോ.. പെണ്ണിന്റെ സെക്ഷ്വാലിറ്റി എന്ന് പറഞ്ഞാ തീർന്നു. അതെന്താ പെണ്ണിനും ഉള്ളതല്ലെ ഇതൊക്കെ. ഒന്നും വേണ്ട സെക്സ്ന്നും റേപ്പുംന്നും ഒക്കെ പറയാൻ സ്വാതന്ത്ര്യംള്ള എത്ര വീട്ണ്ട് ഈ നാട്ട്ല്.. എനിക്ക് എന്തായാലും നിന്നോട് തോന്നിയത് റെസ്പെക്ടാണ് ഈ തുറന്നുപറച്ചിലിന്. നൂറ് ശതമാനം ഞാൻ നിന്നോട് യോജിക്കുന്നു. ബോൾഡായ ഒരു പെണ്ണിനെയാണ് ഞാൻ കൊതിച്ചത്. അതുകൊണ്ട് എനക്ക് ഇഷ്ട്ടായി. ഹയ്റു ആ നുണക്കുഴി കാണിച്ച് ഒന്ന് ചിരിച്ചു, അത്രമാത്രം. സത്യത്തില് ആ വാക്കുകളോട് അവൾ മെഴുകുതിരിപോലെ ഉരുകിയിരുന്നു, കുറെ ഋതുഭേദങ്ങൾ നിമിഷങ്ങൾക്കൊണ്ട് പാഞ്ഞുപോയി. അവൾക്ക് ഏറ്റോം ഇഷ്ട്ടപ്പെട്ടത് അയാള് ഇരുന്നപ്പോ അവളെയും നിർബന്ധിച്ച് ഇരുത്തിയതാണ്. അവളിരുന്നില്ലെങ്കിൽ ആളും നിക്കുമെന്ന് പറഞ്ഞു. ഉള്ളതിൽ പാതി എന്നാ യാലും ഹയ്റൂന് ആണല്ലോ എന്ന സമാധാന ത്തിൽ സ്ത്രീധനത്തിൽ താൽപ്പര്യമില്ല എന്ന് എടുത്തെടുത്ത് പറഞ്ഞാണ് പുതിയാപ്ല തിരിച്ച് കാറിൽ കയറിയത്. ഹയ്റൂനെ ആലോചിക്കു മ്പോഴെല്ലാം സ്വർഗ്ഗത്തിലെ കൂടാരത്തിൽ ഒരുക്കിനിർത്തിയിരിക്കുന്ന തരുണീമണികളെ പ്പറ്റിയുള്ള വർണ്ണന ഓർമ്മ വരും മിർഷാദിന്, മുന്നും പിന്നും നിറോം കൂട്ടുപുരികോം ഒക്കെ ഓൻ കട്ടെടുത്ത് വെച്ചിട്ടുണ്ട്. ആലോചിച്ചാ ലോചിച്ച് മിർഷാദ് ഒരു തീരുമാനോം എടുത്തു.

**ഹയ്റു തന്റെ പ്രിയതമന്റെ കൂടെ ആദ്യമായി നടക്കുകയാണ്. അവള് ചെരുപ്പഴിച്ചിട്ട് ബൈക്കിന്നടുത്ത് വെച്ചു. ഇടക്കിടെ നാണത്തോടെ ചിരിച്ചതിനൊപ്പം കാലുകൊണ്ട് മണ്ണും വെള്ളോം മാറിമാറി തെറിപ്പിച്ചു. എവിടെന്നോ ചെമ്പകം പൂത്ത മണമുണ്ടായിരുന്നു. തൻവീറിന്റെ കൈ പിടിച്ച് തന്റെ ചുമലിലേക്ക് ചുറ്റിപ്പിടിപ്പിച്ച് നെഞ്ചിലേക്ക് ചേർന്ന് നിന്ന് ചുണ്ട് ചുണ്ടോട് ചേർത്ത് മുഹമ്മദിന്റെ ഉമ്മുക്കുൽസു പറഞ്ഞു ന്ത് രസാന്റെ പടച്ചോനെ ഈ ലോകം. നമുക്കിന്ന് കടലിന്റെ അങ്ങേയറ്റം വരെ നടന്നാലോ. പുലർച്ചയാകുമ്പോ ആരും അറിയാതെ വീട്ടീ പോവാം.**

തന്റെ ബീവീനെം കൂട്ടി ഉണ്ടാക്കുന്ന വീടിന് ഫിർദൗസ് എന്ന് പേരിടണം. ഭൂമിയിലെ ഫിർദൗസ്. കല്ല്യാണം ഉറപ്പിച്ചതിനു ശേഷം തൻവീർ ഹയ്റൂനെ വിളിക്കും. പക്ഷേ ഒന്നോ രണ്ടോ വാക്ക് എവിടേം തൊടാതെ മിണ്ടിയതിനുശേഷം ഹയ്റു മെല്ലെ മുങ്ങും. ഈ പറയുന്ന സ്വർഗ്ഗപ്പൂതിയൊന്നും പ്രവൃത്തീല് കാണാനില്ലല്ലോ എന്ന് ചോദിക്കാൻ പലതവണ നാവിൻത്തുമ്പത്ത് വന്നതാണ്. കഷ്ട്ടപ്പെട്ടാണ് നിയന്ത്രിക്കാറ്.

ഹയ്റു നല്ല ഉഷാറിലായിരുന്നു. രാസവസ്തുക്കളൊന്നും വേണ്ടെന്ന് വെച്ച് കൈനഖം ചോപ്പിക്കാൻ ആഴ്ച്ചകൾക്ക് മുമ്പേ മൈലാഞ്ചി യരച്ചിട്ടു. തുളസീം മഞ്ഞളും കൂട്ടി എന്നും തേച്ചുപിടിപ്പിച്ചു. ശരീരം മൊത്തം എണ്ണയിട്ടു തിളക്കി. വെറുതെ രസത്തിന് മേക്കാത് കുത്തി. മുടി സ്റ്റെപ്പ്കട്ട് ചെയ്തു. നിഴലിനോടുപോലും കിന്നാരം പറഞ്ഞു. സ്വപ്നത്തിലും അല്ലാതെയും വെറുതെ ചിരിച്ചു. അധികം പണിക്കൂലി ഉള്ള ആഭരണങ്ങൾ വേണ്ട എന്നുള്ള ഉമ്മച്ചിയുടെ അഭിപ്രായത്തിന് മുൻതൂക്കം കൊടുത്തു. ഇഷ്ട്ട നിറങ്ങളായ ചോപ്പും ആകാശനീലേം ഡ്രസ്സുകൾ മാത്രം (ഷഡ്ഢി വരെ)എടുത്തു കല്ല്യാണാഘോഷങ്ങൾക്ക്. പാലും ബദാമും കൂടി ദിവസവും ജ്യൂസ് അടിച്ച് കുടിച്ചു. ഇടയ്ക്കിടെ തണുപ്പിച്ച റോസ് വാട്ടർകൊണ്ട് മുഖമൊപ്പി. മുല്ലപ്പൂ മണമുള്ള നല്ല അത്തറ് വാങ്ങിച്ചിട്ട് ഒരു കോട്ടണിൽ മുക്കി പൊക്കിൾച്ചുഴിയിൽവെച്ചു. എന്നിട്ട് അതിന്റെ മണത്തോട് ആരും കാണാതെ ചിരിച്ചു. ഭർത്താവിന്റെ സന്തോഷത്തിനുള്ള സ്വലാത്ത് ചൊല്ലിത്തുടങ്ങി. കൂട്ടുകാരികളുടെ കൂട്ടുകാരികളെ വരെ കല്ല്യാണം വിളിച്ചു. എന്തെന്നറിയാതെ ആത്മവിശ്വാസം കൂടി. അങ്ങനെയങ്ങനെ ഹയ്റു പൂത്തൊരുങ്ങി, കല്ല്യാണവും ഇങ്ങെത്തി.

നാട്ടാർക്കും വീട്ടാർക്കും പെരുത്ത് സന്തോഷം. നാട്ടുമ്പുറത്തെ കല്ല്യാണങ്ങൾ അങ്ങനെയാണല്ലോ.. എല്ലാരും സജീവമായിട്ട് തന്നെ പങ്കെടുത്തു. വൈകിട്ട് അഞ്ച് മണിക്കടുത്തായി മണവാട്ടി പുത്യാപ്ലയുടെ വീട്ടിലെത്താൻ. വീടവൾക്ക് ഇഷ്ട്ടായി. വലിയ ജനാലകളും തറയോടുമൊക്കെയുള്ള സുന്ദരൻവീട്..

അത്യാവശ്യം ശ്വാസമയക്കാം എന്ന രീതിയിൽ ഹയ്റു എത്തിയത് ഒമ്പത് ഒമ്പതരയോടെയാണ്. അപ്പോൾ തൻവീറിന്റെ അനിയത്തി മെഹ്റു ഇത്താത്തക്ക് മാറാൻ ഡ്രസ്സ് കൊണ്ട് കൊടുത്തു. കൂടെ എന്തെങ്കിലും കഴിക്കാൻ താഴേക്ക് വരാൻ ഉമ്മ പറഞ്ഞു എന്നും പറഞ്ഞു. ഡ്രസ്സ്മാറി ആഭരണങ്ങളും അഴിച്ച് വെച്ചപ്പോ എന്തൊരാശ്വാസം. എന്നിട്ട് ജനല് തുറന്ന് ഉച്ഛ്വാസവായുവിനെ ആഞ്ഞു വലിച്ച് ഉശാറായി ചോറുണ്ണാൻ താഴേക്ക്പോയി. രഹസ്യസംഗതികളൊക്കെ അറിയാവുന്ന മിർഷാദിന്റെ രണ്ട് മൂന്ന് കൂട്ടുകാർ എത്ര ഒളിഞ്ഞും തെളിഞ്ഞും നോക്കിയിട്ടും ഇപ്പറഞ്ഞ ധൈര്യമൊന്നും ഹയ്റുവിൽ കണ്ടില്ല. അവര് പിറുപിറുത്തു ഒരു പാവം പെണ്ണ്. ഈ സമയത്ത് മുഹമ്മദ്കോയ ഉമ്മറത്തെ ചാരുപരടീല് കിടന്ന് ഒരു ദീർഘനിശ്വാസമയച്ചു. വല്ലാത്തൊരസാധാരണയോടെ ദീർഘനിശ്വാസത്തോടൊപ്പം ഒരു കീഴ്ശ്വാസവും പോയി. അതെങ്ങനെ ഒരുമിച്ച്പോകും എന്നുള്ളത് അയാൾ പിന്നെ കുറെകാലം ഓർത്തു.

രാത്രി പതിനൊന്നര. ഈ സംഭവം അറിയുന്നവർക്കെല്ലാം ഉറക്കം വരാതിരുന്ന രാത്രി. കല്ല്യാണദല്ലാൾ വരെ അന്ന് ഉറങ്ങിയില്ല. നബീസ അങ്ങോട്ടുമിങ്ങോട്ടും നടന്ന് നേരം വെളുപ്പിച്ചു. അപ്പോൾ വല്ലാത്തൊരു ടെൻഷനോടെ തൻവീർ അറയിൽക്കയറി. നീ തോറ്റൊന്നും പോകല്ലെ എന്ന ആൺലോകത്തിന്റെ മുഴുവൻ നിലവിളി അവന്റെ കാതിൽ പ്രതിധ്വനിച്ചു. ആണത്തം തെളിയിക്കേണ്ട രാത്രിയാണ്, അതും ഇങ്ങനത്തെ ഒരു പെണ്ണിനൊപ്പം. എല്ലാർക്കും ഈ ഒരു ദിവസം പേടി ഉണ്ടാവുന്നറിയാം. ഇത് പക്ഷേ അങ്ങനെയാണോ....ഹയ്റു മുറിയിൽ തന്നെയുണ്ട്. എന്തോ കൊറിച്ചുകൊണ്ടിരിക്കുന്നു. മിർഷാദ് വിറച്ചു

കൊണ്ട് പോയി അലമാരയിൽനിന്ന് പാന്റ് മാറ്റാൻ മുണ്ടെടുത്തു. അപ്പോഴാണ് ഹയ്റു മെല്ലെ അടുത്തു വന്നത്. ഇക്കാ...ഇക്കാ..... ഭക്ഷണം കഴി ച്ചോ...തൻവീർ അതേ വിറയലോടെ പറഞ്ഞു ഏയ്, ഇല്ല മോളെ. അവിടുന്ന് അവരൊക്കെ ഒന്നു പോയ്കിട്ടണ്ടെ., കുറെ വൈകിയപ്പോ പിന്നെ നീ കാത്തിരിക്കയല്ലേന്ന് വെച്ചു കുറച്ച് പായസം കുടി ച്ചിട്ട് പോന്നു. ഞാൻ കുറെ ശ്രമിച്ച് നോക്കി നേരത്തെവരാൻ, പറ്റിയില്ല. ഒന്നും തോന്ന ല്ലെട്ടോ.ഞാൻ എന്റെ ഇക്കാന്റെ മട്ടുംഭാവോം കണ്ടിട്ട് പേടിച്ചു, ന്നെ മറന്നുപോയോന്ന്.. കുറച്ച് സമയമെടുത്ത് ബെഡ്ഡിലിരുന്ന് അവൻ സമാധാന ത്തോടെ പറഞ്ഞു. അതിലോട്ടാണ് ഞാൻ പോകു ന്നത് പൊന്നെ.. നീ വാ എന്റെ അടുത്ത് വന്നിരിക്ക്, കുറെ പറയാനുണ്ട്. ഹയ്റു നാണത്തോടെ അവടെ വന്നിരുന്നു. ഞാൻ കാത്തിരിക്കുകയായിരുന്നു ഈ നിമിഷത്തിന് വേണ്ടി തൻവീർ പറഞ്ഞു. ഞാനും. അതും പറഞ്ഞ് ഹയ്റു മുന്നോട്ടാഞ്ഞു. എന്നിട്ട് മേശപ്പുറത്ത് വെച്ചിരുന്ന വെള്ളം കുറച്ചെടുത്ത് കുടിച്ചു. പയ്യന്റെ നെഞ്ച് ഇപ്പം പൊട്ടും എന്ന അവസ്ഥയിലായി. ഓളുടെ മണംതന്നെ ഓനെ സ്വർഗ്ഗത്തിന്റെ ഒരരികത്തെത്തിച്ചു. അടിമുതൽ മുടിവരെ വൈദ്യുതി. ആദ്യം നെറ്റിയിലേക്ക് വീണുകിടക്കുകയായിരുന്ന അവളുടെ മുടി മെല്ലെ ഒതുക്കിവെച്ചു. തന്റെ ബീവിയുടെ ചുണ്ടിൽനിന്നും കണ്ണിൽനിന്നും വരെ തേനൊലിക്കുന്നത് പോലെ തോന്നി പുയ്യാപ്ലക്ക്. തൊട്ടടുത്ത് നാണിച്ച് ചുവ ന്നിരുന്ന ഹയ്റുവിനെപ്പിടിച്ച് തന്റെ നെഞ്ചിലേക്ക് അടുപ്പിച്ച് കാതിൽ പറഞ്ഞു ന്റെ മോൾക്ക് എന്തു വേണേലും ഞാൻ തരും. നീ ഒന്ന് ക്ഷമിക്ക് അപ്പോൾ മൈലാഞ്ചിക്കൈ കൊണ്ട് കയ്യിൽ പ്പിടിച്ചിട്ട് അവള് ചോദിച്ചു. ഉം. സത്യം. എന്നാ ഒരു കാര്യം ചോദിക്കട്ടെ. ദേഷ്യം തോന്നോ.. ദേഷ്യം തോന്നിയാ ക്ഷമിക്കണെ... ഓനപ്പം നിരോധ് വെച്ച സ്ഥലം ഓർക്കായിരുന്നു. തിരക്കിനിടയില് എവിടോ വെച്ചു. എവടായിരുന്നു ഹയ്റു വീണ്ടും തുടർന്നു.ക്കാ... ജീവിതത്തിലെ ഏറ്റവും സന്തോഷമുള്ള ദിവസമല്ലെ ഇക്കാ ഇത് നമുക്ക് രണ്ടാൾക്കും. അപ്പോ ഏറ്റവും സന്തോഷമുള്ളിടത്ത് വെച്ച് വേണ്ടേ അത് തുടങ്ങാൻ. അതെ, വേണം. എന്നാ നമുക്ക് ഒരു കാര്യം ചെയ്താലോ.. നമു ക്കൊന്ന് ബീച്ചീ പോയാലോ. രാത്രിയുള്ള കട ലിന്റെ മണത്തിന് എന്ത് രസാന്ന് കുറെ വായി ച്ചിട്ടുണ്ട്. ഒരിക്കലും പോകാനായില്ല, വല്ലാത്തൊ രാഗ്രഹം. അതൂടിണ്ടായാല് എന്ത് രസായിരിക്കും ഇന്ന്. ന്റെക്കാ ഒന്ന് കൊണ്ട് പോകാമോ. എന്ത് തൻവീറിന്റെ വാ പൂർണ്ണമായി പിളർന്നു.

ന്റെ പൊന്നുമോളെ, ഇങ്ങനൊന്നും പറയരുത്. ഞാൻ നിനക്കിവിടെ ഒരു കടല് തന്നെ ഉണ്ടാക്കിതരാം, ഒന്ന് ക്ഷമിക്ക്.

അത് പറ്റൂല എന്നൊന്നും പറയല്ലെ ഇക്കാ, എന്നാലും ഇക്കാ എനിക്ക് വാക്ക് തന്നതല്ലെ.... ഹയ്റുവിന്റെ മുഖം ചുവന്നു. പ്രത്യേകിച്ച് മൂക്കിന്റെ തുമ്പ്. കുറച്ച് കഴിഞ്ഞ് അവള് തന്നെ പറഞ്ഞു. സോറി.. ബുദ്ധിമുട്ടാവുമെങ്കില് വേണ്ട. ഒന്ന് നടു നിവർന്ന് മിർഷാദ് പറഞ്ഞു ഏയ് എന്ത് ബുദ്ധിമുട്ട് എങ്ങനെയൊക്കെയോ ആരുംകാണാതെ വീടിന്റെ പുറത്തെത്തിയ മിർഷാദ് തന്റെ ഹൂറി ഹയ്റൂ ന്റെയും കൂടി അകമഴിഞ്ഞ സഹായത്തോടെയാണ് ഒച്ചയുണ്ടാക്കാതെ ബൈക്ക് പുറത്തെത്തിച്ചത്.

പഴയ ഒരു തറവാട് വീടായതുകൊണ്ട് എവിടെ തൊട്ടാലും ഒച്ചയാണ്. എന്നാലും ആദ്യ രാവിന്റെ ചന്തത്തില് മിർഷാദ് എന്ത് റിസ്ക്കിനും തയ്യാറായിരുന്നു.

ചെറുപ്പത്തില് മരണക്കിണർ കണ്ട ഓർമ്മ യാണ് പക്ഷേ ബൈക്കോടിക്കുമ്പോൾ തൻവീ റിനുണ്ടായത്. കടൽത്തീരത്തേക്ക് ഏകദേശം മുക്കാൽമണിക്കൂറുണ്ട്. എത്തിയപ്പോ ആണെങ്കില് ഒറ്റമനുഷ്യനില്ല അടുത്തെങ്ങും. ഹയ്റു തന്റെ പ്രിയതമന്റെ കൂടെ ആദ്യമായി നടക്കുകയാണ്. അവള് ചെരുപ്പഴിച്ചിട്ട് ബൈക്കിന്നടുത്ത് വെച്ചു. ഇടക്കിടെ നാണത്തോടെ ചിരിച്ചതിനൊപ്പം കാലുകൊണ്ട് മണ്ണും വെള്ളോം മാറിമാറി തെറിപ്പിച്ചു. എവിടെന്നോ ചെമ്പകം പൂത്ത മണമുണ്ടായിരുന്നു. തൻവീറിന്റെ കൈ പിടിച്ച് തന്റെ ചുമലിലേക്ക് ചുറ്റിപ്പിടിപ്പിച്ച് നെഞ്ചിലേക്ക് ചേർന്ന് നിന്ന് ചുണ്ട് ചുണ്ടോട് ചേർത്ത് മുഹമ്മ ദിന്റെ ഉമ്മുക്കുൽസു പറഞ്ഞു ന്ത് രസാ ന്റെ പടച്ചോനെ ഈ ലോകം. നമുക്കിന്ന് കടലിന്റെ അങ്ങേയറ്റം വരെ നടന്നാലോ. പുലർച്ചയാകുമ്പോ ആരും അറിയാതെ വീട്ടീ പോവാം.അമ്പരപ്പ് മാറാതെ മിർഷാദ് ഞെട്ടലോടെ ചോദിച്ചു... അപ്പോ വേറൊന്നും.വേണം.. വേണം. എനിക്ക് ഒരു ചായ വാങ്ങിത്തരാമോ.. എന്നും പറഞ്ഞ് ഹയ്റു അവനെയും പിടിച്ച് നടത്തം ആരംഭിച്ച് കഴിഞ്ഞു. ഒരരക്കിലോമീറ്റർ നടന്ന് കഴിഞ്ഞ് തിരിഞ്ഞ് നിന്ന് പുതുപ്പെണ്ണ് പുതിയാപ്ലനോട് ചോദിച്ചു.എങ്ങനുണ്ട്.

സൂപ്പർ

അവനത് പറഞ്ഞപ്പോൾ ഹയ്റുന്നിസയുടെ മുഖത്തെ രണ്ട് വജ്രങ്ങൾ രാവിന് നിറം പകർന്നു കൊണ്ട് വെട്ടിത്തിളങ്ങി. സ്വർഗ്ഗത്തിലെ ആ ഹൂറി യുടെ പ്രകാശം കണ്ടിട്ട് മിർഷാദിന് താനൊരു വൃദ്ധനായിരിക്കുന്നതുപോലെ തോന്നി.

നീ അവിടം കണ്ടാൽ സുഖാനുഗ്രഹവും വലിയൊരു സാമ്രാജ്യവും നിനക്ക് കാണാം.

*(സൂറത്തുൽ ഇൻസാൻ 20)*

*ഖുറാനിലെ ഒരു സ്വർഗ്ഗവിവരണം*

■



സതി അങ്കമാലി
കവി

# മലയാള ദളിത്കവിതയിലെ ഭാഷാരാഷ്ട്രീയം

**പൊ**തുസാഹിത്യചരിത്രത്തിന്റെ അപായച്ചങ്ങല വലിച്ചുനിർത്തിക്കാൻ പ്രാപ്തമായ വാക്കുകൾ കൊണ്ടാണ് സജീവൻ പ്രദീപ് എന്ന കവി മലയാളകവിതയിലേയ്ക്ക് കടന്നുകയറുന്നത്. ഭൂതകാലത്തെ, അതിജീവനത്തിന്റേയും പ്രതിരോധത്തിന്റേയും അടയാളമായി ദലിത്കവിതയിലും വിമർശനത്തിലും സ്വീകരിക്കുന്ന ആധുനികാനന്തര ഘട്ടത്തിലാണ് സജീവൻ പ്രദീപും എഴുത്തിൽ സജീവമാകുന്നത്. 'ഒരു ജാതിവാക്കുകൾ' എന്ന സമാഹാരത്തിൽ പൊതുസാമൂഹ്യവ്യവഹാരങ്ങൾക്കകത്ത് അവഗണിക്കപ്പെട്ടതും കൊലചെയ്യപ്പെട്ടതുമായ ചരിത്രസൂചകങ്ങളെയും ജീവിതങ്ങളെയുമാണ് അക്ഷരപ്പെടുത്തുന്നത്. ഇവിടെ കവിത, കവിത മാത്രമല്ലാതാകുകയും അത് അദൃശ്യരും അധികാരരഹിതരുമായവരുടെ ചരിത്രമാവുകയും ചെയ്യുമ്പോൾ ആധുനിക ജീവിതവ്യവഹാരങ്ങളുടെ ഭാഷാനിഘണ്ടുക്കൾ അപൂർണ്ണമാണെന്ന് ഇത്തരം കാവ്യഘടനകൾ ഓർമ്മിപ്പിക്കുന്നു.

"ചത്തോരന്റെ ചോറേ..'
ചാവ്മണത്തന്റെ ഉടലേ
കാരികാഞ്ഞിരത്തണലേ
കൂരികരിപ്പൻമീനേ
മണ്ണ്പെറ്റവെള്ളേ
കണ്ണ്കൊത്തിയപാമ്പേ'

എന്ന് "വെള്ളമ്മ അഥവാ കൂത്തിച്ചി കുരിപ്പ്" കവിതയിൽ ഇരുന്ന് പാടുമ്പോൾ സ്വന്തം വാക്കുകൾ ഉപയോഗിക്കാൻ കഴിയാതെ അപകർഷത അനുഭവിച്ച ഒരു ജനതയ്ക്ക് കൊലചെയ്യപ്പെട്ട ഭാഷയുടെ ശരീരം തിരിച്ചുനൽകിക്കൊണ്ട്, അവരൊളിപ്പിച്ചു വച്ച നാണക്കേടുകൾ വലിച്ചുകീറി പുറത്തിടുന്നുണ്ട്.

മലവെള്ളത്തിന്റെ
ഓരോ അടരുമവളെ
കാത്തിരിക്കുന്നു
അവൾക്ക് വേണ്ടി ശവങ്ങളെ
കരിംപാറക്കെട്ടുകളമർത്തി
വെയ്ക്കുന്നു
പത്തുപതിനഞ്ചുമാൾക്ക്
വെള്ളോള്ള
ചുഴികളിലവൾ
പൊൻമയെപ്പോലെയൂളിയിടുന്നു
അടിത്തട്ടിലവളുടെ
വിരൽത്തൊട്ടാൽ
വെള്ളച്ച് മരവിച്ച ശരീരങ്ങൾ
പൂക്കുറ്റിപ്പോലെയുർന്ന്
മേൽപരപ്പിൽ വിരിയുന്നു

അസാമാന്യമായ നീതിബോധത്തിന്റെ കുര്യാലയിൽ നിന്ന് പൂക്കുറ്റിപോലെ ഉയർന്നു നിൽക്കുന്നുണ്ട് കുരിപ്പ്. അതേസമയം വാതിലടയാത്ത വീടായി അസ്വാഭാവിക ജീവിതത്തിന്റെ കുന്തിരിക്കം പുകച്ചുനിൽക്കുന്ന കൂത്തിച്ചിയേയും നമുക്കൊരാളിൽ തന്നെ കാണാം. സാംസ്കാരികമായി വിരുദ്ധപ്രദേശങ്ങളിൽ നിൽക്കുന്ന കൂത്തിച്ചിയും, കുരിപ്പും വ്യത്യസ്ത ജീവിതപരിസരങ്ങളെ ആവിഷ്കരിക്കുകയും പ്രതിനിധീകരിക്കുകയും ചെയ്യുമ്പോഴും ഇവിടെ ഭാവുകത്വപരമായ സന്തുലനം നഷ്ടപ്പെടുന്നില്ല. പകരം അതിന്റെ നൈതികവും മാനവികവുമായ ചലനങ്ങൾ സമൂഹത്തിലെ യാഥാസ്ഥിതികബോധശൂന്യതയെ ചോദ്യം ചെയ്യുന്ന ഒരു തലം സൃഷ്ടിക്കപ്പെടുന്നത് കാണാതിരുന്നുകൂടാ.

വെള്ളമ്മയെന്ന ഭാവന കരുത്താർജ്ജിക്കുന്നത് ഇന്ത്യൻ ദലിത്സ്ത്രീത്വത്തിന്റെ കറുപ്പിലും കരുത്തിലുമാണ്. കാഞ്ഞിരക്കയ്പ്പുള്ള ജീവിതത്തിൽ കുതിരലാടൻ തറഞ്ഞ അരക്കെട്ടുമായി കിഴക്കോട്ടു നടന്ന് സ്വാതന്ത്ര്യത്തിന്റേയും സ്വയം നിർണ്ണയത്തിന്റേയും തീച്ചാരായം മോന്തുന്ന വെള്ളമ്മ, ഒറ്റമോളുടെ നേർക്ക് അന്തിക്കൂട്ടുകാരന്റെ നോട്ടമൊന്നു പിഴച്ചാൽ പച്ചത്തെറികൊണ്ടവന്റെ നെറുംതല തള്ളിപ്പൊളിക്കുന്നു. എന്നിരുന്നാലും

**ലത്/ലതിന് എന്ന പദങ്ങളിലെ അമൂർത്തത കീഴാളജീവിത ങ്ങളെയാണ് പ്രതിനിധീകരി ക്കുന്നത്. ഭാഷാപരമായി ഏറെ പാർശ്വമായി കാണാവുന്ന ഈ പദങ്ങൾ സമകാലീനതയിൽ ഏറ്റവും പ്രസക്തമായ ചോദ്യങ്ങ ളിലാണ് ഊന്നുന്നത്. അതോ ടൊപ്പം തന്നെ ധീരമായ ചില രാഷ്ട്രീയ ധർമ്മങ്ങൾ നിലവിലെ സാമൂഹ്യ സന്ദർഭത്തിൽ അത് നിർവ്വഹിക്കുന്നുമുണ്ട്.**

അവൾ ചരിത്രപരമായ അനീതിയുടെ ദുരന്താനുഭവ ങ്ങളിലേയ്ക്ക് മുങ്ങിത്താഴ്ന്ന് അപ്രത്യക്ഷയാകുന്നു. യാഥാർത്ഥ്യം തന്നെ നിർമ്മിതിയായി വ്യവഹരിക്ക പ്പെടുമ്പോൾ അതിന് ചരിത്രത്തിന്റേയും ചിന്തയു ടേയും കർതൃത്വത്തിന്റേയും ശരീരത്തിന്റേയും പ്രതി നിധാനപരത കൂടി കൈ വരുന്നു. ഇത് യാഥാർത്ഥ്യത്തിന്റെ ഭൗതിക ബാഹ്യ ങ്ങളെ ദൃശ്യപ്പെടുത്തുക മാത്രമല്ല മറിച്ച്, കീഴാള ജീവിതങ്ങളുടെ ആന്തരീക ഉള്ളടക്കങ്ങളേയും ബഹുമുഖയാഥാർത്ഥ്യങ്ങളേയും സ്ഥാപനവൽക്കരി ക്കുകയും ചെയ്യുന്നുമുണ്ട്. ഇത് സാമൂഹ്യ-സാംസ്കാരികാധികാരരൂപമായ ഭാഷാവബോധ ത്തെക്കൂടി വിച്ഛേദിച്ചുകൊണ്ടാണ്. കുരിപ്പ്/ നെറും തല/വെള്ളോള്ളചുഴി/മോന്തി/കച്ചോടം/ വെന്തിങ്ങ കണ്ണൻ/വെള്ളമ്മ മോള്ടെ/കന്നിമണ്ണ്/ നെറേല് എന്നിങ്ങനെയുള്ള പദങ്ങൾ കൊണ്ട് ഭാഷ യുടെ മാനകമായ ഉച്ചാരണവ്യവസ്ഥയെ ഉടച്ചു വാർത്തും സമകാലീനകവിതയുടെ ശബ്ദഘട നയെ തന്നെ പൊളിച്ചെഴുതുന്നു.

കാലീകരാഷ്ട്രീയത്തിലെ അനീതിക ളേയും അസമത്വങ്ങളേയും നേരിട്ടും സമുദായ പരമായും ആത്മവൽക്കരിച്ച ഒരു കവിതയാണ് 'ലത്' ഇൻഡ്യൻ ജാതിവ്യവസ്ഥയുടെ ചരിത്രപരമായ ഇര കളെന്ന നിലയിൽ കറുത്തവർ നിൽക്കു മ്പോൾതന്നെ സമൂഹത്തിൽ ധാർമ്മികമായ മേൽ ക്കൈ തങ്ങൾക്കു തന്നെയാണെന്ന് വരേണ്യആൺ ക്കോയ്മയോട് ഉറക്കെപറയുന്നുണ്ട് ഈ കവിത.

"സ്വാമീടെ, 'ലത്' അഴിഞ്ഞുപോവും  
'ലത്' കാത്തുസൂക്ഷിക്കേണ്ടത്  
നുമ്മ പെണ്ണുങ്ങടെ കടമയാണ്  
എന്നൊന്നും പറഞ്ഞുവരല്ലേ  
'ലത്' അഴിയാണ്ട് നോക്കാൻ  
പറ്റാത്തവന്റെ കാര്യം പോക്കാ."

(എന്നു പറയുക മാത്രമല്ല)  
"പ്രാർത്ഥന  
ജാഥ  
മണ്ണാംങ്കട്ട, ഞങ്ങക്ക് 'ലതിന്'  
ഒഴിവില്ല പെണ്ണുങ്ങളെ..."

എന്ന് തീർച്ചപ്പെടുത്തിക്കൊണ്ട് തള്ളിപ്പറയു ന്നുമുണ്ട്. ഇതിലൂടെ കീഴാളനുമേൽ ചാരിവച്ച വർഗ്ഗ രാഷ്ട്രീയ താല്പര്യങ്ങളെ തട്ടിമറിച്ചിട്ടുകൊണ്ട്

"ഞങ്ങടെ പെണ്ണുങ്ങൾ  
ഞങ്ങളിൽ നിന്ന് മാറിക്കിടന്നില്ല.  
ശബരിമലമുണ്ട് ഞങ്ങളും,  
ഞങ്ങളുടെ കുട്ടികളും  
നാടകത്തീന്ന്, ഊരിക്കളഞ്ഞു"

എന്ന് അധികാരഅപ്രമാദിത്വത്തോട് കല ഹിക്കുന്നുമുണ്ട്.

കറുത്ത പെൺമ അനുഭവിക്കുന്ന സാമൂഹ്യ-സാംസ്കാരിക സന്ദിഗ്ധതയെ "പച്ച ത്തെറിയുടെ ഉത്സവാഘോഷ"ത്തിലൂടെ മറികട ക്കുമ്പോൾ പ്രത്യേകിച്ചും അധീശത്വപ്രതിരോധ ത്തിനും അതിജീവനത്തിനുമുള്ള ആയുധമാവു ന്നുണ്ട് ഭാഷ. ഭാഷയുടെ മ്ലേച്ഛ/കുലീന സങ്കൽപ്പ ങ്ങളെ വിച്ഛേദിക്കുന്ന വെറും പറച്ചിലുകളല്ലാതെ സത്യസന്ധവും, മനുഷ്യസഹജവുമായ സ്വതന്ത്രവിനിമയങ്ങളുടെ ദേശമാവുന്നു ഭാഷ.

ലത്/ലതിന് എന്ന പദങ്ങളിലെ അമൂർ ത്തത കീഴാളജീവിതങ്ങളെയാണ് പ്രതിനിധീകരി ക്കുന്നത്. ഭാഷാപരമായി ഏറെ പാർശ്വമായി കാണാ വുന്ന ഈ പദങ്ങൾ സമകാലീനതയിൽ ഏറ്റവും പ്രസക്തമായ ചോദ്യങ്ങളിലാണ് ഊന്നുന്നത്. അതോടൊപ്പം തന്നെ ധീരമായ ചില രാഷ്ട്രീയ ധർമ്മങ്ങൾ നിലവിലെ സാമൂഹ്യ സന്ദർഭത്തിൽ അത് നിർവ്വഹിക്കുന്നുമുണ്ട്.

ലത്/വെറുമൊരു ലതല്ലാതെ സ്ഥലകാല ങ്ങളേയും സ്വത്വങ്ങളേയും, ശരീരത്തേയും ലൈംഗി കതയേയുമൊക്കെ പേരുചൊല്ലി വിളിക്കാൻ പ്രാപ്തിയുള്ളപ്പോൾ/ലതിന്/എന്നത് കാമനകളുടെ അധീശത്വത്തെ ശക്തമായി തള്ളിക്കളയുന്ന നിഷേ ധധ്വനിയാവുന്നുണ്ട്.

ഈ കവിതകളിൽ ഭാഷ ഒരു ജനതയുടെ ആശയവിനിമയോപാധി മാത്രമല്ല ഇത് സംസ്കാര ത്തിന്റെ പ്രതിനിധാനവും നിർമ്മിതിയും അധികാര ഘടനകളുടെ സ്വയംനിർണ്ണയവും ആകുന്നുണ്ട്. അപ്രിയവാക്കുകളുടെ പിടഞ്ഞോട്ടങ്ങളല്ല തറഞ്ഞ വേദനകളെ ഊരിമാറ്റുന്ന അതിജീവനത്തിന്റെ ജല നെല്ലിക്കകളാകുന്നു. ആദ്യം കയ്ച്ചും പിന്നെ മധു രിച്ചും. അറിവിന്റെ നിക്ഷേപങ്ങളായി പരിവർത്തന പ്പെടുന്ന രാഷ്ട്രീയബോധവും രാഷ്ട്രീയപ്രതിരോ ധവും ഈ കവിതകളിൽ കാണാം.

■

# കാഴ്ചപ്പാടുകൾ



ലിൻസി തങ്കപ്പൻ
ഗവേഷക വിദ്യാർത്ഥി
മഹാത്മാഗാന്ധി സർവ്വകലാശാല

## അംബേദ്കർ സ്റ്റുഡൻസ് അസോസിയേഷൻ

ഒരു രാജ്യത്തിന്റെ പുരോഗതി ആ രാജ്യത്തിലെ സ്ത്രീകൾ ആർജ്ജിച്ച പുരോഗതിയെ അടിസ്ഥാനപ്പെടുത്തിയാണ് കാണേണ്ടത് എന്ന് മഹാനായ അംബേദ്കർ പറഞ്ഞതിനെ അടിസ്ഥാനപ്പെടുത്തിയാണ് എ എസ് എ അതിന്റെ പ്രവർത്തന ശൈലി രൂപപ്പെടുത്തിയിരിക്കുന്നത്. കേരളത്തിലെ എല്ലാ ക്യാമ്പസ് വിവേചനങ്ങളെയും കൃത്യമായി എ എസ് എ നിരീക്ഷിക്കുന്നുണ്ട്. എല്ലാ സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ ഇടപെടലുകളിലും ഇതുവരെ കൃത്യമായ പങ്കാളിത്തം വഹിച്ചിട്ടുണ്ട്. ജിഷ വധം, മധുവിന്റെ ജാതിക്കൊല, ആസിഫയുടെ നേർക്കുണ്ടായ റേപ്പ്, ഇവയിലൊക്കെ ശക്തമായ പ്രതിഷേധവുമായി അസ കേരളത്തിന്റെ സാംസ്കാരിക മനസുകൾക്കൊപ്പം നിന്നിട്ടുണ്ട്. ഒപ്പം കേരളത്തിലെ എല്ലാ ദലിത് സാംസ്കാരിക പ്രവർത്തകരുമായും, സംഘടനാ നേതൃത്വങ്ങളുമായും സൗഹൃദം പുലർത്തിയാണ് എ എസ് എ നീങ്ങുന്നത്. ചിലയിടങ്ങളിൽ വിയോജിപ്പിന്റെ രാഷ്ട്രീയത്തോടെ സമവായത്തിൽ നീങ്ങുകയും ചെയ്യുന്നു. കേരളത്തിൽ ആദ്യമായി എ എസ് എ രൂപം കൊണ്ടത് എം ജി യൂണിവേഴ്സിറ്റിയിൽ ആണ്. രഞ്ജിനി ചെല്ലപ്പൻ, ദീപാ പി മോഹനൻ, മായ. ടി. കെ, അനുപമ, സോണിമ, ചിഞ്ചു എന്നിവരാണ് എ എസ് എ രൂപം കൊണ്ടപ്പോൾ ഉണ്ടായ സ്ത്രീകൾ. ലൈംഗിക ന്യൂനപക്ഷങ്ങൾ, ട്രാൻസ് ജൻഡർസ് ഇവരെയും ചേർത്തുള്ള എക്സിക്യൂട്ടീവ് കമ്മിറ്റി ആണ് പ്ലാൻ ചെയ്തതെങ്കിലും ആ വിഭാഗത്തിൽ നിന്നും ആരെയും ഇതുവരെയും അംഗങ്ങൾ ആയി ക്യാമ്പസ്സിൽ നിന്നും കിട്ടിയിട്ടില്ല. വിദ്യാർത്ഥികൾ തന്നെ പിരിവെടുത്താണ് ഇതിന്റെ പ്രവർത്തനങ്ങൾ നടത്തുന്നത്. ചിലപ്പോളൊക്കെ ചില അദ്ധ്യാപകർ സഹായിക്കാറുണ്ട്. ഇതുവരെ പ്രവർത്തന സ്വാതന്ത്ര്യത്തിൽ വിലക്കുണ്ടായിട്ടില്ല. കേരളത്തിലെ എല്ലാ ക്യാമ്പസിലും എ എസ് എ ഉണ്ടാകണം എന്നാണ് ആഗ്രഹം എന്ന് എ എസ് എയുടെ ആദ്യ ജനറൽ സെക്രട്ടറിയും ഇപ്പോൾ എക്സിക്യൂട്ടീവ് അംഗവുമായ ഗവേഷക വിദ്യാർത്ഥിനി ലിൻസി തങ്കപ്പൻ വ്യക്തമാക്കി.

## ദലിത് ഹർത്താൽ



മൃദുലാദേവി
ശശിധരൻ

കേരളത്തിൽ കൃത്യമായ ദലിത് സ്ത്രീ മുന്നേറ്റം ഉണ്ടായി എന്നതിന്റെ ശക്തമായ ദൃഷ്ടാന്തം ആയിരുന്നു ഇക്കഴിഞ്ഞ ഏപ്രിൽ 9ന് വിവിധ ദലിത് സംഘടനകൾ ചേർന്ന് നടത്തിയ ഹർത്താലിലെ ദലിത് സ്ത്രീ ഇടപെടലുകൾ. എസ് സി/എസ് ടി അട്രോസിറ്റി ആക്ട് വയലേറ്റ് ചെയ്യപ്പെട്ടപ്പോൾ ആഹ്വാനം ചെയ്യപ്പെട്ട ഹർത്താലിനെ ചെറുക്കാൻ വ്യാപാരി വ്യവസായി സമൂഹം ഒന്നിച്ചപ്പോൾ, ഹോട്ടൽ വ്യവസായികൾ കടകൾ തുറക്കുമെന്ന് അറിയിച്ചപ്പോൾ, സർവോപരി ഹർത്താലിന് തലേദിവസം എന്റെ കടയിൽ ഹർത്താലുകാർ വന്നാൽ മുട്ടുംകാൽ തല്ലി ഒടിക്കും എന്ന ഒരു ലൈവ് വീഡിയോ ഹർത്താലിന് തലേ ദിവസം അർദ്ധ രാത്രിയോടെ സാമൂഹിക മാധ്യമം വഴി പ്രചരിച്ചപ്പോൾ ഒറ്റക്കെട്ടായി നേരിടണമെന്ന് തോന്നി. ഒരു വാട്സാപ്പ് സന്ദേശത്തിലൂടെ സ്ത്രീകൾ ഹർത്താലിൽ പങ്കെടുക്കുക എന്ന സന്ദേശം അഭൂത പൂർവമായ പിന്തുണയോടെ ദലിത് സമൂഹം ഏറ്റെടുക്കുകയും തൊട്ടടുത്ത ദിവസം സ്ത്രീകൾ നിരത്തിൽ ഇറങ്ങുകയുമാണുണ്ടായത്. ഹർത്താൽ പ്രഖ്യാപിച്ചപ്പോൾ മുതൽ സ്ത്രീകൾ രംഗത്തുണ്ടായെങ്കിലും മേൽപ്പറഞ്ഞ സംഭവങ്ങൾ കുഞ്ഞുകുട്ടികളെയുമെടുത്തു ഹർത്താലിന് ഇറങ്ങുവാൻ കേരളത്തിലെ ദലിത് സ്ത്രീ സമൂഹത്തെ പ്രേരിപ്പിക്കുകയായിരുന്നു ജാതിക്കോട്ടകൾ തകരട്ടെ എന്ന മുദ്രാ വാക്യവുമായി കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ദലിത് സ്ത്രീകൾ, ട്രാൻസ് സമൂഹം, പുരുഷന്മാർ എന്നിവർ തോൾ ചേർന്നു നിന്നാണ് ദലിത് ഹർത്താൽ വിജയിപ്പിച്ചത്.ഈ സമരത്തിന്റെ വിജയത്തോടെ നിരവധി സ്ത്രീകൾ സജീവ ദലിത് രാഷ്ട്രീയത്തിൽ ഇറങ്ങുകയുണ്ടായി.

വഴിത്താരകൾ



**ജാനകി**
*കോഴിക്കോട് സർവ്വകലാശാല*
*ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക*


# പെൺപോരാട്ടത്തിന്റെ തായ്‌വഴികൾ

സംഘർഷഭരിതമായ ചരിത്രമാണ് മണിപ്പൂരിന്റേത്. നർത്തകിമാരുടെ സൗമ്യമായ ചുവടുകളിലൂടെയും, മൃദുമന്ദഹാസത്തിലൂടെയും മാത്രം പുറം ലോകമറിഞ്ഞിരുന്ന മണിപ്പൂരിന്റെ ദു:ഖഭരിതമായ രൗദ്രരൂപമാണ് മണിപ്പൂരിലെ അമ്മമാർ തങ്ങളുടെ നഗ്നശരീരങ്ങളിലൂടെ തെരുവുകളിൽ ആവിഷ്കരിച്ചത്. ഇന്ത്യൻ ചരിത്രത്തിന്റെ ഔദ്യോഗിക ഭാഷ്യത്തിൽ ഇടം കിട്ടാതെ പോയ അദ്ധ്യായങ്ങളുണ്ട് മണിപ്പൂരി സ്ത്രീകളുടെ ഓർമ്മകളിൽ. ആ ഓർമ്മകളുടെ അവിഭാജ്യഘടകമാണ് അവരുടെ പരമ്പരാഗത വസ്ത്രമായ ഫനക്ക്. രക്തത്തിൽ കുതിർന്ന കഥയാണ് ഫനക്കിന്റേത്. സ്ത്രീകൾക്ക് മാത്രം നെയ്യാൻ അർഹതയുള്ള ഫനക്കിന്റെ ഊടും പാവുമാണ് യുദ്ധവും പ്രതിരോധവും. ആ വസ്ത്രത്തിലൂടെ തന്റെ പ്രൗഢോജ്ജ്വലമായ തായ്‌വഴികളെ അന്വേഷിക്കുകയാണ് സോണിയ നേപ്രം എന്ന ചലച്ചിത്ര സംവിധായിക. Bloody Phanek എന്ന അവരുടെ ലഘുചിത്രം ഇതിനകം നിരവധി അന്തർദേശീയ മേളകളിൽ പ്രദർശിപ്പിക്കപ്പെടുകയും, അതിന്റെ വേറിട്ട ശീർഷകം കൊണ്ട് തന്നെ ശ്രദ്ധ ആകർഷിക്കുകയും ചെയ്യുന്നു.



സോണിയ നേപ്രം

നിത്യേനേയെന്നോണം നടക്കുന്ന ബോംബ് സ്ഫോടനങ്ങൾക്കിടയിലൂടെ കൂസലില്ലാതെ പരസ്പരം ഫനക്ക് ഉടുപ്പിച്ച് കളിക്കുന്ന പെൺകുരുന്നുകളുടെ ദൃശ്യത്തിൽ തുടങ്ങി, അതിസുന്ദരമായ മണിപ്പൂർ ഗ്രാമങ്ങളിലേക്കും, ഗ്രാമീണരിലേക്കും, ചരിത്ര സ്മൃതികളിലേക്കും, ഗവേഷകരിലേക്കും, ഫാഷൻ ഡിസൈനറുകളിലേക്കും, നാടകപ്രവർത്തകയായ സാവിത്രി








**ബ്ലഡി ഫനക് ബാംഗ്ലൂർ**

യിലേക്കും സോണിയയുടെ ചിത്രം നീങ്ങുന്നു. വാക്കും ദൃശ്യവും ചേർന്ന് ഒരു മനോഹരമായ സന്തുലിതാവസ്ഥയിൽ എത്തിച്ചേരുന്ന ഈ ചിത്രം കൈയ്യടക്കത്തോടെ അതിന്റെ ആഖ്യാനം നിർവഹിക്കുന്നു. കുളിർമ്മയുള്ള പ്രഭാതങ്ങളും നീലിച്ച മലനിരകളും രാത്രിഭംഗികളും ചിത്രത്തിന്റെ അന്വേഷണത്വരക്ക് മാറ്റുകൂട്ടുന്നു.

ഫനക്ക് വെറുമൊരു തുണ്ടു വസ്ത്രമല്ല. അനുഷ്ഠാനപരമായി ഏറെ പ്രാധാന്യമുള്ള, ശുദ്ധാശുദ്ധങ്ങളുള്ള, പവിത്രമായ വസ്ത്രമാണത്. കർഷക സ്ത്രീകൾ വാചാലരാകുന്നു. 'എല്ലാ അനുഷ്ഠാനങ്ങളിലും ഫനക്ക് അനുവദിക്കപ്പെട്ടിട്ടില്ല. ദൈവങ്ങൾ പോലും ഭയഭക്തി ബഹുമാനങ്ങളോടെ നോക്കിക്കാണുന്ന വസ്ത്രമാണ് ഫനക്ക്. ദുർഭൂതങ്ങളെ അകറ്റാനുള്ള അനുഷ്ഠാനങ്ങളിൽ ഫനക്കിന്റെ പങ്ക് വലുതാണ്. സ്ത്രീകൾ ഫനക്കുകൊണ്ട് ഒരു പുരുഷനെ അടിച്ചാൽ അയാളുടെ ദിവസങ്ങൾ എണ്ണപ്പെട്ടുവെന്നു വിശ്വസിക്കപ്പെടുന്നു. ഉപയോഗിച്ചു കഴിഞ്ഞ ഫനക്കുകൾ പുരുഷന്മാർ തൊടാൻ പാടില്ല, പ്രസവസമയത്തും, ആർത്തവകാലത്തും സ്ത്രീകൾ ഫനക്കു ധരിക്കുന്നു. ആർത്തവ സമയത്ത് സ്ത്രീ പുരുഷന്മാർ ഒരുമിച്ചിരുന്ന ഭക്ഷണം കഴിക്കാറില്ല. പാരമ്പര്യത്തെ ചുമ്മാതങ്ങു എടുത്തുകളയാനാവില്ല എന്ന് ഒരു മധ്യവയസ്ക കടുപ്പിച്ചു പറയുന്നു. എന്നാൽ യാഥാസ്ഥിതിക മനോഭാവത്തിലേക്ക് ഫനകിന്റെ ഉപയോഗത്തെ നമുക്ക് ചുരുക്കാനാവില്ല.

രണ്ടു തലമുറകൾ തമ്മിലുള്ള സംഭാഷണമാണീ ചിത്രം. ഗ്രാമങ്ങളിൽ നിന്നും, നെയ്ത്തുശാലകളിൽ നിന്നു ക്യാമറ മദേഴ്സ് മാർക്കറ്റിൽ എത്തുമ്പോൾ മണിപ്പൂരിന്റെ സാമൂഹ്യ ജീവിത






ബ്ലഡി ഫനക്

ത്തിൽ സ്ത്രീകളുടെ കരുത്തുറ്റ സാന്നിദ്ധ്യം നമ്മൾ തിരിച്ചറിയുന്നു. ഇന്ത്യൻ ചരിത്ര പുസ്തകങ്ങളിലെ ഫനക്കിന്റെ അഭാവം നമ്മുടെ സാമ്പ്രദായിക ചരിത്രരചനകളിലെ മുൻവിധികളെയും, പാളിച്ച കളെയും വെളിപ്പെടുത്തുന്നു. 1904ലും 1939ലും ബ്രിട്ടീഷ സാമ്രാജ്യത്തത്തിനെതിരായി നടന്ന രണ്ടു യുദ്ധങ്ങളും ഫനക്കു ധരിച്ച സ്ത്രീകൾ നടത്തിയ യുദ്ധങ്ങളായിരുന്നു. ഝാൻസി റാണിയെ പോലെ ഈ സ്ത്രീകൾ എന്തു കൊണ്ട് പരാമർശി ക്കപ്പെടുന്നില്ല? ഈ ചോദ്യം പ്രത്യക്ഷമായി ചോദിക്കപ്പെടുന്നില്ലെങ്കിലും, മുഖ്യധാരാസമൂഹം സ്വയം ചോദിക്കേണ്ടതാണ്.

ഐതിഹ്യങ്ങളും, വിശ്വാസങ്ങളും, ചരിത്ര സംഭവങ്ങളും ഫനക്കിൽ തുന്നിച്ചേർത്തിട്ടുണ്ട്. സംസ്കാരപഠനവും ജെണ്ടർ രാഷ്ട്രീയവും ഒരു പോലെ ഇവിടെ പ്രസക്തമാവുന്നു. ഫനക്കിലൂടെ മണിപ്പൂരിന്റെ ധീരമായ പെൺപോരാട്ട ചരിത്ര ത്തിലേക്കു കൂടിയാണ് നമ്മൾ നടന്നു കയറുന്നത്. ഇന്ത്യൻ ചരിത്രപുസ്തകങ്ങളിലെ ഫനക്കിന്റെ അഭാവം നമ്മുടെ സാമ്പ്രദായിക ചരിത്ര രചന കളിലെ മുൻവിധികളെയും, പാളിച്ചകളെയും വെളിപ്പെടുത്തുന്നു.1904ലും 1939ലും ബ്രിട്ടീഷ് സാമ്രാജ്യത്തത്തിനെതിരായി നടന്ന രണ്ടു യുദ്ധങ്ങളും ഫനക്കു ധരിച്ച സ്ത്രീകൾ നടത്തിയ യുദ്ധങ്ങളായിരുന്നു. ഝാൻസി റാണിയെ പോലെ ഈ സ്ത്രീകൾ എന്തു കൊണ്ട് പരാമർശിക്കപ്പെടുന്നില്ല? ഈ ചോദ്യം ചിത്രത്തിൽ പ്രത്യക്ഷമായി ചോദിക്കപ്പെടുന്നില്ലെങ്കിലും, മുഖ്യധാരാ സമൂഹം സ്വയം ചോദിക്കേണ്ടതാണ്. ഇന്നും സമരമുഖങ്ങളിൽ ഫനക്ക് കാറ്റിൽ പാറുന്നതു കാണാം. ഫനക്കിന്റേതു മാത്രമായ ഒരു പ്രപഞ്ചമുണ്ട്. ചിലപ്പോൾ സവിശേഷ മൂല്യങ്ങളും ധാർമികബോധവും ഉത്തേജി പ്പിച്ചു നിർത്തുന്നത് ഒരു പ്രപഞ്ചം!

ഇവിടെ സ്വഭാവികമായി അടുത്ത ചോദ്യം ഉയരുന്നു. കരുത്തുറ്റ പ്രതിരോധ ത്തിന്റെ പ്രതീകമായി മുൻതലമുറ കാണുന്ന ഈ വസ്ത്രം ആധുനികതലമുറക്കെങ്ങി നെയാണ് ഒരു പരിമിതിയായി അനുഭവ പ്പെടുന്നത്. ലളിതവത്കരണങ്ങളിൽ കുടുങ്ങി പോകുന്നില്ലേ വസ്ത്രവും സ്വാതന്ത്ര്യ ബോധവും തമ്മിലുള്ള ബന്ധം? ഇത്തര ത്തിലുള്ള ആത്മപരിശോധനകൾ ഫനക്കിന്റെ ഒരു വീണ്ടെടുപ്പിൽ കലാശിച്ചിട്ടുണ്ട്. മണിപ്പൂ രിന്റെ രാഷ്ട്രീയസാംസ്കാരിക സ്വത്വബോധ ത്തിന്റെ പ്രതീകമായി തിരിച്ചറിയപ്പെട്ട ഫനക്ക്, പെൺകുട്ടികളുടെ സ്കൂൾ യൂണി ഫോമായി അടിച്ചേൽപ്പിക്കപ്പെടുമ്പോൾ വളരെ സങ്കീർണ്ണമായ ഇടപെടലുകൾ വേണ്ടി വരുന്നു. സമകാലിക മണിപ്പൂർ സമൂഹത്തിന്റെ സ്വത്വരാഷ്ട്രീയ വ്യവഹാരങ്ങളുടെ ശക്തമായ പ്രതീകമായി ഫനക്ക് മാറുന്നു.

സോണിയയുടെ സ്വാനുഭവത്തിൽ ഊന്നി നിന്നുകൊണ് അനവധി ആശയലോകങ്ങളിലേക്ക് വിടരുന്ന ഈ ചിത്രം വ്യക്തിയും സമഷ്ടിയും തമ്മി ലുള്ള  പരസ്പര്യത്തിന്റെ നിഗൂഢതകളുടെ ആഴ ങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നു. ജാമിയ മിലിയ ഇസ്ലാ മിയ സർവകലാശാലയിൽ നിന്ന് ബിരുദാനന്തര ബിരുദമുള്ള സോണിയ ആദ്യം സംവിധാനം ചെയ്ത Gun and a God എന്ന ചിത്രവും രാജ്യാന്തര ചലച്ചിത്ര മേളകളിൽ ശ്രദ്ധിക്കപ്പെട്ടതാണ്. Bloody Phanek കേരളത്തിലെ സൈൻസ് മേളയിലും പ്രദർ ശിപ്പിക്കപ്പെട്ടിരുന്നു. വടക്കു കിഴക്കൻ പ്രദേശ ങ്ങളുടെ ശക്തമായ അനുഭവബിംബങ്ങളുമായി സ്വന്തം പ്രൊഡക്ഷൻ ഹൗസുള്ള ഈ സംവിധാ യിക ഡോക്യുമെന്ററി ലോകത്തിന് ഒരു മുതൽ ക്കൂട്ടാണ്.

■

**കവിത**



# യുദ്ധം



എയില ബൗദ്ധ്

യുദ്ധമാണിപ്പോഴുമതിർത്തിയിൽ
ചുടുചോര തൻ മണമുള്ള യുദ്ധം
കൊടുമഞ്ഞ് പെയ്യുന്ന മലയുടെ
താഴത്ത് യുദ്ധം മണക്കുന്ന കാറ്റ്...
കാതിൽ നിറയെ പൊട്ടുന്ന തോക്കുകൾ
ബോംബുകൾ, വിമാനങ്ങളൊക്കെയുണ്ട്
ഇടക്കിടെയെപ്പോഴോ കേൾക്കാം....
നിസ്സഹായർ തൻ നിലവിളികൾ....
ചോര മണക്കുന്ന താഴ്‌വരയൊക്കെയും
നിശബ്ദത തൻ പുതപ്പ് മാറ്റി
ആർത്തലച്ച് കരയുന്നോരമ്മ തൻ
തേങ്ങലെന്നുള്ളിൽ കേട്ടിടുന്നു.
ഒന്നല്ലൊരായിരം തേങ്ങലുകൾ
അപ്പുറമിപ്പുറം ഭേദമില്ലാത്താർത്തനാദങ്ങൾ
പിടയുന്ന പൈതലെ മാറോടടുക്കി
ഇപ്പുറത്തമ്മ കരഞ്ഞിടുന്നു
ചലനം നിലച്ചോരു പൈതലെ
ച്ചേർത്തപ്പുറത്തമ്മ കരഞ്ഞിടുന്നു
എവിടെയോ നിന്ന് മാറി ചിരിക്കുന്നു
വന്യമൃഗങ്ങൾ, ശവം തീനികൾ...

*രണ്ടര വയസു മുതൽ അമ്മയുടെ അമ്മൂമ്മ പാടിക്കൊടുത്തിരുന്ന ഇടനാടൻ പാട്ടുകൾക്കൊപ്പം ചൊൽപ്പാട്ട് പാടിയാണ് കവിതയുടെ ലോകത്തേയ്ക്ക് എയ്‌ല കടന്നുവന്നത്. പിന്നീടത് എഴുത്തായി വികസിച്ചു. അതിൽ പ്രമുഖ അംബേദ്കറൈറ്റും, വെൽഫെയർ പാർട്ടിയുടെ ദേശീയ ജനറൽ സെക്രട്ടറിയുമായ അംബു ജാക്ഷന്റെയും, കായംകുളം ഗവർണ്മെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപിക മിനിമോൾ ടി യുടെയും പ്രോത്സാഹനം വലിയൊരു ഘടകം തന്നെയാണ്. എയ്‌ലയുടെ കവിതകൾ എന്ന പേരിൽ കവിതാ സമാഹാരം ഇറക്കിയിട്ടുണ്ട്. സംസ്ഥാന ശിശുക്ഷേമ സമിതിയുടെ ഏറ്റവും പ്രായം കുറഞ്ഞ എഴുത്തുകാരിക്കുള്ള പ്രത്യേക പുരസ്കാരം എയ്‌ലയ്ക്കു ലഭിച്ചിട്ടുണ്ട്. കവിതയ്ക്കു പുറമെ പ്രസംഗം, കരാട്ടെ, ചിത്രരചന എന്നിവയിലും കഴിവ് തെളിയിച്ചിട്ടുണ്ട് എയ്‌ല. കവിതയിലുടനീളം ഭൂമിയുടെ രാഷ്ട്രീയമടക്കമുള്ള നിലപാടുകൾ കൊണ്ടുവരാറുണ്ട് എയ്‌ല എന്നുള്ളത് ശ്രദ്ധേയമാണ്. രോഹിത് വെമുലയെപ്പറ്റി എയ്‌ല എഴുതിയ കവിത രോഹിതിന്റെ അമ്മ രാധിക വെമുലയുടെ സാന്നിധ്യത്തിൽ നാഗ്പൂരിൽ വച്ച് എയ്‌ല ചൊല്ലിയിരുന്നു. ആൾക്കൂട്ടവിചാരണ നടത്തി കൊന്നുകളഞ്ഞ മധുവിനെപ്പറ്റിയും എയ്‌ല കവിത എഴുതിയിരുന്നു. എയ്‌ലയുടെ പുസ്തകം തമിഴിലേയ്ക്ക് വിവർത്തനം ചെയ്യാനുള്ള തയ്യാറെടുപ്പുകൾ നടക്കുന്നു. തന്റെ രണ്ടാമത്തെ പുസ്തകം പുറത്തിറക്കാനുള്ള ശ്രമത്തിലാണ് കായംകുളം ഗവർണ്മെന്റ് ഗേൾസ് ഹയർ സെക്കന്ഡറി സ്കൂളിലെ ഏഴാം ക്ലാസ് വിദ്യാർത്ഥിനിയായ എയ്‌ല.*

# അന്താരാഷ്ട്ര സ്ത്രീദിനം





2019 മാർച്ച് 8ന് അന്വേഷി അന്താരാഷ്ട്ര സ്ത്രീദിനം ഷോർട്ട് സ്റ്റേ ഹോമിലെ സ്ത്രീക ളോടൊപ്പം ആചരിച്ചു. അന്വേഷി സ്റ്റാഫംഗങ്ങളെ ല്ലാവരും ഷോർട്ട് സ്റ്റേ ഹോമിൽ ഒത്തു ചേർന്നു. അജിയേച്ചി സ്ത്രീദിനത്തിന്റെ പ്രാധാന്യത്തെ ക്കുറിച്ച് വിശദീകരിച്ചു. സ്ത്രീ സംഘടനകൾ എല്ലാം സ്ത്രീദിനം വിപുലമായി ആചരിക്കുന്നു ണ്ടെന്ന് അജിത പറഞ്ഞു. പിന്നീട് എല്ലാവരും കലാപരിപാടികൾ അവതരിപ്പിച്ചു. എല്ലാവരും ചേർന്ന് ഭക്ഷണം കഴിച്ചു. ഷോർട്ട്സ്റ്റേ ഹോമിൽ ഉള്ള അന്തേവാസികൾ അവരുടെ അനുഭവ ങ്ങൾ പങ്കുവെച്ചു. സമൂഹത്തിലും വീട്ടിലും നിരാശ്രയത്വം അനുഭവിക്കേണ്ടി വരുമ്പോൾ ആശ്രയിക്കാൻ അന്വേഷിയുടെ കൈത്താങ്ങ് ഉണ്ട് എന്നുള്ളത് അതിക്രമങ്ങൾക്കെതിരെ നിലനിൽക്കാൻ തങ്ങൾക്ക് കരുത്ത് നൽകുന്നു ണ്ടെന്ന് അവർ പറഞ്ഞു.

# സമഗ്ര സംഭാവന പുരസ്കാര സമർപ്പണം



2019 മാർച്ച് 9ന് തൃശ്ശൂർ സാഹിത്യ അക്കാദമി ഓഡി റ്റോറിയത്തിൽ വെച്ച് കേരള സാഹിത്യ അക്കാദമിയുടെ 2017ലെ സമഗ്ര സംഭാവനാ പുരസ്കാരം കേരള സാംസ്കാരിക വകുപ്പ് മന്ത്രി എ.കെ.ബാലൻ അന്വേഷി പ്രസിഡണ്ട് കെ.അജിതയ്ക്ക് സമ്മാനിച്ചു. സാഹിത്യ അക്കാ ദമിയുടെ വാർഷിക സമ്മേ ളനം സാംസ്കാരിക വകുപ്പ് മന്ത്രി എ.കെ.ബാലൻ നിർവ ഹിച്ചു. കൃഷിവകുപ്പ് മന്ത്രി വി. എസ്. സുനിൽ കുമാർ മുഖ്യാ തിഥി ആയിരുന്നു. ഡോ. കെ. പി. മോഹനൻ സ്വാഗതം ആശംസിച്ചു. വൈശാഖൻ അദ്ധ്യക്ഷനായിരുന്നു.

ശാസ്ത്രം

സീമ ശ്രീലയം

പ്രമുഖ ശാസ്ത്ര ലേഖിക, നിരവധി ബഹുമതികൾക്ക് ഉടമ



# ലുലുവും നാനയും ഹി ജിയാൻകുയിയും

ലുലു, നാന, ഹീ ജിയാൻകുയി ശാസ്ത്ര രംഗത്തും മാധ്യമങ്ങളിലും കുറച്ചു മാസങ്ങളായി ആവർത്തിച്ചു കാണുകയും കേൾക്കുകയും ചെയ്തു കൊണ്ടിരിക്കുന്ന പേരുകൾ. ക്രിസ്പർ ജീൻ എഡിറ്റിങ് സങ്കേതത്തിലൂടെ പിറവിയെടുത്ത ഇരട്ടപ്പെൺ കുഞ്ഞുങ്ങളാണ് ലുലുവും നാനയും. കൗതുകത്തിനും അമ്പരപ്പിനും അപ്പുറം ഒട്ടേറേ ധാർമ്മിക നൈതിക ചോദ്യങ്ങളും ആശങ്കകളും ഉയർത്തി വിടുന്ന ഈ ജീൻ എഡിറ്റിങ് പരീക്ഷണം നടത്തിയത് ചൈനയിലെ ഷെൻസെനിലുള്ള സതേൺ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി ഗവേഷകനായ ഹീ ജിയാൻകുയിയാണ്. ഹോങ്കോങ്ങിൽ ഈയിടെ നടന്ന അന്താരാഷ്ട്ര ജീനോം എഡിറ്റിങ് ഉച്ചകോടിയുടെ തലേദിവസം തന്റെ ജീൻ എഡിറ്റിങ് പരീക്ഷണങ്ങളെക്കുറിച്ച് അദ്ദേഹം നടത്തിയ വെളിപ്പെടുത്തലുകൾ ശാസ്ത്രലോകത്ത് വൻ വാഗ്വാദങ്ങൾക്കും വിവാദങ്ങൾക്കും തിരികൊളുത്തിക്കഴിഞ്ഞു. ഇതേത്തുടർന്ന് ചൈനീസ് ഗവൺമെന്റ് ഈ ശാസ്ത്രജ്ഞന് ഗവേഷണങ്ങൾക്കുള്ള അനുമതി നിഷേധിക്കുന്നതു വരെയെത്തി കാര്യങ്ങൾ.



എച്ച് ഐ വിയെ ചെറുക്കാൻ കഴിവുള്ള കുഞ്ഞുങ്ങളുടെ സൃഷ്ടിക്കായി ഭ്രൂണ വളർച്ചയുടെ ആദ്യഘട്ടത്തിൽ തന്നെ രക്തകോശങ്ങളിൽ ജീൻ എഡിറ്റിങ് നടത്തുകയും ശ്വേതരക്താണുക്കളുടെ ഉപരിതലത്തിലെ CCR5 ജീൻ ഒഴിവാക്കുകയും ചെയ്തു എന്നാണ് ജിയാൻ കുയിയുടെ വെളിപ്പെടുത്തൽ. CCR5 നിർമ്മിക്കുന്ന പ്രോട്ടീൻ ആണ് എച്ച് ഐ വി രോഗാണുക്കൾക്ക് കോശത്തിനുള്ളിലേക്കുള്ള പ്രവേശനം എളുപ്പമാക്കുന്നത്. അപ്പോൾ ഈ ജീൻ ഇല്ലാത്ത കോശങ്ങൾക്ക് എച്ച് ഐ വി ബാധ ചെറുക്കാൻ കഴിയും!

എന്നാൽ CCR5 ജീനും ഓർമ്മശക്തിയും തമ്മിൽ ബന്ധമുണ്ട് എന്ന് തങ്ങളുടെ ഗവേഷണങ്ങളിലൂടെ തെളിഞ്ഞിട്ടുണ്ടെന്ന അവകാശ വാദവുമായി രംഗത്തെത്തിയിരിക്കുകയാണ് കലിഫോർണിയ യൂണിവേഴ്സിറ്റിയിലെന്യൂറോബയോളജിസ്റ്റായ ആൽസിനോ ജെ. സിൽവ. ഇവരുൾപ്പെട്ട ഗവേഷക സംഘം എലികളിൽ സിസിആർ 5 ജീൻ നീക്കം ചെയ്തു നടത്തിയ പരീക്ഷണങ്ങളുടെ ഫലം അമ്പരപ്പിക്കുന്നതായിരുന്നു. ഈ എലികളിൽ ഓർമ്മ ശക്തി കൂടുതലാണെന്നും പക്ഷാഘാതത്തിനു ശേഷവും ഇവയുടെ മസ്തിഷ്ക്കം വേഗത്തിൽ പൂർവ്വാവസ്ഥയിലേക്ക് എത്തുന്നുവെന്നും ഗവേഷകർ കണ്ടെത്തി! അപ്പോൾ ലുലുവിലും നാനയിലും ഭ്രൂണാവസ്ഥയിൽ ത്തന്നെ മസ്തിഷ്ക്ക പരിഷ്ക്കരണവും മെച്ചപ്പെടലും സംഭവിച്ചിരിക്കാം എന്നാണ് ഇവർ ചൂണ്ടിക്കാണിക്കുന്നത്.

എച്ച് ഐ വി ബാധയെ ചെറുക്കാൻ ശേഷിയുള്ള കുഞ്ഞുങ്ങളെ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെയാണ് താൻ ജീൻ എഡിറ്റിങ് നടത്തിയതെന്ന് ജിയാൻകുയി ആവർത്തിച്ചു പറയുമ്പോഴും സിസിആർ 5 ജീനും ഓർമ്മ, ബുദ്ധി എന്നിവയുമായുള്ള

ബന്ധം അദ്ദേഹത്തിന് അറിയാമായിരുന്നു എന്ന് പല ശാസ്ത്രജ്ഞരും ഉറച്ചു വിശ്വസിക്കുന്നു. അങ്ങനെയെങ്കിൽ രോഗപ്രതിരോധ ശേഷിക്കൊപ്പം മികച്ച മസ്തിഷ്ക്ക ശേഷികൾ ഉള്ള ഡിസൈനർ ശിശുക്കൾ തന്നെയാവും ലുലുവും നാനയും. ജനിതക രോഗങ്ങളെ ചെറുക്കുക എന്ന ലക്ഷ്യത്തോടെ പല ലാബുകളിലും ക്രിസ്പർ ജീൻ എഡിറ്റിങ് പരീക്ഷണങ്ങൾ നടക്കുന്നുണ്ട്. ഇതിന്റെ മറവിൽ നിയമങ്ങളെല്ലാം കാറ്റിൽപ്പറത്തിക്കൊണ്ട് എല്ലാം തികഞ്ഞ ഡിസൈനർ ശിശുക്കൾ പിറവിയെടുത്തേക്കും എന്ന ആശങ്ക ശക്തമായിക്കൊണ്ടിരിക്കുകയാണ്.

ഭ്രൂണാവസ്ഥയിലുള്ള ജനിതക പരിഷ്ക്കരണം (ജേം ലൈൻ എഞ്ചിനീയറിങ്) വിമർശന വിധേയമാവാനുള്ള ഒരു കാരണം ഇത്തരം മാറ്റങ്ങൾ അടുത്ത തലമുറയിലേക്ക് കൈമാറ്റം ചെയ്യപ്പെടും എന്നതു തന്നെ. യു.എസ് അടക്കം പല രാജ്യങ്ങളിലും മനുഷ്യ ഭ്രൂണങ്ങളിൽ നടത്തുന്ന ജനിതക മാറ്റങ്ങൾക്ക് കർശന വിലക്കുകളുണ്ട്. ഈ പരീക്ഷണം തികച്ചും അധാർമ്മികമാണെന്ന് ചൈനീസ് സൊസൈറ്റി ഫോർ സെൽ ബയോളജിയും പ്രസ്താവന ഇറക്കിക്കഴിഞ്ഞു. ഭ്രൂണാവസ്ഥയിൽ തന്നെ സ്വന്തം കുഞ്ഞിന്റെ ഭാവി തീരുമാനിക്കാനുള്ള അവസരം മാതാപിതാക്കൾക്ക് ലഭിച്ചാൽ ഉണ്ടാവുന്ന പൊല്ലാപ്പുകൾ ചില്ലറയൊന്നുമല്ല. ഒരു വ്യക്തിയുടെ ഭാവി ഭ്രൂണാവസ്ഥയിൽത്തന്നെ തീരുമാനിക്കപ്പെടുമ്പോൾ സ്വയം തെരഞ്ഞെടുപ്പിനുള്ള അവകാശം കൂടിയാണ് ഹനിക്കപ്പെടുന്നത്. എല്ലാം തികഞ്ഞവരും ഒന്നിനും കൊള്ളാത്തവരും എന്ന വലിയ അന്തരത്തിലേക്ക് സമൂഹത്തെ എത്തിക്കാനേ ഈ അഭിനവ യൂജനിക്സ് ഉപകരിക്കൂ എന്ന കാര്യവും ഒരു വിഭാഗം ശാസ്ത്രജ്ഞരും ബയോ എത്തിക്സ് വിദഗ്ധരും ചൂണ്ടിക്കാണിക്കുന്നു.

■

---

## കാർട്ടൂൺ

കടപ്പാട് : ഇന്റർനെറ്റ്






Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kalady-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara

# ജീവ ജനാർദ്ദനൻ




ജീവ ജനാർദ്ദനൻ

**ഞാ**വൽപ്പഴങ്ങൾ എന്ന ഷോർട് ഫിലിം സംവിധാനം ചെയ്താണ് ജീവ ഈ രംഗത്തേയ്ക്ക് കടന്നു വന്നത്. കറുപ്പ് പച്ച പോലെ, നീല പോലെ ഒരു നിറം മാത്രമാണെന്നും, അശുഭ സൂചകമായി മറ്റൊന്നുമതിലില്ല എന്നും ചെറുപ്പത്തിൽ തന്നെ മുതിർന്നവർ ആണ് കറുപ്പിനെ വെറുക്കാൻ പഠിപ്പിക്കുന്നതെന്നുമുള്ള ആശയം വ്യക്തമാക്കുന്നതായിരുന്നു ഞാവൽപ്പഴങ്ങൾ എന്ന സിനിമയുടെ തീം. നോയിഡ ഫെസ്റ്റിവൽ എൻട്രി ലഭിച്ച ഞാവൽപ്പഴങ്ങൾക്കു ബാംഗ്ലൂർ ഫെസ്റ്റല്ലൻ ഫെസ്റ്റിൽ നിന്നും സിനിമോട്ടോഗ്രാഫിക്കും, സ്റ്റോറിക്കും അവാർഡ് കിട്ടിയിരുന്നു. ഇപ്പോഴും വിവിധ ഫിലിം ഫെസ്റ്റിവലുകളിലും, സാംസ്കാരിക വേദികളിലും ഞാവൽപ്പഴങ്ങൾ പ്രദർശിപ്പിക്കുന്നുണ്ട്. റിക്ടർ സ്കെയിൽ എന്ന രണ്ടാമത്തെ ചിത്രം ഫീച്ചർ ഫിലിം ആയിരുന്നു. ഭൂമിയുടെ രാഷ്ട്രീയം ആയിരുന്നു പ്രസ്തുത സിനിമയുടെ കഥാതന്തു. നോയിഡ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ ജീവയ്ക്കു debut ഫിലിം ഡയറക്ടർ അവാർഡ് ലഭിച്ചിരുന്നു. ഇന്ത്യയിൽ തന്നെ ആദ്യമായി നടത്തിയ ഫോക് ഫിലിം ഫെസ്റ്റിവലിൽ റിക്ടർ സ്കെയിലിനു സെലക്ഷൻ ലഭിച്ചിരുന്നു. ഒറ്റപ്പാലം ഫിലിം ഫെസ്റ്റ്, കാഴ്ച ഫിലിം ഫെസ്റ്റ്, അടൂർ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റ് എന്നിവിടങ്ങളിൽ ഈ സിനിമ പ്രദർശിപ്പിച്ചിരുന്നു. മലയാള സിനിമ എന്നും എപ്പോഴും അകറ്റി നിർത്തിയിരുന്ന ദലിത് വിഭാഗങ്ങൾക്കിടയിൽ നിന്നും ഉയർന്നു വന്ന ജീവ തന്റെ സിനിമയിൽ വിഷയമാക്കുന്നത് പാർശ്വവല്കൃത വിഷയങ്ങൾ തന്നെയാണ്. സിനിമയിലൂടെ തന്റേതായ നിലപാടുകൾ സമൂഹത്തോട് സംവദിക്കുവാൻ ജീവയ്ക്ക് സാധിച്ചിട്ടുണ്ട്. ഇപ്പോൾ സംഗീത സംവിധായകൻ കൂടിയായ ഭർത്താവ് നിഷാന്ത് പുന്നാട്ട് തിരക്കഥ എഴുതിയ സിനിമയുടെ സംവിധാനം ചെയ്യുന്നതിനുള്ള തയ്യാറെടുപ്പിലാണ്. ജീവ നേരത്തേ ചെയ്ത രണ്ടു ചിത്രങ്ങൾക്കും പശ്ചാത്തല സംഗീതം നിർവഹിച്ചത് നിഷാന്ത് ആയിരുന്നു. മുൻ സിനിമകൾ സമാന്തര പശ്ചാത്തലത്തിൽ നിന്നാണ് ചെയ്തതെങ്കിൽ ഈ ചിത്രം തികച്ചും കൊമേർസ്യൽ ആയിരിക്കുമെന്ന് ജീവ അറിയിച്ചു

# ലീല സന്തോഷ് (സംവിധായിക)



ലീല സന്തോഷ്

**1994** ൽ കെ ജെ ബേബി പനമരത്തു സ്ഥാപിച്ച കനവ് ആണ് ലീലയിലെ സംവിധാനമോഹത്തെ പുറത്തെടുത്തത്. ആദ്യം ഡോക്യുമെന്ററിയിൽ തുടങ്ങിയ ലീല ഇപ്പോൾ ചെയ്യുന്നത് വിനായകനെ നായകൻ ആക്കിയുള്ള കരിന്തണ്ടൻ എന്ന ചിത്രമാണ്. ബ്രിട്ടീഷുകാരെ വയനാടൻ ചുരം നിർമ്മിക്കാനുള്ള പാത കാണിച്ചുകൊടുത്ത കരിന്തണ്ടനെ അവർ തന്നെ പിന്നീട് കൊലപ്പെടുത്തുകയാണുണ്ടായത്. സ്വന്തം അനുഭവ പരിസരങ്ങളിൽ തന്നെ ഉണ്ടായിരുന്ന ഈ കഥ സ്ക്രിപ്റ്റ് ആക്കിയശേഷം രാജീവ് രവിയെ കാണിക്കുകയാണുണ്ടായത്. കഥ ഇഷ്ടമായ രാജീവ് രവി കളക്റ്റീവ് ഫേസ് വൺ കൂട്ടായ്മയിൽ ലീലയെ ചേർത്തു. നിശ്ചയമായും ഇന്ത്യൻ ചലച്ചിത്ര ലോകത്തു തന്നെ വലിയൊരു ചർച്ചയ്ക്കു വഴി ഒരുക്കും ഈ ചിത്രം. ഈ ചിത്രം ചെയ്യുക എന്നത് ലീലയുടെ ഉത്തരവാദിത്തം ആയിത്തന്നെ അവർ കരുതുന്നു. മിത്തിൽ ഒളിഞ്ഞിരിക്കുന്ന കരിന്തണ്ടൻ എന്നതിലുപരി അദ്ദേഹം യഥാർത്ഥത്തിൽ എന്തായിരുന്നു എന്ന് കാണിക്കാൻ പ്രസ്തുത ചിത്രത്തിന് സാധിക്കും എന്ന് കരുതുന്നു.



## ഗിന്നി മാഹി

**അംബേദ്കറുടെ സന്ദേശങ്ങൾക്ക് ഗാനാവിഷ്ക്കാരം നടത്തിക്കൊണ്ട് ദലിത് രാഷ്ട്രീയത്തെ സംഗീത ലോകത്തേക്ക് ശക്തമായി പ്രവേശിപ്പിച്ചു പഞ്ചാബ് സ്വദേശി ഗിന്നി മാഹി**



## സുജാത ഗിഡ്‌ല

**2017ൽ പ്രസിദ്ധീകരിച്ച ഏറെ ശ്രദ്ധിക്കപ്പെട്ട തന്റെ ആദ്യ പുസ്തകമായ 'ആൻറ് സ് എമങ്ങ് എലിഫെന്റ്സ്: എ മെമോയ്ർ എബൗട്ട് ദ് പെസിസ്റ്റൻസ് ഒഫ് കാസ്റ്റ്' ലൂടെ സ്വന്തം ജീവിതത്തിലെ ജാത്യാനുഭവങ്ങളെ വരച്ചു കാട്ടുകയാണ് സുജാത ഗിഡ്‌ല**

# വ്യക്തികൾ, വ



## മാളവിക രാജ്

ബിഹാറിലെ മധുബനി ചിത്രകലാരീതിയിൽ ദലിതർക്ക് വിലക്കപ്പെട്ട താന്ത്രികാവിഷ്ക്കാരം ഏറ്റെടുക്കുകയായിരുന്നു മാളവിക. രചനാ വിഷയങ്ങളുടെ തെരഞ്ഞെടുപ്പിലും തന്റെ രാഷ്ട്രീയം പ്രതിഫലിപ്പിച്ച മാളവിക ബുദ്ധന്റെ ജീവിതത്തെയും ആവിഷ്ക്കരിച്ചു

## ഗായത്രി സുബ്രൻ

തൃശൂർ സ്വദേശിനിയായ ഗായത്രി ഇരുപതാം വയസ്സിൽ ആദ്യത്തെ വനിതാ ദലിത് പൈലറ്റായി





## സജ്ന സജീവൻ

മാനന്തവാടിയിലെ കുറിച്ച്യ ഗോത്രത്തിൽപ്പെട്ട സജ്ന ക്രിക്കറ്റിൽ കേരളത്തിന്റെ T-20 ടീമിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിരിക്കുകയാണ്

# വഴികാട്ടികൾ